യൂണിറ്റ് ഒന്ന്

# കിനാവ്

കിനാവുകളാണ് ലോകത്തെ പരിവർത്തിപ്പിക്കുന്നത്. ഇരുണ്ടരാത്രിയുടെ സ്വപ്നങ്ങളാണ് പുലരിയിൽ പൂക്കളായി വിരിയുന്നതെന്ന് വൈലോപ്പിള്ളി പറയുന്നുണ്ട്. (സ്വപ്നമോ രാക്കിനാവുകളല്ലീ/ സുപ്രഭാതത്തിൻ പൂവുകളെല്ലാം) ഏതൊരു പരിവർത്തനത്തിനുപിന്നിലും എത്രയോ പേരുടെ സ്വപ്നങ്ങളുടെ ഊർജം പ്രേരകമായിട്ടുണ്ട്. ചില വ്യക്തികളുടെ സ്വപ്നങ്ങൾ സമൂഹത്തിനു വലിയ കുതിപ്പുകൾ നൽകാറുണ്ട്. അനീതികളും അസമത്വങ്ങളും ഇല്ലാത്ത ഒരു ലോകം സ്വപ്നം കണ്ടവർ ഭൂമിയിലെല്ലായിടത്തും ഉണ്ടായിരുന്നു. കൗമാരയൗവനങ്ങളാണ് അത്തരം സ്വപ്നങ്ങളുടെ വളക്കൂറുള്ള മണ്ണ്. ചിക്കാഗോയിൽ ലോകത്തെ അഭിസംബോധനചെയ്യുമ്പോൾ വിവേകാനന്ദന് 30 വയസായിരുന്നു. വി.സി.ബാലകൃഷ്ണപണിക്കർ 18-ാം വയസ്സിലാണ് മലബാറി പത്രത്തിന്റെ പത്രാധിപരാകുന്നത്.

ജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും പ്രതീക്ഷകളുമില്ലാത്തവർ ആരുമുണ്ടാകില്ല. ചിലർ തങ്ങളുടെ സ്വപ്നങ്ങളെ വൈയക്തികതയ്ക്കപ്പുറം സാമൂഹികമാക്കി മാറ്റുന്നു. നാരായണഗുരുവും വി.ടി.യുമെല്ലാം കണ്ട അത്തരം സ്വപ്നങ്ങളാണ് ബഹുസ്വരതയെ അംഗീകരിക്കുന്ന, അന്യന്റെ സാമീപ്യത്തെ സ്വാഗതം ചെയ്യുന്ന ഒരു ജനാധിപത്യക്രമത്തിലേക്ക് നമ്മെ നയിച്ചത്.

ഏതൊരു മഹാദൗത്യവും ഒരു കിനാവിൽനിന്ന് ആരംഭിക്കുന്നു. വെല്ലുവിളികളെ അതിജീവിക്കുന്ന സാഹസികതയും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ത്വരയുമൊക്കെ ചേരുമ്പോഴാണ് കിനാവുകൾ യാഥാർത്ഥ്യമായി പരിണമിക്കുന്നത്. ഇത്തരം സ്വപ്നങ്ങളും സാഹസികതയും കൗമാരയൗവനങ്ങൾക്കു സഹജമാണ്. നടന്നു തേഞ്ഞ വഴികളെ അവ നിരാകരിക്കുന്നു.

എന്നാലിന്ന് നമ്മുടെ കൗമാരയൗവനങ്ങളുടെ സ്വപ്നങ്ങളും സാഹസികതയും ഏതൊക്കെ വഴികളിലൂടെയാണ് മുന്നോട്ടുപോകുന്നത്? മറ്റാരൊക്കെയോ ഉൽപാദിപ്പിക്കുന്ന സ്വപ്നങ്ങളുടെയും ലക്ഷ്യബോധമില്ലാത്ത സാഹസികതയുടെയും ഇരകളാകേണ്ടവരല്ലല്ലോ പുതുതലമുറ.

കേരളീയ സമൂഹത്തിൽ പ്രണയത്തെ ദിവ്യവും അലൗകികവുമായ ഒരു മൂല്യമായി ഉയർത്തിക്കാട്ടിയത് കുമാരനാശാനാണ്. കാലവ്യതിയാനങ്ങൾക്കനുസരിച്ച് ഈ സങ്കൽപ്പങ്ങളിൽ കലർപ്പുകൾ

കടന്നുകൂടിയിട്ടുണ്ട്. ദൃശ്യലോകം സൃഷ്ടിക്കുന്ന ഒരു മിഥ്യാഭ്രമമായി ഇന്നതു തെറ്റിദ്ധരിക്കപ്പെടുന്നുണ്ടോ? വ്യക്തിമനസ്സിനു പുതിയ വ്യാപ്തികൾ നൽകുന്ന ദർശനമെന്ന നിലയിലല്ലേ അതിനെ തിരിച്ചറിയേണ്ടത്? അത് തികച്ചും വൈയക്തികമായ ഒന്നല്ല. ലോകബോധനവീകരണത്തിനുള്ള കരുവാണ്.

പ്രണയം പോലെതന്നെ കൗമാരയൗവനങ്ങളെ പ്രലോഭിപ്പിക്കുന്നവയാണ് സ്വാതന്ത്ര്യവും സാഹസികതയും. മനുഷ്യൻ സൃഷ്ടിച്ച ചട്ടങ്ങളും വ്യവസ്ഥകളും അവന്റെതന്നെ വികാസത്തിനു തടസ്സമായി മാറാറുണ്ട്. സാമ്പത്തികവും ലിംഗപരവും ജാതീയവുമായ വേലിക്കെട്ടുകൾ ഭേദിക്കപ്പെടണമെങ്കിൽ ചരിത്രത്തെക്കുറിച്ചും വർത്തമാനത്തെക്കുറിച്ചുമുള്ള സൂക്ഷ്മമായ വിശകലനം ആവശ്യമായി വരുന്നു. അതിൽ നിന്നും കിട്ടുന്ന വെളിച്ചമാണ് സ്വാതന്ത്ര്യം എന്ന ആശയത്തെ അർത്ഥവത്താക്കുന്നത്. സമൂഹനിരപേക്ഷമായ അരാജകസ്വപ്നമല്ല സ്വാതന്ത്ര്യം

സമൂഹബോധമെന്നത് കേവലം മനുഷ്യഭാഗധേയത്തെക്കുറിച്ചുള്ള ജാഗ്രതമാത്രമല്ല. വ്യാപകമായ അർത്ഥത്തിൽ അത് നാമുൾപ്പെടുന്ന പ്രപഞ്ചത്തെക്കുറിച്ചുള്ള ബോധം തന്നെയാണ്. പ്രപഞ്ചബോധമെന്നത് മനുഷ്യന് തന്റെ വേരുകളെക്കുറിച്ചുള്ള തിരിച്ചറിവാണ്. പ്രകൃതിയുടെ നിഗൂഢതകളിലേക്കുള്ള സാഹസികമായ അന്വേഷണം ഈ പ്രപഞ്ചബോധത്തിൽനിന്നാണ് ആരംഭിക്കുന്നത്. അതേസമയം തന്നെ പുതിയ കാലം പ്രദർശിപ്പിക്കുന്ന വന്യമായ ആക്രമണോത്സുകതയെ പ്രതിരോധിക്കാനുള്ള മനക്കരുത്തും നാം ആർജിക്കേണ്ടതുണ്ട്.

കൗമാരകാലത്തിന്റെ പ്രവണതകളിൽ ചിലതിനെ -പ്രണയം (സന്ദർശനം) സ്വാതന്ത്ര്യബോധം (ഓർമ്മയുടെ ഞരമ്പ്) സാഹസികത (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) ചെറുത്തുനിൽപ്പ് (മത്സ്യം) - അഭിസംബോധന ചെയ്യുന്ന രചനകളാണ് ഈ യൂണിറ്റിലുൾപ്പെടുത്തിയിരിക്കുന്നത്.

### പ്രവേശക പ്രവർത്തനം

കുട്ടികളെ പ്രചോദിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്ത വ്യക്തിത്വങ്ങൾ ആരെല്ലാമാണെന്ന ചോദ്യത്തോടെ പ്രവർത്തനം ആരംഭിക്കാം: കുട്ടികൾക്ക് നേരിട്ട് പരിചയമുള്ളവരോ ചരിത്രപുരുഷന്മാരോ ആകാം.

അവരുടെ ഏതേത് ഗുണങ്ങളാണ് കുട്ടികളെ ആകർഷിച്ചതെന്ന് വിശദീകരിക്കട്ടെ.

സമൂഹത്തെ ഗുണപരമായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നവരെയാണ് ചരിത്രം ഓർത്തുവയ്ക്കുന്നത്. അവർക്ക് വലിയ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കി മാറ്റാനുള്ള തീവ്രശ്രമവും അവർ നടത്തിയിരുന്നു.

ഈ ആശയധാരണയുടെ പശ്ചാത്തലത്തിൽ ജോനാഥനെന്ന കടൽക്കാക്കയെക്കുറിച്ചുള്ള നോവലിലെ ഭാഗം അവർ വായിക്കട്ടെ.

ജോനാഥൻ മറ്റു കടൽക്കാക്കകളിൽ നിന്നും വ്യത്യസ്തനാകുന്നതെങ്ങനെ?

- പരിമിതികളെ മറികടക്കാനുള്ള ആഗ്രഹം.

- പുതിയ സാധ്യതകൾ കണ്ടെത്താനുള്ള ശ്രമം.
- സ്വാതന്ത്ര്യദാഹം/മഹത്തായ സ്വപ്നങ്ങൾ.
- വൈയക്തികമായ നേട്ടങ്ങൾക്കപ്പുറം തന്റെ സമൂഹത്തെ പരിവർത്തിപ്പിക്കണമെന്ന ചിന്ത.

ഇത്തരത്തിലുള്ള ആശയങ്ങൾ ചർച്ചയിൽ ഉയർന്നുവരാം.

നാമിന്ന് അനുഭവിക്കുന്ന പല സ്വാതന്ത്ര്യങ്ങൾക്കും സൗഭാഗ്യങ്ങൾക്കും പിന്നിൽ പല വ്യക്തികളുടെയും ധീരമായ തുടക്കങ്ങളുണ്ട്.

- മാറുമറയ്ക്കലിനു നേതൃത്വം കൊടുത്ത സ്ത്രീകൾ
- വിധവാവിവാഹം, പന്തിഭോജനം, ക്ഷേത്രപ്രവേശനം
- പൊതുവഴിയിലൂടെയുള്ള അവർണരുടെ ആദ്യസഞ്ചാരം
- പുതിയ കണ്ടുപിടിത്തങ്ങൾ

പുതിയ വഴിപ്പെട്ടുന്നവർ സമൂഹത്തിന്റെ മുഴുവൻ പ്രതിഷേധത്തിനും (കക്കാടിന്റെ വഴിവെട്ടുന്നവരോട് ഓർക്കുക) എന്നാൽ ഇവർ നിർമ്മിക്കുന്ന വഴികളിലൂടെയാണ് ലോകം പിന്നീട് സഞ്ചരിക്കാറുള്ളത്.

വൈയക്തികമായ കിനാവുകൾക്കപ്പുറം ലോകജീവിതത്തെ സംബന്ധിച്ച മഹത്തായ സ്വപനങ്ങൾ കാണാൻ നമുക്കു കഴിയണം. ഭാവിലോകത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളാണ് നമ്മുടെ ജീവിതത്തെ അർത്ഥവത്താക്കുന്നത്.




## ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ

റിച്ചാർഡ് ബാഷിന്റെ ലോകപ്രശ്തമായ ചെറു നോവലാണ് ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ.

ജോനാഥൻ മറ്റുകടൽക്കാക്കകളിൽ നിന്നും വ്യത്യസ്തനായിരുന്നു. കടൽക്കരയിൽ മത്സ്യാവശിഷ്ടങ്ങൾക്കുവേണ്ടി അലഞ്ഞുതിരിയുന്ന ജീവിതത്തിൽ അവനു തൃപ്തി തോന്നിയില്ല. ചിറകുകൾ പറക്കാനുള്ളതാണ്. അവൻ കടൽവിതാനത്തിനു മുകളിലെ ആകാശത്തിന്റെ അതിർത്തിയില്ലാത്ത ഉയരങ്ങൾ കീഴടക്കാൻ ആഗ്രഹിച്ചു. ആകാശയാത്രയുടെ ഉല്ലാസത്തിൽ അവൻ സ്വയം മറന്നു. മാതാപിതാക്കളുടെ അനുനയത്തിനോ കൂട്ടുകാരുടെ നിർബന്ധത്തിനോ അവൻ വഴിപ്പെട്ടില്ല. സമുദായനീതിയെ അൻ കൂട്ടാക്കിയില്ല. ജോനാഥൻ ഒറ്റപ്പെട്ടു. തന്റെ സമുദായത്തിൽ നിന്നും പുറന്തള്ളപ്പെട്ടു.

ഒരു ദിവസം പറക്കലിനിടയിൽ അവൻ രണ്ടു കടൽക്കാക്കകളെ പരിചയപ്പെടുന്നു. ജീവിതത്തിന്, നിലനിൽപ്പിന് മറ്റൊരർത്ഥവും മാനവുമുണ്ടെന്ന് അവർ ജോനാഥനോട് പറയുന്നു. ലക്ഷക്കണക്കിന് കടൽക്കാക്കകളിൽനിന്നും വ്യത്യസ്തനാവുക. വലിയ നിശ്ചയ

## സന്ദർശനം

### പാഠാപഗ്രഥനം

സമൂഹത്തിൽ കവിതയ്ക്കുള്ള സ്വീകാര്യതയും സ്വാധീനവും ഏറിയും കുറഞ്ഞും വന്ന സന്ദർഭങ്ങളുണ്ടായിരുന്നു. പ്രാചീനകവിത്രയത്തിനുശേഷം മലയാളകവിത പുതുപ്രവണകളുടെ വെളിച്ചത്തിൽ ജനകീയമായിത്തീർന്നത് ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ പ്രതിഭകളുടെ കടന്നുവരവോടെയാണ്. സമപ്രഭാവന്മാരായ ഇവരിൽ ആശാന്റെ ഭാവപ്രപഞ്ചം അതുവരെ മലയാളിക്ക് അപരിചിതമായ മേഖലയായിരുന്നു.

വൈയക്തിക പ്രണയത്തിന്റെ തീക്ഷ്ണതയെന്തെന്ന് മലയാളി അറിയുന്നത് പിന്നീടുവന്ന ഇടപ്പള്ളിക്കവികളിലൂടെയാണ്. നിയോക്ലാസിസത്തിന്റെ എല്ലാ മാമൂലുകളും വെടിഞ്ഞ് വികാരാത്മകമായ ഒരു കാല്പനിക കാവ്യഭാഷ പ്രത്യക്ഷമാകുന്നത് ഇവരിലാണ്. ചങ്ങമ്പുഴയും ഇടപ്പള്ളിയും പ്രണയസാന്ദ്രമായ നൈരാശ്യവും വിരഹവും വൈകാരികതയുമെല്ലാം മധുരോദാരമായ അനുഭൂതി പ്രപഞ്ചമാക്കി മാറ്റി. മലയാള കവിതയിൽ ആധുനികത ജ്വലിച്ചുനിന്ന ഘട്ടത്തിലും പ്രണയവും വിരഹവും നിരവധി കവിതകൾക്ക് പ്രമേയമായിട്ടുണ്ട്. അയ്യപ്പപണിക്കരുടെ 'പകലുകൾ രാത്രികളി'ലെ 'സന്ധ്യാഖണ്ഡം', സച്ചിദാനന്ദന്റെ 'ആത്മഗീത' തുടങ്ങിയ കവിതകൾ ഇതിനുദാഹരണമാണ്. എന്നാൽ പ്രണയത്തിന്റെ ഒരു വിശാല ഭൂപടം ഒരുങ്ങുന്ന കാഴ്ച ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലാണ് നാം കാണുന്നത്. ആധുനിക കാലത്തിന്റെ അസ്തിത്വവ്യഥകളിൽ



ങ്ങളുടെ ഉയരങ്ങളിലേക്ക് പറന്നുകയറുക. സുള്ളിവൻ അവനോട് പറഞ്ഞു. ശിയാങ് അവന് സാഹസികവും ബുദ്ധിമുട്ടേറിയതുമായ പുതിയ പറക്കൽ പാഠങ്ങൾ പകർന്നു കൊടുത്തു. നിറഞ്ഞ ആവേശത്തോടെ, നിരന്തരമായ പരിശ്രമത്തിലൂടെ അവൻ ആരുമറിയാത്ത ഉയരങ്ങൾ കീഴടക്കി.

ജോനാഥൻ അവനെ തിരസ്കരിച്ച കടൽക്കാക്കകളിലേക്ക് പിന്നീട് തിരിച്ചുവരുന്നു. അവരുടെ അളിഞ്ഞഴുകിയ ജീവിതവ്യവസ്ഥയോട് ഒത്തുതീർപ്പിൽ എത്താനല്ല, പുതിയ തലമുറയെ ചിറകുകളുടെ മായിക ശക്തിയെക്കുറിച്ചറിയിക്കാൻ, പറക്കലിന്റെ വിസ്മയം ബോധ്യപ്പെടുത്താൻ. തന്നെ അവഗണിച്ച സമൂഹത്തിൽ ജോനാഥന് ശിഷ്യരുണ്ടായി. ആകാശവിതാനത്തിലേക്ക് കടൽക്കാക്കകളുടെ പുതിയപറ്റം ഉയർന്നു പറക്കാൻ തുടങ്ങി. ജോനാഥനാകട്ടെ ഏകാന്തമായ തന്റെ ആകാശയാത്രയിലേക്ക് തിരിച്ചു പറന്നു.

**റിച്ചാർഡ് ബാഷ്**

ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ എന്ന കൃതിയിലൂടെ പ്രസിദ്ധനായ അമേരിക്കൻ എഴുത്തുകാരനാണ് റിച്ചാർഡ് ബാഷ് (ജനനം ജൂൺ 23, 1936) അദ്ദേഹം ജെറ്റ് വിമാനത്തിന്റെ പൈലറ്റായിരുന്നു. 1970 ൽ ആണ് ജോനാഥനെക്കുറിച്ചുള്ള നോവൽ പ്രസിദ്ധീകരിച്ചത്. ലോകത്തുടനീളം ഈ നോവലിന് ലക്ഷക്കണക്കിന് വായനക്കാരുണ്ടായി. 1973 ൽ ജോനാഥന്റെ കഥ സിനിമയാവുകയുമുണ്ടായി.

നിന്നുമുള്ള സ്വപ്നാത്മകമായ ഒരു അഭയമായി ബാലചന്ദ്രന്റെ കവിതകളിൽ പ്രണയാവസ്ഥകളും പ്രണയിനികളും കടന്നുവന്നു. സ്വയം കുത്തിമുറിവേല്പിച്ചുണ്ടായ ആത്മവേദനകളെ അനുഭൂതികളാക്കി മാറ്റുന്ന രസതന്ത്രം ബാലചന്ദ്രന്റെ കവിതകളിൽ കാണാം. 'പ്രണയഗീതം', 'വ്യർത്ഥമാസത്തിലെ കഷ്ടരാത്രി', 'ആനന്ദധാര', 'പോകൂ പ്രിയപ്പെട്ട പക്ഷി', 'സന്ദർശനം' തുടങ്ങിയ കവിതകളിതിനുദാഹരണങ്ങളാണ്.

"തീവ്രത, യുവത്വം, പദാന്വയനവീനത, വാഗ്സംഗീതം, നിർമ്മാണ കൗശലത്തെ കവിഞ്ഞു പോകുന്ന വാസനാവൈഭവം, സ്വരവൈവിധ്യം, സമ്പൂർണ്ണമായ സുതാര്യത, അനർഗ്ഗളമായ ഊർജ്ജ പ്രവാഹം, മസ്തിഷ്കത്തേക്കാൾ ഹൃദയത്തിലുള്ള വിശ്വാസം ഇങ്ങനെ ചങ്ങമ്പുഴക്കവിതയുടെ വൈശിഷ്ട്യങ്ങൾ പലതും ബാലചന്ദ്രന്റെ കവിതയിലും പ്രത്യക്ഷപ്പെട്ട് അതിനെ യുവഹൃദയങ്ങൾക്കു പ്രിയങ്കരമാക്കുന്നു... എപ്പോഴും വരിഞ്ഞുമുറുകിയ കമ്പിപോലെയാണ് ഭാഷ. ഒന്നു തൊട്ടാൽ മതി അതുറക്കെ മുഴങ്ങും. തീക്ഷ്ണ പ്രയോഗസമൃദ്ധമായ, ഉച്ചസ്ഥായിയിലുള്ള ഈ ശൈലിയുടെ ഗുണം എക്സ്പ്രഷണിസ്റ്റ്ചിത്രകലയിലെ കടുംവരകൾ പോലെ അത് ചടുലതീവ്രമായ വികാരാവിഷ്കാരം സാധിക്കുന്നു എന്നതാണ്."

-സച്ചിദാനന്ദൻ (മലയാളകവിതാപഠനങ്ങൾ)

ജീവിതസംഘർഷങ്ങൾ ആയിരം ഫണങ്ങളുയർത്തി മുന്നിൽ നിൽക്കുമ്പോൾ സ്വപ്നംപോലും കാണാൻ കഴിയാത്ത ഒരു നിസഹായവസ്ഥ എഴുപതുകളുടെ അവസാനത്തിലും എൺപതുകളുടെ തുടക്കത്തിലും മലയാളിയുടെ ജീവിതത്തിലുണ്ടായി. സ്വപ്നങ്ങൾ നിറച്ചു വച്ച കാല്പനിക മനസ്സ് (ചെമ്പകം പൂത്തകരൾ) കരിഞ്ഞു പോയ കാലമാണത്.

അരികിലാവുമ്പോഴും അപരിചിതത്വവും അകൽച്ചയും ബാധിച്ച് മൗനത്തിലേക്കു പതിക്കുന്ന പ്രണയത്തെയാണ് ബാലചന്ദ്രൻ ചുള്ളിക്കാട് 'സന്ദർശന'ത്തിൽ അവതരിപ്പിക്കുന്നത്. പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങളെ വ്യത്യസ്തമായ നിറക്കൂട്ടുകളിലാണ് കവി വരച്ചുകാട്ടുന്നത്.

വ്യവച്ഛേദിച്ചറിയാനാവാത്ത വിഹ്വലത ബാധിച്ച ആധുനിക മനസ്സിന്റെ പ്രണയത്തെയാണ് നാം ഇവിടെ കാണുന്നത്. അത് കേവലം ഭൗതികമായ തടസ്സങ്ങളെക്കുറിച്ചുള്ള ആശങ്കകളല്ല. ആൾക്കൂട്ടത്തിലായിരിക്കുമ്പോഴും ഓരോ മനുഷ്യനെയും ഒറ്റപ്പെടുത്തുന്ന എന്തൊക്കെയോ പുതിയലോകത്തിലുണ്ട്. വ്യക്തി അനുഭവിക്കുന്ന ഈ ഒറ്റപ്പെടലും അന്യതാബോധവും കക്കാടിന്റെ 'പാർക്കിൽ' പോലുള്ള കവിതകളിൽ മുമ്പുതന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. കാല്പനികമായ ഇമേജറികൾക്കുപകരം നാഗരികതയുടെ പാരുഷ്യം പ്രകടമാക്കുന്ന ചിഹ്നങ്ങൾ കൊണ്ടാണ് ഇത്തരം അനുഭവങ്ങളെ ആധുനികകവികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

ചങ്ങമ്പുഴയെപ്പോലെ കാല്പനികത ചുള്ളിക്കാടിന്റെ കവിതയുടെയും അന്തർധാരയാണ്. എന്നാൽ ലളിതകോമള പദാവലികൾ കൊണ്ട് വിവരിക്കാനാവുന്ന ഒരനുഭവമല്ല ചുള്ളിക്കാടിന് പ്രണയം. തീവ്രമെന്നതിനേക്കാൾ തീക്ഷ്ണമാണത്. ചിലപ്പോൾ വാക്കുകൾതന്നെ അസംബന്ധമാകുന്ന അവസ്ഥ. അതുകൊണ്ട് 'മൗനംകുടിക്കുക' എന്നു

കവിക്കു പ്രയോഗിക്കേണ്ടിവരുന്നു. അനുഭവത്തിന്റെ തീക്ഷ്ണതയെ സൂചിപ്പിക്കാൻ പൊള്ളുന്നതോ മുറിവേൽപ്പിക്കുന്നതോ ആയ വാക്കുകൾ, ഇമേജറികൾ ചുള്ളിക്കാടിന്റെ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നു.

മുള്ളുമുറ്റിയ മുഖം, കണ്ണിലെ സർപ്പക്കളം, കാളച്ചോരകേഴുന്ന ഓടവക്ക്, ശിഖണ്ഡിയെ പെറ്റ പേക്കിനാവ് (അമാവാസി) തുടങ്ങിയ ബിംബങ്ങളിലെ രൗദ്രഭാവം ആസുരമായ നാഗരികതയെ ആവിഷ്ക്കരിക്കാൻ പര്യാപ്തമായിട്ടുണ്ട്. പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത പദങ്ങൾ വിളക്കിച്ചേർത്ത് സവിശേഷമായൊരു ഭാവതലം സൃഷ്ടിക്കുന്ന രീതി ചുള്ളിക്കാടിന്റെ പൊതുസവിശേഷതയാണ്. ഭൂതവും അയനവും നമുക്കറിയാം. എന്നാൽ 'ഭൂതായനം' കവി ഭാഷയ്ക്കു സമ്മാനിക്കുന്ന നക്ഷത്രമാണ്. ചോരപ്പാളം, ജഗദ്ഭക്ഷകൻ, കാമകംബളം, ആഗ്നേയസൗഹൃദം, തിമിരകാലം, നിയോൺ വസന്തം, ഭൂതവ്യഥ, ക്ലാവുപിടിച്ച ഹൃദയം, നരകതീർത്ഥം, കത്തുന്ന ചുംബനം തുടങ്ങി പദച്ചേരുവകളുടെ ഘോഷയാത്ര കവിതകളിലുടനീളം കണ്ടെത്താം.

സമസ്തപദങ്ങളുടെയും പദയോഗങ്ങളുടെയും ദൃശ്യബിംബങ്ങളുടെയും സവിശേഷമായ സന്നിവേശംകൊണ്ടാണ് കവി പുതിയ ഭാവലോകം സൃഷ്ടിക്കുന്നത്. ഇത്തരം അസാധാരണമായ പദച്ചേർച്ചകൾ ചുള്ളിക്കാടിന് പ്രിയപ്പെട്ടതാണ്.

'സന്ദർശന'ത്തിന്റെ തുടക്കത്തിൽ വാച്യതലത്തിൽ നിരർത്ഥകമെന്നു തോന്നുന്ന 'മൗനം കുടിക്കുക' എന്ന ക്രിയയിലേക്കാണ് കവി നമ്മെ കൊണ്ടുപോകുന്നത്. ഒന്നിച്ചിരിക്കുമ്പോഴും കമി




താക്കൾ അനുഭവിക്കുന്ന വർത്തമാനകാല ദുഃഖത്തിന്റെ തീവ്രതയും വേദനയും നിസ്സഹായതയും പരിചിതമല്ലാത്ത ഈ പദച്ചേർച്ചകൊണ്ട് കവി അനുഭവപ്പെടുത്തുന്നു.

പ്രണയത്തിന്റെ മധുരോദാരമായ, വർണ്ണശബളമായ ഒരു ഭൂതകാല ചിത്രം കവി വരച്ചിടുന്നുണ്ട്. എന്നാൽ വർത്തമാനത്തിലെത്തുമ്പോൾ ചിത്രം തീർത്തും ഊഷരമാകുന്നു. അവിടെ കവിതപോലും വരണ്ടു പോയിരിക്കുന്നു. നരകരാത്രികളും നിത്യപ്രയാണങ്ങളുമാണ് അവിടെ വിധിക്കപ്പെട്ടിട്ടുള്ളത്. നിലവിളിപോലും നിശബ്ദമായിത്തീരുന്നു. തൊണ്ടയിൽ പിടയുന്ന നിലവിളി തുരങ്കത്തിൽ ഒറ്റപ്പെട്ടവന്റെ നിസ്സഹായത നമ്മെ അനുഭവിപ്പിക്കുന്നു.

കവിതപോലും വരണ്ടുപോയ ഭൂമിയിൽ കാല്പനികതയുടെ കാത്തിരിപ്പ് അർത്ഥ

വത്തല്ലെന്ന് കവി കരുതുന്നു. അതുകൊണ്ടുതന്നെ പ്രണയത്തോട് കവിക്ക് വിടപറയാതെ വയ്യ. നരകരാത്രിയുടെ നഗരവീഥികളിലേക്ക് അഭിശപ്തമായ ഒരലച്ചിലിന് അവൻ വിധിക്കപ്പെട്ടിരിക്കുന്നു.

പ്രതീക്ഷാരാഹിത്യത്തിന്റെയും ഏകാന്തവിഹ്വലതകളുടെയും വിശ്വാസനഷ്ടങ്ങളുടെയും പാറയിടുക്കിൽ സ്വയം നിക്ഷേപിച്ച് തിരിച്ചു നടക്കുകയാണോ കവി? ആശ്വാസത്തിന്റെ തിളക്കം, ആശ്രയിക്കാവുന്ന മൂല്യം, ഇവയൊന്നും അവശേഷിക്കുന്നില്ലേ?

ഈ ചോദ്യങ്ങൾക്ക് കവി നൽകുന്ന ഉത്തരം തന്നെയാണ് താനുപേക്ഷിച്ചുപോയതെങ്കിലും തന്നെ പിന്തുടരുന്ന പ്രണയം. അതു ജനനാന്തര സൗഹൃദവും ഇരുട്ടിലുദിക്കുന്ന സൂര്യമുഖവുമാണ്.

## കവിതയിലേക്ക്

കൗമാരകാലത്തെ പ്രസാദവത്താക്കുന്ന സങ്കല്പങ്ങളും സ്വപ്നങ്ങളും എന്തൊക്കെയാവാം?

ഭാവിയെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പങ്ങളും ആശകളും പ്രതീക്ഷകളും എന്തൊക്കെയാണ്?

- ആഹ്ലാദകരമായ കുടുംബജീവിതം
- തൊഴിൽരംഗത്തെ വിജയങ്ങൾ
- പ്രിയതരങ്ങളായ സൗഹൃദങ്ങൾ

ഇവയൊക്കെ നമ്മെ പ്രചോദിപ്പിക്കുന്നില്ലേ?

പ്രണയമെന്ന അനുഭൂതികരമായ സ്വപ്നവും ഇവയ്ക്കൊപ്പം കൂട്ടിവയ്ക്കാമോ?

ജീവിതത്തെ വർണാഭമാക്കുന്ന മൂല്യവത്തായ അനുഭവങ്ങളിൽ ഒന്നാണ് പ്രണയം. പ്രണയത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ പ്രകടമാകുന്ന ഒരു കവിത പരിചയപ്പെടാം.

'സന്ദർശനം' എന്ന കവിത ഭാവാത്മകമായി ആലപിക്കാനാവശ്യപ്പെടാം. മികച്ച ആലാപനങ്ങൾ ഏതെന്ന് കുട്ടികൾ പറയട്ടെ. അതിനുശേഷം കവിയുടെ ശബ്ദത്തിലുള്ള ആലാപനം അവർ ശ്രദ്ധിച്ചു കേൾക്കട്ടെ.

കവിതയിലെ സാമാന്യ ആശയങ്ങൾ കണ്ടെത്താനുള്ള ചർച്ച.

- സന്ദർശക മുറിയിൽ പരസ്പരം ഒന്നും മിണ്ടാൻ പോലും പറ്റാതിരിക്കുന്ന പ്രണയികൾ.
- നിറയെപ്പൂത്ത പ്രണയത്തിന്റെ ഒരു പൂർവ്വകാലം.
- ഇപ്പോൾ ജീവിതം വിഹ്വലമായ ഒരലച്ചിലാണ്.
- അപ്പോഴും പ്രണയിനിയുടെ ഓർമ സാന്ത്വനമാകുന്നു.

ഈ ആശയങ്ങൾ ചർച്ചയിലൂടെ സംഗ്രഹിക്കപ്പെടണം. നിരീക്ഷണങ്ങൾ കുട്ടികൾ രേഖപ്പെടുത്തട്ടെ.

പ്രണയത്തിന്റെ ആഹ്ലാദവും ഉന്മേഷവും കവിതയിൽ പ്രത്യക്ഷമാകുന്നതെങ്ങനെ?

പ്രണയത്തിന്റെ നിരാശാഭാവം കവിതയിൽ തെളിയുന്നുണ്ടോ?

നിങ്ങളെ ആകർഷിച്ച വരികൾ ഏവ? എന്തുകൊണ്ട്?

ഇത്തരം കാര്യങ്ങളിൽ ചർച്ച നടക്കണം. ആസ്വാദനപ്രധാനമായ വിധത്തിലാവണം കവിതയുടെ അവതരണവും ചർച്ചയും.

## പ്രയോഗങ്ങളുടെ സൗന്ദര്യം കണ്ടെത്തൽ

കവിതയുടെ ഭാഷ സാമാന്യവ്യവഹാര ഭാഷയിൽനിന്നും വ്യത്യസ്തമാണല്ലോ. കേവലമായ ആശയവിനിമയത്തിനപ്പുറം ഭാവസംവേദനത്തിന്റെ ഒരു തലം പദങ്ങളുടെ സവിശേഷമായ ചേർച്ചകളിലൂടെയും വിന്യാസത്തിലൂടെയും കവി സൃഷ്ടിക്കുന്നു. കവിയുടെ ഭാഷാപ്രയോഗങ്ങൾക്ക് കേവലമായ പദാർത്ഥങ്ങൾക്കപ്പുറത്തേക്ക് വ്യാപിക്കുവാൻ ശേഷിയുണ്ട്. ഇതു സാധ്യമാകുന്നത് സവിശേഷമായ കാവ്യസന്ദർഭങ്ങളിലാണ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. കാവ്യഭാഷയുടെ ഈ സവിശേഷ സ്വഭാവത്തിലേക്ക് പഠിതാക്കളെ നയിക്കാനുള്ള ശ്രമമാണ് ഈ പ്രവർത്തനത്തിലൂടെ നടക്കേണ്ടത്.

– കവിതയിലെ മുഖ്യഭാവങ്ങളേതൊക്കെയാണ് എന്ന ചോദ്യത്തിലൂടെ തുടങ്ങാവുന്നതാണ്.

- പ്രണയം
- വിഷാദം
- ഏകാന്തത
- 
- 

ഇത്തരം വൈകാരിക അനുഭവങ്ങളെ പ്രകാശിപ്പിക്കാൻ കവി സ്വീകരിച്ചിരിക്കുന്നത് ഏതൊക്കെ പദങ്ങളും ബിംബങ്ങളുമാണ്?

അവ രേഖപ്പെടുത്താനാവശ്യപ്പെടാം.

- മിഴികളിൽ നഷ്ടപ്പെടുക
- സംഗീതമുള്ള നിശ്വാസം
- മരണവേഗത്തിലോടുന്ന വണ്ടികൾ
- നിത്യപ്രയാണം, നരകരാത്രികൾ
- ഏകാകിയാം പ്രാണൻ
- മൗനം കുടിച്ചിരിക്കുക
- 
- 

മേൽ കൊടുത്ത സൂചനകൾ പ്രണയം വിഷാദം തുടങ്ങിയ വൈകാരികാനുഭവങ്ങളെ സൂക്ഷ്മമായി അഭിവ്യഞ്ജിപ്പിക്കുവാൻ എത്രമാത്രം സഹായകമാവുന്നു?

രണ്ടുപദങ്ങൾ തമ്മിൽ ചേരുമ്പോൾ മൂന്നാമതൊരു പദമല്ല ഒരു നക്ഷത്രമാണ് ഉദിക്കുന്നത് എന്ന് റോബർട്ട് ബ്രൗണിങ്ങ് എന്ന ആംഗലേയ കവി പറയുന്നുണ്ടല്ലോ. പദങ്ങൾക്ക് പുതിയ അർത്ഥം ലഭിക്കുന്നതിൽ കാവ്യസന്ദർഭത്തിനുള്ള പ്രാധാന്യമെന്ത്?

വൈലോപ്പിള്ളിയുടെ 'മാമ്പഴ'ത്തിലെ 'മരതകകിങ്ങിണി സൗഗന്ധിക സ്വർണ്ണമായിത്തീരുംമുമ്പേ' എന്ന പ്രയോഗം ശ്രദ്ധയിൽപ്പെടുത്താം. 'മരതകകിങ്ങിണിക്കും' 'സൗഗന്ധിക സ്വർണ്ണത്തിനും' പ്രത്യക്ഷത്തിൽ മാങ്ങ എന്ന അർത്ഥം ലഭിക്കുന്നില്ല എന്നാൽ കാവ്യസന്ദർഭത്തിൽ നിന്ന് കണ്ണിമാങ്ങ മാമ്പഴമായിമാറുന്നതാണെന്ന തിരിച്ചറിവ് ഏതു വായനക്കാരനും ഉണ്ടാകും.

വിരൽ, കണ്ണ് തുടങ്ങിയ പദങ്ങളുടെ സാമാന്യമായ അർത്ഥം നമുക്കറിയാം.

എന്നാൽ കവിതയിൽ അവയ്ക്ക് സവിശേഷമായ ഭാവാർത്ഥതലങ്ങൾ സൃഷ്ടിക്കാൻ കവിക്ക് കഴിഞ്ഞതെങ്ങനെ?

വിരൽ എന്ന പദം കനകമൈലാഞ്ചി നീരിൽ തുടുത്ത വിരലാകുന്നതും സന്ധ്യ കുങ്കുമത്തരിപുരണ്ട ചിദംബര സന്ധ്യയാകുന്നതും കാവ്യസന്ദർഭത്തിനു നൽകിയ അധികശോഭ എന്തൊക്കെയാണ്?

എന്തുകൊണ്ടാണ് കവി കരളിനെ പൊൻചെമ്പകം പൂത്ത കരളെന്ന് വിശേഷിപ്പിച്ചത്.

- പൊൻചെമ്പകം പൂത്ത കരൾ പ്രണയഭാവത്തിന്റെ മൂർത്തരൂപം.
- പൂക്കൾ വിരിയുന്നത് വസന്തകാലത്തിലാണ്. പ്രണയം മനസ്സിന്റെ വസന്തമാണ്. ചെമ്പകം മലയാളിക്ക് പ്രിയപ്പെട്ട പ്രണയപ്രതീകം.
- 'കനകമൈലാഞ്ചി നീരിൽ തുടുത്ത വിരൽ' വിരലിന്റെ തുടുപ്പ് എന്നതിനപ്പുറം മറ്റ് അർത്ഥസാധ്യതകളുണ്ടോ?
- സൗന്ദര്യം, മാർദവം, സ്പർശത്താലുണ്ടാവുന്ന അവാച്യമായ അനുഭൂതി.
- ചുവപ്പ് പ്രണയത്തിന്റെ നിറം.
- 'നിൻകുങ്കുമത്തരിപുരണ്ട ചിദംബര സന്ധ്യകൾ' എന്ന പ്രയോഗത്തിന്റെ കാവ്യഭംഗി എന്താണ്?
- ചിദംബരം - മനസ്സാകുന്ന ആകാശം.
- എന്റെ മനസ്സിന്റെ ആകാശത്തിലെ സന്ധ്യകൾക്ക് നിറം ലഭിക്കുന്നത് നിന്റെ നെറ്റിയിലെ കുങ്കുമത്തരിപ്പു രണ്ടിട്ടാണ്.
- എന്റെ മനസ്സിനെ ആഹ്ലാദമയമാക്കുന്ന സുന്ദരാനുഭൂതികളെല്ലാം നിന്നിൽ നിന്നു വന്നുചേർന്നവയത്രേ. നീ ഇല്ലെങ്കിൽ എന്റെ സന്ധ്യകൾക്ക് നിറമില്ലാതെയാകും. സന്ധ്യയ്ക്കു നിറം കെട്ടാലോ, എല്ലാം ഇരുളാകും.
- കുങ്കുമം ദാമ്പത്യപ്രണയമെന്ന സങ്കല്പത്തോട് ബന്ധപ്പെട്ടു നിൽക്കുന്നു.
- നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾതൻ കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും-ഈ വരിയുടെ ഭാവതലം എന്ത്?
- കൃഷ്ണമണിയെ കൃഷ്ണകാന്തമാക്കുന്നതുവഴി അതിന്റെ ആകർഷണ ശക്തി വ്യഞ്ജിപ്പിക്കുന്നു. ചില്ലകൾ പൂക്കുന്നത് സൂര്യകിരണമേറ്റാണല്ലോ. ഇവിടെ സൂര്യകിരണം പ്രണയിനിയുടെ കടാക്ഷമാണ്. ചില്ല കവിയുടെ വികാരലോകമായി മാറുന്നു. വാക്കുകളുടെ ധ്വനനഭംഗികൊണ്ടാണ് ഇത്തരം അർത്ഥതലങ്ങളിലേക്ക് കവിത വികസിക്കുന്നത്.

ഈ ആശയതലങ്ങളുടെ അടിസ്ഥാനത്തിൽ പദങ്ങളുടെ ഔചിത്യം, പദങ്ങൾ സവിശേഷമായി ചേരുമ്പോൾ ലഭിക്കുന്ന അധികമാനം, വാക്കുകളുടെ പ്രത്യക്ഷാർത്ഥത്തിനപ്പുറത്ത് സൂചിതാർത്ഥത്തിനു കൈവരുന്ന പ്രാധാന്യം ഇവയെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു കുറിപ്പുതയ്യാറാക്കുക. നിരീക്ഷണ തനിമയുടെ അടിസ്ഥാനത്തിൽ കുറിപ്പുകൾ കുട്ടികൾ സ്വയം വിലയിരുത്തട്ടെ.

## ധ്വനിതലം കണ്ടെത്തൽ

ഭാഷയുടെ സാധാരണ വ്യാകരണ നിയമങ്ങളെ, സാമാന്യവ്യവഹാരഭാഷയുടെ സമ്പ്രദായങ്ങളെ, കവിത നിരന്തരം വെല്ലുവിളിക്കുന്നു. ഓരോ വാക്കും അതിന്റെ സന്ദർഭത്തിൽ നിന്നും സവിശേഷമായ അർത്ഥങ്ങൾ സ്വീകരിക്കുന്നു എന്ന് കവിതയുടെ അർത്ഥോൽപാദന സാധ്യതയെക്കുറിച്ച് സച്ചിദാനന്ദൻ നിരീക്ഷിക്കുന്നു. സന്ദർശനം എന്ന കവിതയിലും ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഉണ്ട്.

- മൗനം കുടിക്കുക, മിഴികളിൽ നഷ്ടപ്പെടുക, ഏകാന്തരോദനം പിടയുക തുടങ്ങിയ പ്രയോഗങ്ങളുടെ സവിശേഷതലം എന്താണ്?

കവി ഈ പ്രയോഗങ്ങളിലൂടെ ഉദ്ദേശിച്ചത് എന്താവാം?

സാമാന്യവ്യവഹാരത്തിൽ നാമിങ്ങനെ ഉപയോഗിക്കാറില്ല. എന്നാൽ കവിതയിലാകുമ്പോൾ സന്ദർഭത്തിനനുസരിച്ച് ഇത്തരം പ്രയോഗങ്ങൾക്ക് സാധുതയുണ്ട്.

കുട്ടികൾ അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ.

ക്രോഡീകരണത്തിൽ വരേണ്ടത്:

- സന്ദർശകമുറിയിൽ ഒന്നിച്ചിരിക്കുമ്പോഴും ഏകാന്തത അനുഭവിക്കുന്നവരാണ് കവിതയിലെ പ്രണയികൾ.
- പ്രണയം നൽകുന്ന ആത്മവിസ്മൃതി, ഒറ്റപ്പെടലിന്റെ വേദന, ഒന്നു നിലവിളിക്കാൻ പോലുമാകാത്ത നിസ്സഹായത.
- മൗനം കുടിച്ചിരിക്കുക – സന്ദർശകമുറിയിൽ എന്തെങ്കിലും കുടിച്ചിരിക്കുക എന്ന സാധാരണ അനുഭവത്തെയാണ് കവി മൗനം കുടിച്ചിരിക്കുക എന്ന സവിശേഷ അനുഭവമാക്കി അവതരിപ്പിക്കുന്നത്.
    - പ്രണയികൾക്കിടയിലെ മൗനം ആഴമേറിയതാണ്.
    - വാക്കുകൾക്കതീതമാണ് അവരുടെ മാനസികാവസ്ഥ.
    - സംസാരം പുറത്തേക്കുള്ള ആവിഷ്ക്കാരമെങ്കിൽ മൗനം തന്നിലേക്ക് തന്നെയുള്ള സഞ്ചാരമാണ്.
    - ഒറ്റപ്പെടലിന്റെ അസഹ്യത
    -

തുടങ്ങിയ ഭാവങ്ങൾ ഈ പ്രയോഗത്തിലൂടെ കവി വ്യഞ്ജിപ്പിക്കുന്നു.

മിഴികളിൽ നഷ്ടപ്പെടുക

- പരസ്പരം കണ്ണുകളിൽ നോക്കിയിരിക്കുമ്പോൾ പ്രണയികൾ അവരുടെ വേദനകൾ മറന്നുപോകുന്നു.
- അവർ സ്വയം മറക്കുന്നു.
- ഞാനെന്ന ഭാവം ഇല്ലാതാകുന്നു.
- വാക്കുകൾകൊണ്ട് വിവരിക്കാനാകാത്ത ആന്തരിക ഭാവം പരസ്പരം ഉൾക്കൊള്ളുന്നു.

തൊണ്ടയിൽ പിടയുന്ന ഏകാന്തരോദനം.

- സ്വതന്ത്രമായ ആത്മസഞ്ചാരം സാധ്യമാകാതെ പോകുന്നതിലുള്ള നഷ്ടബോധം.
- രോദനത്തിന്റെ ഏകാന്തത അയാളുടെയും ഏകാന്തതയാണ്.

- പിടച്ചിൽ, രോദനം ഇവ ചേർന്നു വരുമ്പോൾ അത് മരണപ്പിടച്ചിലിനെ ഓർമ്മിപ്പിക്കും.
- വരണ്ട സാമൂഹികാവസ്ഥയിൽ ഏകാന്തമായി നിലവിളിക്കാൻപോലുമാകാത്ത നിസ്സഹായത.

കൂടുതൽ സവിശേഷമായ പ്രയോഗങ്ങൾ കണ്ടെത്തട്ടെ. അവയുടെ സൂക്ഷ്മമായ അർത്ഥതലങ്ങൾ വിശദീകരിക്കട്ടെ.

**വിലയിരുത്തൽ സൂചകങ്ങൾ**

- നിരീക്ഷണങ്ങളിലെ തനിമ
- കാവ്യസന്ദർഭവുമായുള്ള പൊരുത്തം
- ഭാഷാപരമായ മികവ്

### ഔചിത്യം കണ്ടെത്തുക

വൈവിധ്യമാർന്ന അനുഭവങ്ങളെ ആവിഷ്ക്കരിക്കുമ്പോൾ തെരഞ്ഞെടുക്കുന്ന പദങ്ങളുടെ ഔചിത്യത്തെക്കുറിച്ച് നമുക്കറിയാമല്ലോ.

മഞ്ഞത്തെച്ചിപ്പൂങ്കുലപോലെ

മഞ്ജിമവിടരും പുലർകാലേ

നിന്നൂ ലളിതേ നീയെൻ മുന്നിൽ

നിർവൃതിതൻപൊൻകതിർപോലെ

എന്ന് തന്റെ മനസിനിയെ വിശേഷിപ്പിക്കുന്ന ചങ്ങമ്പുഴ മറ്റൊരവസ്ഥയിൽ അവളെ

കൊടിയ വസൂരിയിലുഗ്രവിരൂപത

കോമരമാടീ നിന്നുടലിൽ

എന്നു വിശേഷിപ്പിക്കുന്നതു നോക്കുക. ആദ്യസന്ദർഭത്തിൽ പ്രസാദാത്മകവും കാല്പനികവുമായ ലളിതകോമള പദങ്ങളാണ് കവി ഉപയോഗിക്കുന്നത്. പിന്നീട് അതിന്റെ സ്ഥാനത്ത് കൊടിയ വസൂരിയും, ഉഗ്രവിരൂപതയും ഉടലിൽ രൗദ്രഭാവം പൂണ്ടുനിൽക്കുന്നത് നാം കാണുന്നു.

തിക്തമായ ഒരു വർത്തമാനകാലമാണ് കവിതയിലെ നായകന്റേത്. എന്നാൽ മധുരോദാരമായ ഒരു ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ നായകൻ അയവിറക്കുന്നുണ്ട്. ആ ഓർമ്മകളുടെ സാന്ത്വനമാണ് വേദനകൾ മറക്കാൻ അയാളെ സഹായിക്കുന്നത്.

'സന്ദർശനം' എന്ന കവിതയിൽ കയ്ക്കുന്ന വർത്തമാനകാലത്തെയും മധുരിക്കുന്ന ഭൂതകാലത്തെയും അവതരിപ്പിക്കാൻ കവി ഉപയോഗിച്ച പദങ്ങൾക്കു നിറഭേദങ്ങളുണ്ട്. കുട്ടികൾ കവിതയിൽ നിന്നും അവകണ്ടെത്തട്ടെ.

- കനകമൈലാഞ്ചി, കൃഷ്ണകാന്തം, കുങ്കുമത്തരി, കിരണം, പൂക്കുക, തുടുത്ത.

തുടങ്ങിയ പ്രസാദാത്മക പദങ്ങളിൽ നിന്നും തിക്തവർത്തമാനത്തിലെത്തുമ്പോൾ ഭാഷയ്ക്ക് എന്തെല്ലാം വ്യത്യാസങ്ങളാണ് വന്നു ചേരുന്നത്?

പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ - മരണവേഗം, വണ്ടി, നഗരവീഥി, നിത്യപ്രയാണം, മദിര, നരകരാത്രി, സത്രച്ചുമരുകൾ.

ആദ്യം കണ്ട പ്രസാദാത്മകമായ പദങ്ങളിൽനിന്ന് ഇവ എങ്ങനെയെല്ലാം വ്യത്യസ്തമാവുന്നു?

ഈ പദങ്ങൾ ആവിഷ്ക്കരിക്കുന്ന ഭാവങ്ങൾ എന്തെല്ലാമാണ്.

- നിറപ്പകിട്ടില്ലാത്ത ലോകം
- വർത്തമാനകാലത്തിന്റെ പാരുഷ്യം

- തീവ്രവിഷാദം
- നാഗരികതയുടെ വിഹ്വലത
- അന്യവൽക്കരണം

പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽ നിന്നുതന്നെ ആസ്വാദനക്കുറിപ്പിലേക്ക് പോകാവുന്നതാണ്.

പ്രണയതീരത്ത് സാന്ത്വനം കൊണ്ട ഒരു കാലവും വിഹ്വലമായ മറ്റൊരു കാലവും പ്രയോഗങ്ങളുടെ വിശകലനത്തിലൂടെ കണ്ടെത്താമല്ലോ. ഈ കാഴ്ചപ്പാടോടെ കവിതയുടെ സമഗ്രമായ ആശയതലത്തെ കണ്ടുകൊണ്ട് ആസ്വാദനത്തിലേക്കു പോകാം.

### ആസ്വാദനക്കുറിപ്പ്

സന്ദർശനം എന്ന കവിതയുടെ എന്തൊക്കെ സവിശേഷതകളാണ് നിങ്ങളെയാകർഷിച്ചത്?

പഠിതാക്കൾ അഭിപ്രായം രേഖപ്പെടുത്തട്ടെ.

- കവിതയുടെ ഭാവതീക്ഷ്ണത
- സവിശേഷചാരുതയുള്ള പ്രയോഗങ്ങൾ
- ബിംബങ്ങൾ

ഇത്തരത്തിലുള്ള പ്രതികരണങ്ങളുണ്ടാവാം.

അഭിപ്രായം കവിതയിലെ തെളിവുകളുപയോഗിച്ച് വിശദീകരിക്കണം.

അഭിപ്രായങ്ങളിൽ തനിമയും സൂക്ഷ്മതയുമുള്ളവ പഠിതാക്കൾ തന്നെ കണ്ടെത്തട്ടെ.

കവിതയിലുടനീളം ഒരേ ഭാവത്തിന്റെ തന്നെ ഇടതടവില്ലാത്ത വളർച്ചയാണോ

## ആസ്വാദനക്കുറിപ്പ്

സർഗാത്മക കൃതികളുടെ ആദ്യവായന തന്നെ ആസ്വാദനം ലക്ഷ്യംവച്ചുള്ളതാണ്. കൃതിയെക്കുറിച്ചുള്ള അപഗ്രഥനവിശകലനങ്ങൾ അടുത്തഘട്ടമാണ്. പക്ഷേ ആസ്വാദനത്തിൽനിന്ന് കിട്ടുന്ന ഉന്മേഷമാണ് വായനക്കാരന് ഉയർന്ന തലത്തിലുള്ള അന്വേഷണപഠനങ്ങൾക്ക് പ്രേരിപ്പിക്കുന്നത്.

വിദ്യാർത്ഥികളുടെ ആസ്വാദനക്കുറിപ്പുകൾ പല വിതാനത്തിലുള്ളതാവാം. ആദ്യഘട്ടങ്ങളിൽ അവ പലപ്പോഴും പ്രമേയത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ മാത്രമാവാം. പിന്നീട് അതിലപ്പുറമുള്ള ചിന്തകളും അന്വേഷണങ്ങളും ആരംഭിക്കും. ഇത്തരത്തിലുള്ള വളർച്ചയാണ് നാം വിദ്യാർഥികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

സർഗാത്മക രചനകളുടെ ആസ്വാദനവും ഒരു സർഗാത്മക കർമ്മമാണ്. അതുകൊണ്ടുതന്നെ വസ്തുനിഷ്ഠതയിൽ കവിഞ്ഞ ആത്മനിഷ്ഠത ഒരു ആസ്വാദനക്കുറിപ്പിൽ കണ്ടെത്താൻ പറ്റിയെന്നുവരാം. കൃതി തന്നിൽ ഏൽപ്പിച്ച അനുഭവങ്ങളുടെ വിശദീകരണമായി ആസ്വാദനം രൂപപ്പെടണം. ഒരു സർഗാത്മക വ്യവഹാരമായതുകൊണ്ടുതന്നെ ആസ്വാദനക്കുറിപ്പിന്റെ ഘടന ഇന്നതായിരിക്കണമെന്ന് നിർദേശിക്കാൻ വയ്യ. എങ്കിലും വിദ്യാർഥികളുടെ രചനയ്ക്ക് ഒരു അക്കാദമിക സ്വഭാവം ആവശ്യമായതുകൊണ്ട് അവയ്ക്കുണ്ടാവേണ്ട ചില ഗുണവിശേഷങ്ങളെക്കുറിച്ച് അധ്യാപികയ്ക്ക് ധാരണ വേണം.

ആസ്വാദനക്കുറിപ്പിൽ കൃതിയുടെ പ്രമേയത്തെക്കുറിച്ചുള്ള സാമാന്യ വിവരണം ഉണ്ടായിരിക്കണം. ഒരു കൃതിയിൽ ഒരൊറ്റ പ്രമേയമേ ഉണ്ടാവുകയുള്ളൂ എന്ന് കരുതുന്നത് ശരിയല്ല. വായനക്കാരനാണ് കൃതിയിലെ പ്രമേയത്തെ കണ്ടെത്തുന്നത്. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് മാറുമ്പോൾ കണ്ടെത്തുന്ന പ്രമേയവും വ്യത്യസ്തമാവും.

നിങ്ങൾക്ക് അനുഭവപ്പെട്ടത്?

- പ്രണയം എന്ന ഭാവം അതിന്റെ മായിക ഭംഗിയോടെ പ്രത്യക്ഷപ്പെടുന്നുണ്ട്.
- പ്രണയംപോലും സാധ്യമാവാത്ത മാനസികാനുഭവവും ഈ കവിതയുടെ പ്രമേയമാണ്.
- നിസ്സഹായത
- ജീവിതം നിരർത്ഥകമെന്ന തോന്നൽ
- കഠിനമായ ഏകാന്തത
- ഒന്നിനോടും പൂർണമായും പൊരുത്തപ്പെടാനാവാത്ത അന്യഥാത്വം.

ഇത്തരം ആശയങ്ങളൊക്കെ ചർച്ചയിൽ ഉയർന്നു വരാം.

എങ്കിലും പ്രണയം നിരർത്ഥകമാണെന്ന തോന്നൽ കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ. കവിത ഒന്നുകൂടി പരിശോധിക്കട്ടെ.

പ്രണയ കാലത്തിന്റെ നിറച്ചാർത്ത് എത്രത്തോളം ഓമനത്തത്തോടെയാണ് കവി ചിത്രീകരിച്ചിരിക്കുന്നത്.

"കനകമൈലാഞ്ചി നീരിൽ തുടുത്ത–

എന്നാരംഭിക്കുന്ന ഭാഗവും

"ഇരുളിലപ്പോളുദിക്കുന്നു നിൻ മുഖം

കരുണമാം ജനനാന്തരസാന്ത്വനം"

എന്ന വരികളും ശ്രദ്ധയിൽപ്പെടുത്തുക.

വിഹ്വലതകളുടെ ഇരുട്ടിലും ഓർമയിലുദിക്കുന്ന പ്രണയിനിയുടെ മുഖം ജനനാന്തരസാന്ത്വനമാണെന്നുതന്നെ കവി പറയുന്നുണ്ട്.

പല ജനനങ്ങളിൽ, പല ജന്മങ്ങളിലേക്ക് സാന്ത്വനം പകരുന്നതാണ് ഈ പ്രണയം.

പ്രമേയത്തോടൊപ്പം പ്രധാനമാണ് ആവിഷ്ക്കാരരീതിയും. എന്തു പറയുന്നു എന്നതുപോലെ എങ്ങനെ പറയുന്നു എന്നതും പ്രസക്തമാണ് എന്നർത്ഥം. ആവിഷ്ക്കാര രീതിയെക്കുറിച്ചുള്ള പഠനം കുറേക്കൂടി പ്രയാസകരമാണ്. മറ്റു കൃതികളുമായുള്ള താരതമ്യം ഇവിടെ ആവശ്യമായി വന്നേക്കാം.

ആസ്വാദനക്കുറിപ്പ് ഒരു കൃതിയെ സമഗ്രമായി കണ്ടറിഞ്ഞുള്ള എഴുത്താണ്. എങ്കിലും കൃതിയിലെ ചില ഭാഗങ്ങളോ വരികളോ വായനക്കാരനെ കൂടുതൽ ആകർഷിച്ചെന്നുവരും. അവയെക്കുറിച്ചുള്ള പരാമർശം കുറിപ്പിനെ കൂടുതൽ ആധികാരികമാക്കും. അസ്വാദനക്കുറിപ്പിനു നൽകുന്ന ശീർഷകവും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ശീർഷകം ഉള്ളടക്കത്തോട് നീതിപുലർത്തുന്നതായിരിക്കണം.

"അരുതു ചൊല്ലുവാൻ നന്ദി" എന്ന പ്രയോഗത്തിൽ ഏതു നന്ദിവാക്കുകൾക്കുമപ്പുറമാണ് പ്രണയം പകർന്ന ആനന്ദവും ആശ്വാസവും എന്നു വ്യക്തമാവുന്നു.

സന്ദർശനത്തിലെ പ്രണയം എത്രത്തോളം തീക്ഷ്ണവും ഉദാത്തവുമായ ഒരു സങ്കല്പമാണെന്ന് കുട്ടികൾ വിലയിരുത്തട്ടെ.

ആസ്വാദനത്തിൽ വരേണ്ടുന്നത്:

- കവിതയുടെ ആശയതലം
- ഭാവതലം
- കാവ്യഭാഷയുടെ സവിശേഷതകൾ

### താരതമ്യം ചെയ്യുക

ദുഃഖത്തിന്റെ ലഹരിയിൽ സ്വയം അഭിരമിച്ച് അവയ്ക്ക് കാവ്യാവിഷ്കാരം നൽകിയ കവികളാണ് ചങ്ങമ്പുഴയും ബാലചന്ദ്രൻ ചുള്ളിക്കാടും. ദുഃഖത്തിന്റെ അഗാധതയിൽ സ്വയം നഷ്ടപ്പെട്ട്, ആകുലതകളും ആസക്തികളും നിറഞ്ഞ വ്യക്തിജീവിതവും അവയുടെ സർഗ്ഗാത്മകാവിഷ്കാരങ്ങളിലൂടെ നേടിയ സമ്പന്നമായ ഒരു കാവ്യജീവിതവും നയിച്ച കവിയാണ് ചങ്ങമ്പുഴ. പ്രണയത്തിന്റെ അപാരമായ നിർവൃതിയും പ്രണയനഷ്ടത്തിന്റെ ആന്തരിക വേദനകളും ഒരുപോലെ പങ്കുവെയ്ക്കുന്നതാണ് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള 'മനസ്വിനി'യിലെ ഈ വരികൾ. 'മനസ്വിനി' ക്ലാസിൽ അവതരിപ്പിക്കണം. വേദനയെ ഉപാസിക്കുന്നതിലൂടെ 'മുരളീമൃദുരവ'മാകുന്ന കാവ്യാനുഭൂതി തന്നിലുണരട്ടെ എന്നാഗ്രഹിക്കുന്ന കവിയുടെ മനോവ്യാപാരം കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ചില ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കാവുന്നതാണ്.

- 'മനസ്വിനി'യും 'സന്ദർശന'വും പങ്കുവയ്ക്കുന്നത് ഒരേ വൈകാരികാനുഭവങ്ങളാണോ?
- 'ദുഃഖച്ഛായ കലർന്ന പ്രണയഗാഥ' എന്ന വിശേഷണം 'സന്ദർശനം' എന്ന കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട്?
- പ്രണയകവിതകളെല്ലാം ദുഃഖച്ഛായ കലർന്നവയാണോ?

ചില കവിതകളുമായി താരതമ്യം ചെയ്യൂ.

## പ്രണയലേഖനം

*ഖലീൽ ജിബ്രാൻ*

പ്രിയപ്പെട്ട എമിലീ, സ്വർഗ്ഗത്തിലേക്ക് തുറന്നുകിടക്കുന്ന ഒരു മേഘജാലകം. അതിലൂടെ നോക്കിനിൽക്കുന്ന നിന്റെ തളിർമിഴികൾ. മിഴികളിലൂടെ നക്ഷത്രങ്ങളൊന്നൊന്നായി താമരനൂലിലൂടൊഴുകി ഭൂമിയിലെത്തുന്നത് ഞാനിപ്പോഴും കാണുന്നുണ്ട്. വിധുരയായ ഈ രാവിന്റെ ചുണ്ടിൽ നക്ഷത്രങ്ങൾ കൊണ്ട് നമുക്കൊന്നും പകർത്തിവെക്കാനാവില്ല. ഈ രാവ് തണുത്തുറഞ്ഞ് ഹിമസാഗരമാകും വരെ നാം കാത്തിരിക്കുക. അപ്പോൾ നമുക്ക് അനന്തതയോളമൊഴുകി നടക്കാം. നമ്മുടെ കൗതുകങ്ങളിലേക്ക് പെയ്തിറങ്ങുന്ന ഗിറ്റാറിന്റെ മോഹന നാദങ്ങളിലേക്കു ഞാൻ നിന്നെ ചേർത്തുവയ്ക്കട്ടെ. അപ്പോൾ നീ എവിടെയായിരുന്നു? മേഘങ്ങളില്ലാത്ത നഭസ്സിൽ ഏതു പക്ഷിയുടെ വരവിനെയാണ് നീ കാത്തിരുന്നത്? എനിക്കറിയാം, നക്ഷത്രമുഖമുള്ള ഒരു പുഷ്പവും പേറി നീ എന്നെ കാത്തുനില്ക്കുന്നുണ്ടാകുമെന്ന്.

## ആനന്ദധാര

ബാലചന്ദ്രൻ ചുള്ളിക്കാട്.

ചൂടാതെപോയ് നീ നിനക്കായി ഞാൻ, ചോര-
ചാറിച്ചുവപ്പിച്ചൊരെൻ പനീർപ്പൂവുകൾ
കാണാതെ പോയ് നീ നിനക്കായി ഞാനെന്റെ
പ്രാണന്റെ പിന്നിൽ കുറിച്ചിട്ട വാക്കുകൾ
ഒന്നു തൊടാതെ പോയീ വിരൽത്തുമ്പിനാൽ
ഇന്നും നിനക്കായ് തുടിക്കുമെൻ തന്ത്രികൾ
അന്ധമാം സംവൽസരങ്ങൾക്കുമക്കരെ
അന്തമെഴാത്തതാം ഓർമ്മകൾക്കക്കരെ
കുങ്കുമം തൊട്ടുവരുന്ന ശരത്ക്കാല-
സന്ധ്യയാണെന്നുമെനിക്കുനീയോമനേ
ദുഃഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള
ദുഃഖമെന്താനന്ദമാണെനിക്കോമനേ,
എന്നെന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ
നിന്നസാന്നിധ്യം പകരുന്ന വേദന.

## ബാല്യകാലസഖി

വിഷ്ണുനാരായണൻ നമ്പൂതിരി

നിന്നെക്കുറിച്ചിനി
യൊന്നു പാടട്ടെ ഞാൻ.
ഉള്ളം തുറന്നൊന്നു പാടി
ഞാനോർക്കട്ടെ
നിന്നെ; നിന്നെക്കണ്ടുദിച്ച പുലരികൾ;
നിൻവിരൽത്തുമ്പത്തുണർന്ന നറും
പൂക്കൾ;
നിൻമിഴിത്തെല്ലിൽ നിഴലിച്ചു നിന്ന ഞാൻ;
എന്റെ നിശ്ശൂന്യതയിങ്കൽ നിൻ പുഞ്ചിരി
എന്റെ മൗഢ്യത്തിൽ ചുണതരും
നിൻമൊഴി;
മെല്ലെപ്പുണിപ്പെട്ടുയർത്തും മുഖാംബുജം
തന്നിൽ ചെറുപിണക്കത്തിൻ കരിമ്പുക;
നീ ചമഞ്ഞോരുനാൾ നോക്കിയില്ലേട്ട
നെൻ
നേരെ' യെന്നാകെക്കലമ്പും പരിഭവം;
നമ്മൾ പൂതേടിച്ചവിട്ടിയ മുള്ളുകൾ;
നമ്മെയൊന്നിച്ചു വരിഞ്ഞിട്ട നോവുകൾ;
നിന്നെക്കുറിച്ചിനിയെന്തുപാടേണ്ടു
ഞാൻ!
നിന്നെക്കുടിവെച്ചതില്ലെൻ കുടിലിൽ
ഞാൻ.
ഉമ്മവെച്ചിട്ടില്ലിതേവരെ; കണ്ണെറി-
ഞ്ഞില്ല; കൈമാറിയിട്ടില്ല കുറിപ്പുകൾ;
പിൻ നിലാവേറ്റു നാം നിൽക്കേ
കുയിലിണ
കൂകി; പൂന്തേൻനുകർന്നീല വണ്ടുകൾ;
ചാഞ്ഞീല നീയെൻ വലങ്കയ്യിൽ; നിൻ
കാതി-
ലാഞ്ഞു പതിച്ചതില്ലെൻ
നെഞ്ചിടിപ്പുകൾ;
എന്തിന്,നീയാം
വികാരമെൻഹൃൽപ്പുഷ്പ-
ഗന്ധമായ് നിന്നതിന്നാരുണ്ടു സാക്ഷി
യായ്?

എന്നാൽ, തുലാക്കോളിലൂഴിവാനങ്ങളെ
തുണ്ടുതുണ്ടാക്കുമിടിമഴചീറവേ,
മാറിൽമയങ്ങുമെൻ കാന്തയെച്ചുണ്ടി
നാൽ,
നേരിയ വേർപ്പണിക്കയ്യാൽ, തഴുകവേ
എന്തിന് മിന്നൽപോലെങ്ങുനിന്നിന്നലെ
വന്നു നീയുള്ളിൽ തെളിഞ്ഞൂ
നൊടിയിട?

### പ്രഭാഷണം

എൻ.വി, വൈലോപ്പള്ളി, ആശാൻ എന്നീ കവികളുടെ വരികൾ വായിച്ച് ആശയം സംഗ്രഹിക്കാനാവശ്യപ്പെടുന്നു.

ഈ കവിതാഭാഗങ്ങളിലെ പ്രണയ സങ്കല്പം വിശകലനം ചെയ്ത് 'സന്ദർശന'ത്തിലേതുമായി താരതമ്യം ചെയ്യുക.

വിലയിരുത്തലുകൾ അവതരിപ്പിക്കട്ടെ.

- ആത്മാർത്ഥമില്ലായ്മ
- സ്ഥിരതയില്ലായ്മ
- ലാഭേച്ഛ
- കാമപരത
- ക്രൂരത

പ്രണയത്തെക്കുറിച്ചുള്ള ഇത്തരം ആശങ്കകൾ പഠിതാക്കൾ വരികളിൽനിന്ന് തിരിച്ചറിയട്ടെ.

ലിപ്സ്റ്റിക്കിന്റെ മധുരം, ഉമിനീർ, പേരു കേട്ടാൽ പേടി ഇത്തരം പ്രയോഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുക. ഇവ പ്രണയത്തെക്കുറിച്ച് അതതു കവികളുടെ സങ്കല്പങ്ങൾ അല്ല. പ്രണയത്തിനു സംഭവിക്കാവുന്ന അപചയത്തെക്കുറിച്ചുള്ള അവരുടെ ആശങ്കകളാണ്.

അഭിപ്രായങ്ങൾ സംഗ്രഹിച്ച് "പ്രണയഭാവത്തിന്റെ ഭിന്നമുഖങ്ങൾ കവിതയിൽ" എന്ന വിഷയത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നു. അവ പ്രയോജനപ്പെടുത്തി കുട്ടികൾ പ്രഭാഷണക്കുറിപ്പുകൾ തയ്യാറാക്കി അവ തരിപ്പിക്കട്ടെ. കുട്ടികൾ അവ വിലയിരുത്തട്ടെ.

**വിലയിരുത്തൽ സൂചകങ്ങൾ**

1. ആശയധാരണ
2. അവതരണമികവ്
3. നിരീക്ഷണങ്ങളിലെ തനിമ

## ഓർമ്മയുടെ ഞരമ്പ്

### പാഠാപഗ്രഥനം

ഓർമയുടെ ഞരമ്പ് പല വിതാനത്തിൽ വായനാസാധ്യതയുള്ള കഥയാണ്. രണ്ടു തലമുറയിലെ സ്ത്രീകൾ പ്രധാനകഥാപാത്രങ്ങളായി വരുന്ന ഈ കഥയിൽ ഭൂതകാലവും വർത്തമാനവും തമ്മിലുള്ള അഭിമുഖീകരണമുണ്ട്. അതിലുമപ്പുറം മറ്റു പല പ്രമേയങ്ങളും തൊട്ടും തടഞ്ഞും കഥയെ ശ്രദ്ധേയമാക്കുന്നു. ചില സാധ്യതകൾ നമുക്കാരായാം.

- വാർധക്യത്തിന്റെ ഒറ്റപ്പെടൽ
- ഓർമ/മറവി
- സാമൂഹികത/വൈയക്തികത
- സ്ത്രീപ്രശ്നങ്ങൾ
- എഴുത്തുകാരിയുടെ ജീവിതം

ചെറുകഥ ധാരാളിത്തത്തിന്റെ കഥയല്ല. അതുകൊണ്ടുതന്നെ ചെറുകഥയിൽ ധാരാളം കഥാപാത്രങ്ങളും സംഭവങ്ങളും പ്രതീക്ഷിക്കാവുന്നതല്ല. രണ്ട് കഥാപാത്രങ്ങളെ കേന്ദ്രീകരിച്ച് വികസിക്കുന്ന കഥയാണ് ഓർമയുടെ ഞരമ്പ്. വൃദ്ധയും

നവവധുവായ യുവതിയും. ഇവർ തമ്മിൽ അകലമുണ്ട്. പ്രായത്തിൽ മാത്ര മല്ല അഭിരുചികളിലും. യുവതിക്ക് ആദ്യ മൊന്നും വൃദ്ധയോട് യാതൊരാഭിമു ഖ്യവും തോന്നുന്നില്ല.

അവരുടെ വെപ്പുപല്ലും പഴമ്പുരാണം പറ ച്ചിലും അവളിൽ മടുപ്പുണ്ടാക്കുന്നു. പിന്നീട് ആ മാനസികാവസ്ഥയ്ക്ക് സംഭ വിക്കുന്ന സ്വാഭാവികമായ വ്യതിയാനം ചെറുസൂചനകളിലൂടെ കഥയിൽ വെളി പ്പെടുന്നുണ്ട്. 'വെപ്പുപല്ലുകൾ എന്ന 'കൃത്രിമമായ കൊച്ചരിപ്പല്ലുകൾ' ഇഷ്ട ത്തിന് വഴിമാറുന്നത് ശ്രദ്ധിക്കുക. പതി യെപ്പതിയെ വൃദ്ധയിൽ യുവതി തന്നെ ത്തന്നെ കാണുവാൻ തുടങ്ങുന്നതാവാം ഈ മനോഭാവമാറ്റത്തിനുള്ള കാരണം. സ്ത്രീയുടെ എഴുതപ്പെടാത്ത ചരിത്ര മാണ് മുന്നിലിരിക്കുന്നതെന്ന തിരിച്ചറി വിലേക്ക് യുവതി എത്തിച്ചേരുന്നു. വൃദ്ധ യുടെ ചരിത്രം അവരിൽ അവസാനിക്കു ന്നില്ലെന്നും തന്നിലൂടെ തുടരുന്നു വെന്നും അവളറിയുന്നു.

വൃദ്ധയുടെ ഓർമകൾ ചിന്നിച്ചിതറി വീഴു ന്നവയാണ്. അവയ്ക്ക് കൃത്യതയോ ക്രമമോ ദീക്ഷിക്കാൻ പറ്റുന്നില്ല. ചില സവിശേഷ ജീവിത സന്ദർഭങ്ങളിൽ മാത്രമേ ഓർമയുടെ വെളിച്ചം വീഴു ന്നുള്ളൂ. പക്ഷേ ആ സന്ദർഭചിത്രങ്ങൾ അടുക്കിവെച്ചാൽ ഒരു പൂർണ ജീവിത വൃത്തം കല്പിച്ചെടുക്കാൻ നമുക്കുകഴി യും. സ്വാതന്ത്ര്യസമരകാലത്തിന്റെ പശ്ചാത്തലത്തിൽ ബാല്യം, കവിതയെ ഴുത്തിന്റെ ആദ്യ ശ്രമങ്ങൾക്ക് ലഭിക്കുന്ന അനുമോദനം, ദാമ്പത്യം, അസ്വാതന്ത്ര്യ ത്തിന്റെയും അവഗണനയുടെയും തുടർക്കാലം, സർഗാത്മകതയുടെ മുരടി പ്പ്, വാർധക്യത്തിന്റെ ഏകാന്തത, ഓർമ കൾക്കുമേൽ മറവിയുടെ ആധിപത്യം ഇങ്ങനെയൊരു രൂപരേഖ കഥയിൽ നിന്ന് വരച്ചെടുക്കാൻ കഴിയും.

കേരളത്തിലെ സാമ്പ്രദായിക കുടുംബ ഘടനയ്ക്കകത്ത് ഒരു സ്ത്രീക്ക് വിധിച്ചി ട്ടുള്ള അനുഭവങ്ങൾ തന്നെയായിരുന്നു വൃദ്ധയുടേതും. "പശുക്കളെ ആരുനോ ക്കും. അച്ഛന്റെ അസ്ഥിത്തറേല് ആരു തിരികൊളുത്തും"- ഇവയൊക്കെ പരമ്പ രാഗത ചോദ്യങ്ങൾ തന്നെയാണ്. പക്ഷേ, വൃദ്ധയിലെ സ്ത്രീസത്ത ഒരു ശരാശരി വീട്ടമ്മയുടേതല്ല. ബാല്യത്തിൽ തന്നെ മഹാകവി വള്ളത്തോളിന്റെ അനുമോ ദനം ഏറ്റുവാങ്ങിയ എഴുത്തുകാരിയായി രുന്നു അവർ. കഥയിൽ അവരെഴുതി പൂർത്തിയാക്കാത്ത കഥകളെക്കുറിച്ചുള്ള സൂചനകളുണ്ട്. സ്വാതന്ത്ര്യസമരത്തിൽ ജയിലിൽ പോവുന്ന സ്ത്രീയക്കുറിച്ചായി രുന്നു ആദ്യകഥ. രണ്ടാമതെഴുതിത്തുട ങ്ങിയത് ശ്രീരാമജയം (അന്ന് ഭർത്താവ് ഡൽഹിയിൽ അധികാരപദവിയിലിരിക്ക യായിരുന്നുവെന്നത് ശ്രദ്ധേയമാണ്). ഒടു വിലെഴുതാൻ പറ്റാതെ പോയ കഥയുടെ പേര് 'ദുർമരണ'മെന്നാണ്. സ്വാതന്ത്ര്യതാ ദർശനത്തിൽനിന്ന് ദുർമരണത്തിലേ ക്കുള്ള വീഴ്ചയായി വൃദ്ധസ്വന്തം കഥ പറഞ്ഞു തീർക്കുന്നു. എഴുത്തുകാരി യുടെ ജീവിതം കഥയിൽ പ്രശ്നവത്ക്ക രിക്കപ്പെടുന്നത് ഇടവിട്ടുള്ള ഭൂതകാലാ നുഭവ സൂചനകളിലൂടെയാണ് - ഓർമ കളുടെ ചെറുചീളുകൾ പല അകലങ്ങ ളിൽ വിന്യസിച്ചുകൊണ്ട്.

വൃദ്ധയുടെ ഓർമകൾ കേവലം വൈയ ക്തികങ്ങളല്ലെന്നത് പ്രധാനമാണ്. തീർത്തും സ്വകാര്യമെന്നു തോന്നിപ്പിക്കു ന്നവപോലും ചരിത്രപരമായ മുഴക്കമുള്ള വയത്രെ. വള്ളത്തോളിനെക്കുറിച്ചുള്ള

പരാമർശം, സ്വാതന്ത്ര്യസമരകാലപശ്ചാത്തലം – ഇവയൊക്കെ ഉദ്ബുദ്ധമായ ഒരു കാലത്തിന്റെ തുറസ്സുകളെ ഓർമിപ്പിക്കുന്നു. ദീർഘമായ ജീവിത സഞ്ചാരത്തിനൊടുവിൽ വൃദ്ധ വന്നെത്തുന്നതെവിടെയാണ്? എപ്പൊഴേ കത്തിത്തീർന്ന ചന്ദനത്തിരിയുടെ ഗന്ധമുള്ള ചൂടുകാറ്റ് ഭ്രാന്തെടുത്തു വീശുന്ന മുറിയ്ക്കകത്ത്. ഇക്കഥയിൽ ദേശജീവിതത്തിന്റെ ചരിത്രപരമായ വിശകലനം പരോക്ഷമായ അന്തർധാരയായി വർത്തിക്കുന്നുണ്ടെന്ന കാര്യവും സൂചിപ്പിക്കപ്പെടേണ്ടതുതന്നെ.

കഥയിലെ നവവധുവായ യുവതി ഒരാഖ്യാതാവായി വേറിട്ടു നില്ക്കുകയാണെന്ന് പ്രത്യക്ഷത്തിൽ തോന്നാം. പക്ഷേ വൃദ്ധയുടെ കഥ പൂർത്തീകരിക്കുന്നത് അവളിലൂടെയാണ്. നദിയുടെ ഓരത്തിരുന്ന് പ്രവാഹം കാണുന്നയാൾ പതിയെ ഒഴുക്കിലേക്കലിഞ്ഞു പോവുന്ന അനുഭവമാണവളുടേത്. അവളുടെ അനുഭവങ്ങളോ പശ്ചാത്തലമോ കഥയിൽ കാര്യമായി സൂചിതമാവുന്നില്ല. പക്ഷേ വൃദ്ധ പറയുന്നത് അവളുടെയും കഥ തന്നെയാകുന്നു. അവളുടെ മുന്നിൽ മറ്റൊരുവൾ കേൾവിക്കാരിയായിരുന്നാൽ അവൾ പറയുന്ന കഥ വേറൊന്നാവാൻ വഴിയില്ല. കഥാന്ത്യത്തിൽ വൃദ്ധയുടെ കഴുത്തിലെ വയലറ്റു നിറമുള്ള ഞരമ്പ് – ഓർമയുടെ ഞരമ്പ് – തന്നിൽ തന്നെ അവൾ തിരയുകയാണ്.

തുടർച്ചയില്ലായ്മയുടെ അനുഭവമാണ് കഥയുടെ ഒരു സവിശേഷത. അനുഭവങ്ങൾക്കും സംഭവങ്ങൾക്കുമിടയിലുള്ള വിടവ് പൂരിപ്പിക്കുന്നത് വൃദ്ധയുടെ ഓർമകളുടെ ഇടർച്ചയും മറുചലനങ്ങളുമാണ്. ഓർമകൾക്കുമേൽ പണിത ശില്പമാണ് കഥാനാമം തന്നെ സൂചിപ്പിക്കും പോലെ




'ഓർമയുടെ ഞരമ്പ്:' വൃദ്ധയുടെ ഭാഷണമെല്ലാം ആത്മഭാഷണമാണ്. രണ്ടാമതൊരു കഥാപാത്രത്തിന്റെ സാന്നിധ്യം അവർക്ക് ഓർമകളിലേക്കുള്ള തിരിച്ചുനടത്തത്തിനുള്ള നിമിത്തം മാത്രമാണ്. പക്ഷേ യുവതിയെ സംബന്ധിച്ചിടത്തോളം വൃദ്ധ ഒരു ബോധോദയം തന്നെയാണ്. ഇവർ തമ്മിലുള്ള വിനിമയമാണ് ഈ കഥ. പക്ഷേ വിനിമയത്തിനുള്ള മാർഗം പരസ്പരഭാഷണമാണെന്ന് പറയാൻ വയ്യതാനും. വൃദ്ധമാത്രമാണ് സംസാരിക്കുന്നത്. കേൾവിക്കാരിയുടെ പ്രതികരണങ്ങളും ചേഷ്ടാഭേദങ്ങളുമാണ് കഥയെ പൂരിപ്പിക്കുന്നത്.

## പഠനപ്രവർത്തനങ്ങൾ

### പാനൽ ചർച്ച

ചരിത്രത്തിൽ സ്ത്രീയുടെ സാന്നിധ്യവും പ്രാധാന്യവും വേണ്ടവിധം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടോ? അവളെന്തുകൊണ്ടാണിന്നും രണ്ടാം നിരക്കാരിയായി തുടരുന്നത്? സമൂഹഘടനയിൽ ഗുണപരമായ മാറ്റങ്ങൾ പലതുമുണ്ടായിട്ടുണ്ട്. ജനാധിപത്യബോധം കുടൂതൽ പ്രബലമായി. പക്ഷേ, സ്ത്രീയുടെ സാമൂഹികപദവിയിൽ കാതലായ മാറ്റമുണ്ടായോ? വിദ്യാഭ്യാസ, തൊഴിൽമേഖലകളിൽ സ്ത്രീയുടെ സാന്നിധ്യം വർദ്ധിച്ചിട്ടുണ്ടെന്നതും ശരിതന്നെ. സൂക്ഷ്മമായ പരിശോധന ഈ സന്ദർഭത്തിലാവശ്യമായി വരുന്നു. ഈ ആശയമേഖലയാണ് പാനൽ ചർച്ചയുടെ വിഷയം.

സ്ത്രീവിവേചനത്തിന്റെ അധികസൂചനകൾ പാഠഭാഗത്തു നിന്ന് കണ്ടെത്തട്ടെ.

- കഥാസൂചനകളിൽ തെളിയുന്ന സ്ത്രീയവസ്ഥകളെന്തൊക്കെയാണ്?
- കഥയിൽ പ്രത്യക്ഷപ്പെടാത്ത സ്ത്രീജീവിതത്തിന്റെ പൊതുപ്രശ്നങ്ങൾ എന്തൊക്കെയാണ്?

ഇക്കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകളിലൂടെ പ്രവർത്തനം ആരംഭിക്കാം.

ചർച്ചയിൽ സൂചിതമാവുന്ന പ്രധാനനിഗമനങ്ങൾ രേഖപ്പെടുത്തണം.

ഈ ആശയമേഖലയെക്കുറിച്ചുള്ള കൂടുതൽ തെളിച്ചത്തിനായി ഒരു പാനൽ ചർച്ച ആകാം.

വിഷയം : സ്ത്രീപദവി: ഇന്നലെ ഇന്ന്, നാളെ (സ്ത്രീ അവസ്ഥയുമായി ബന്ധപ്പെട്ട സമാനമായ മറ്റു വിഷയങ്ങളും ആവാം).

### പാനൽ ചർച്ച

വ്യത്യസ്തങ്ങളായ കാഴ്ചപ്പാടും ആശയങ്ങളും ഉള്ള വിദഗ്ധർ ഒരു വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന പ്രവർത്തനമാണ് പാനൽ ചർച്ച. ഒരു ചോദ്യത്തിന് ലളിതമായ ഒരുത്തരം മാത്രമല്ല ഇന്നുള്ളത്. ഏത് ചോദ്യത്തിനെയും വ്യത്യസ്ത കാഴ്ചപ്പാടോടെ സമീപിക്കുമ്പോൾ ഉത്തരം വ്യത്യസ്തമാകുന്നു. സങ്കീർണമായ സാമൂഹിക വിഷയങ്ങളെക്കുറിച്ചാകുമ്പോൾ അഭിപ്രായങ്ങൾ വ്യത്യസ്തം മാത്രമല്ല. ചിലപ്പോൾ വിരുദ്ധം പോലുമാകും.

പാനൽ ചർച്ചയ്ക്ക് 3 ഘടകങ്ങളുണ്ട്. ഒന്നാമതായി വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന വിദഗ്ധർ. ഓരോ മേഖലയിൽ പ്രാവീണ്യം നേടിയ ആളുകളെയാണ് വിദഗ്ധരായി ചർച്ചകളിൽ പങ്കെടുപ്പിക്കേണ്ടത്. ബാലവേലയെ സംബന്ധിക്കുന്ന ഒരു പാനൽചർച്ചയിൽ കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സാമൂഹിക പ്രവർത്തകൻ, അധ്യാപകൻ, രാഷ്ട്രീയ പ്രവർത്തകർ, ശിശുമനഃശാസ്ത്രജ്ഞർ മുതലായവർ വിദഗ്ധരായെത്താം. മറ്റൊരു പ്രധാനപ്പെട്ട ഘടകം മോഡറേറ്ററാണ്. മോഡറേറ്ററും വിഷയത്തെക്കുറിച്ച് പഠിച്ച ആളാകണം. യുക്തമായ ചോദ്യങ്ങൾകൊണ്ട് ചർച്ച നയിക്കാനും, ചില കാര്യങ്ങൾ വിശദീകരിക്കാനും, ആശയസമന്വയത്തിലെത്തിക്കാനും മോഡറേറ്റർക്കു കഴിയണം. മൂന്നാമത്തെഘടകം ചർച്ചയിലെ പങ്കാളികളാണ്. അവർക്കും ചർച്ചയിൽ ഉത്തരവാദിത്വങ്ങളുണ്ട്. ജനാധിപത്യ മര്യാദകൾ പാലിച്ചുകൊണ്ടു തന്നെ വിദഗ്ധർ നല്കുന്ന ഉത്തരങ്ങളോട് വിയോജിക്കാനും ചോദ്യങ്ങൾ ചോദിക്കാനും അവർക്ക് അവസരമുണ്ട്.

ചർച്ച ചെയ്യേണ്ടുന്ന ആശയങ്ങൾ എന്തൊക്കെയാണ്?

- ചില മേഖലകളിൽ സ്ത്രീമുന്നേറ്റം സാധ്യമായിട്ടുണ്ടെങ്കിലും ഈ മുന്നേറ്റത്തിന്റെ ആനുകൂല്യം എല്ലാ സ്ത്രീകൾക്കും ലഭിച്ചിട്ടുണ്ടോ?
- കുടുംബത്തിനകത്ത് സ്ത്രീ എങ്ങനെയാണ് പരിഗണിക്കപ്പെടുന്നത്?

തുടങ്ങി പാനലിലെ വിദഗ്ധരോട് മോഡറേറ്റർ ഉന്നയിക്കേണ്ട പ്രധാന ചോദ്യങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തട്ടെ. താഴെ കൊടുത്ത മേഖലകൾ വരാൻ അധ്യാപിക ശ്രദ്ധിക്കണം:

- സ്ത്രീ രണ്ടാം നിരയിലേക്ക് തള്ളപ്പെടാൻ ഇടയായ കാരണങ്ങൾ
- സ്ത്രീ പദവിയെ സംബന്ധിക്കുന്ന പരമ്പരാഗത കാഴ്ചപ്പാടുകൾ
- സാമൂഹിക മുന്നേറ്റങ്ങളിൽ സ്ത്രീയുടെ പങ്കാളിത്തം
- കുടുംബച്ചുമതലകൾ നിശ്ചയിക്കുന്നതിലുള്ള വിവേചനം
- സ്ത്രീകൾ അവഗണിക്കപ്പെടുന്ന മേഖലകൾ
- സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്ന മേഖലകൾ
- സ്ത്രീ മുന്നേറ്റത്തിന്റെ പ്രകടമായ തെളിവുകൾ

## താരതമ്യം

കഥയുടെ തുടക്കത്തിൽ പെൺകുട്ടിക്കുണ്ടായിരുന്ന 'അസഹിഷ്ണുത' കഥാന്ത്യത്തിൽ 'ആകാംക്ഷ'യായി രൂപപ്പെടുന്നതിനുള്ള കാരണങ്ങൾ അന്വേഷിക്കുമ്പോൾ കഥയുടെ കേന്ദ്രപ്രമേയമാണ് ചർച്ചയാകേണ്ടത്.

> പാനലിലെ വിദഗ്ധരെ വിഷയത്തിൽ നേടിയിട്ടുള്ള ധാരണ, പ്രതികരണങ്ങളിലെ കൃത്യത, ആശയവിനിമയശേഷി തുടങ്ങിയ സൂചകങ്ങളാൽ വിലയിരുത്താം. മോഡറേറ്റർ കൃത്യവും കുറിക്കുകൊള്ളുന്നതുമായ ചോദ്യങ്ങൾ കൊടുക്കുന്നതിനും വിവിധ വിദഗ്ധർക്ക് ചോദ്യങ്ങൾ വിഭജിച്ച് നൽകുന്നതിനും പങ്കെടുക്കുന്നവരുടെ അഭിപ്രായങ്ങളെയും നിർദേശങ്ങളെയും മാനിക്കുന്നതിനും കഴിവുള്ള ആളാകണം. പങ്കാളികൾക്ക് ആശയം ശരിയായി ഉൾക്കൊണ്ടുകൊണ്ടും ചർച്ചകളിൽ ഇടപെടാനുള്ള കഴിവ്, ഉദ്ദേശിക്കുന്ന കാര്യം ശരിയായി വിനിമയം ചെയ്യാനുള്ള കഴിവ്, (ജനാധിപത്യ മര്യാദകൾ പാലിച്ചുകൊണ്ട്) എന്നിവയും ഉണ്ടാകണം.

- വൃദ്ധ, പെൺകുട്ടി എന്നിവർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള സമാനത കണ്ടെത്താൻ കഴിയുമോ? പെൺകുട്ടിക്ക് വൃദ്ധയോട് തുടക്കത്തിൽ തോന്നുന്ന അസഹിഷ്ണുത സാവധാനം അടുപ്പമായി മാറുന്നതിന് കാരണമെന്താവാം? തന്റെ തന്നെ അപരസ്വത്വമായി വൃദ്ധയെ കാണാൻ പെൺകുട്ടിക്ക് കഴിഞ്ഞുവോ? ഏതെല്ലാം സന്ദർഭങ്ങളിലാണ് പെൺകുട്ടിക്ക് വൃദ്ധയോട് അനിഷ്ടം തോന്നുന്നത്? ഇത്തരം ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രവർത്തനത്തിലേക്കു പ്രവേശിക്കാം.

അസഹിഷ്ണുതയ്ക്കുള്ള കാരണങ്ങൾ:

- അവരുടെ രൂപം

- അവർ പഴമ്പുരാണങ്ങൾപറഞ്ഞു കൊണ്ടിരിക്കുന്നു.
- അവരിൽ പ്രസാദവത്തായി ഒന്നുമില്ല

ആകാംക്ഷയെന്തു കൊണ്ടാവാം?

- ഈ സ്ത്രീ താനടങ്ങുന്ന സ്ത്രീവർഗ്ഗത്തിന്റെ പ്രതിനിധി തന്നെയാണ്.
  - ഇവർ ഒരു ചരിത്രമാണ്
  - ഇവരുടെ തുടർച്ചയാണ് താനും
  - അവരുടെ വലിപ്പവും വൈശിഷ്ട്യവും തിരിച്ചറിയുന്നു.

വൃദ്ധ അനുഭവിച്ചിരുന്ന അസ്വാതന്ത്ര്യം, അവഗണനന, അപമാനം തുടങ്ങിയവ പുതിയ കാലത്തിന്റെ പ്രതിനിധിയായ പെൺകുട്ടി അനുഭവിക്കുന്നുണ്ടോ? അതായിരിക്കുമോ പെൺകുട്ടിക്ക് വൃദ്ധയോട് സഹഭാവം തോന്നാൻ കാരണം? അങ്ങനെയെങ്കിൽ, തന്റെ ജീവിതത്തിൽ പെൺകുട്ടിക്ക് നേരിടേണ്ടിവന്നിട്ടുള്ള അത്തരം അനുഭവങ്ങളെക്കുറിച്ച് ഈ കഥയിലുള്ള സൂചനകൾ കണ്ടെത്താമോ?

- "രാവിലെ സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി. ഒരു തുള്ളി രക്തം പോലെ അതു വിരൽത്തുമ്പിൽ ഒരു നിമിഷം തങ്ങി. പിന്നെ മെല്ലെ താഴേക്കു വീണു മരിച്ചു."
- "അർഹിക്കുന്ന ആദരം കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ അയാൾ ചോദിച്ചു."

മേൽക്കൊടുത്ത വാചകങ്ങൾ പെൺകുട്ടിയുടെ ജീവിതത്തിന്റെ ഏതുതരം അനുഭവമാണ് സൂചിപ്പിക്കുന്നത്? കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

"കുട്ടി എഴുതുമോ?" എന്ന് വൃദ്ധ ചോദിച്ചപ്പോൾ പെൺകുട്ടി ഒന്നും മിണ്ടുന്നില്ല. അവളുടെ ഉള്ളിലും ഒരു എഴുത്തുകാരി ഉണ്ടായിരിക്കാം.

കെ.സരസ്വതി അമ്മ, ലളിതാംബിക അന്തർജ്ജനം, രാജലക്ഷ്മി, മാധവിക്കുട്ടി, സാറാജോസഫ് തുടങ്ങിയ എഴുത്തുകാരികളിൽ ചിലരെങ്കിലും അനുഭവിച്ച വിങ്ങലുകളും അവരുടെ കഥകളിൽ ആവിഷ്കൃതമാകുന്ന സ്വാതന്ത്ര്യബോധവും ക്ലാസിൽ ചർച്ചയാക്കുന്നത് നല്ലതാണ്.

ഇവയുടെ അടിസ്ഥാനത്തിൽ സമാന അനുഭവങ്ങൾ പങ്കുവയ്ക്കുന്ന വൃദ്ധയുടെയും പെൺകുട്ടിയുടെയും ജീവിതത്തെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാം.

### ഔചിത്യം കണ്ടെത്താം

ഒരു വൃദ്ധയുടെ ഓർമ്മകളെ കേന്ദ്രീകരിച്ചാണ് ഈ കഥ വികസിക്കുന്നത്. ഓർമ്മകളാണ് അവരെ ജീവിപ്പിക്കുന്നത്. അവയില്ലാതാവുമ്പോൾ അവരുമില്ലാതാവും. ഈ ഓർമ്മകൾ കേവലം വൈയക്തികമല്ല. ഒരു ദേശത്തിന്റെ, ഒരു സമൂഹത്തിന്റെ, അവഗണിക്കപ്പെടുന്ന സ്ത്രീവർഗ്ഗത്തിന്റെ ഒക്കെ ചരിത്രമാണ് അവരുടെ ഓർമ്മകളുടെ കാതൽ. അതുകൊണ്ടുതന്നെ ഈ ശീർഷകത്തിൽ പറയുന്ന ഞരമ്പ് കഥയുടെ മർമ്മ സൂചകമാവുന്നു. ശീർഷകത്തെ പഠിക്കുമ്പോൾ കഥയുടെ പല വിതാനങ്ങളിലേക്കുള്ള സഞ്ചാരം എളുപ്പമാവുന്നു. കഥയുടെ ഇത്തരത്തിലുള്ള സൂക്ഷ്മ വിശകലനങ്ങളിലേക്ക് കുട്ടികളെ നയിക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കണം.

- ഞരമ്പിനെക്കുറിച്ചുള്ള സൂചന നാമാദ്യം കാണുന്നത് കഥയുടെ തുടക്കത്തിൽ തന്നെയാണ്. പിന്നീട്

ഏതൊക്കെ കഥാസന്ദർഭങ്ങളിലാണ് ഇത് തുടർന്നുവരുന്നത്?

- എന്തുകൊണ്ടായിരിക്കാം ഞരമ്പിനെക്കുറിച്ചുള്ള പരാമർശം ആവർത്തിക്കപ്പെടുന്നത്?
- പ്രത്യക്ഷത്തിൽ ഓർമ്മയ്ക്ക് ഞരമ്പുകളൊന്നുമില്ല. പക്ഷേ പല സന്ദർഭങ്ങളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നതുകൊണ്ടുതന്നെ കഥയിൽ ഞരമ്പിന് സവിശേഷമായ പ്രാധാന്യം കൈവരുന്നു.
- മറവിക്കെതിരായ ഓർമ്മയുടെ കലാപം അധികാരത്തിനെതിരായ കലാപം തന്നെയാണല്ലോ. ഈ ആശയവുമായി വൃദ്ധയുടെ ഓർമ്മകളെ എങ്ങനെ ബന്ധിപ്പിക്കാൻ പറ്റും?
  - വർത്തമാനകാലജീവിതം സംഭവരഹിതവും വിരസവുമാണ്.
  - അവർ ജീവിക്കുന്നത് ഓർമ്മകളിലാണ്.
  - ആ ഓർമ്മയുടെ ഞരമ്പറ്റാൽ അവരില്ല.
  - ഞരമ്പ് ഒരു പ്രതീകമായി മാറുന്നു.
  - ഞരമ്പിന്റെ സ്പന്ദനമാണ് ഓർമ്മ

ശീർഷകത്തിന്റെ ഔചിത്യത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

**വിലയിരുത്തൽ സൂചകങ്ങൾ**

- നിരീക്ഷണത്തിലെ തനിമ
- ഔചിത്യം
- അവതരണത്തിലെ മികവ്

### ചർച്ച ചെയ്യാം

- സ്വാതന്ത്ര്യം എന്ന സങ്കല്പത്തിന് ഈ കഥയിൽ വ്യത്യസ്തമായ മാനങ്ങളുണ്ട്.
  - ദേശത്തിന്റെ സ്വാതന്ത്ര്യം
  - സ്ത്രീയുടെ സ്വാതന്ത്ര്യം
  - ആവിഷ്കാര സ്വാതന്ത്ര്യം

ഈ ആശയങ്ങൾ കഥയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെയെന്നതിനെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.

'ജൊനാഥൻ എന്ന കടൽകാക്ക' സ്വാതന്ത്ര്യം എന്ന ആശയത്തെയും ഉൾക്കൊള്ളുന്നുണ്ടല്ലോ? ഈ പ്രവേശക പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചയിൽ നിന്ന് സ്വാതന്ത്ര്യം എന്ന ആശയത്തിലേക്ക് എത്തിച്ചേരാം.

– സ്വാതന്ത്ര്യം എന്നത് ഏതൊക്കെ തലങ്ങളിൽ പ്രസക്തമാണ്?

കുട്ടികൾ പ്രതികരണങ്ങൾ രേഖപ്പെടുത്തട്ടെ.

- രാഷ്ട്രീയമായ സ്വാതന്ത്ര്യം
- സാംസ്കാരികമായ സ്വാതന്ത്ര്യം
- സ്ത്രീ സ്വാതന്ത്ര്യം
- ആവിഷ്കാര സ്വാതന്ത്ര്യം
- വ്യക്തിയുടെ സ്വാതന്ത്ര്യം
- 

ഇവയിൽ ഏതൊക്കെ തലത്തിലുള്ള സ്വാതന്ത്ര്യങ്ങൾ ഈ കഥയിൽ പ്രമേയമായി വരുന്നുണ്ട്?

കുട്ടികൾ കഥ സൂക്ഷ്മമായി വായിക്കട്ടെ. കഥാവായനയ്ക്കുശേഷം പൊതുചർച്ചയാവാം.

അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ.

പാഠപുസ്തകത്തിലെ നാലാമത്തെ പ്രവർത്തനം ഇതിന്റെ തുടർച്ചയായി നടത്താവുന്നതാണ്.

- 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിൽ സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ട് കടന്നുവരുന്ന പരാമർശങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തട്ടെ.

താഴെ നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗപ്പെടുത്താം.

- ആദ്യത്തെ കഥ എഴുതുന്ന കാലത്ത് ഭർത്താവ് ജയിലിലായിരുന്നു.
- വള്ളത്തോൾ വന്ന ഒരു സമ്മേളനമുണ്ടായിരുന്നു. സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ്.
- ആദ്യകഥയുടെ പ്രമേയം.

സ്ത്രീസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട സൂചനകളെയും ഇതേപോലെ കണ്ടെത്താൻ ആവശ്യപ്പെടാം. ഉദാ:

- "പെണ്ണായാൽ ചോറും കറീം വെക്കണം, പെറണം"
- "ഇവിടുത്തെയാളുടെ ഇഷ്ടംപോലാവട്ടെ. എന്തിനാ വെറുതെ ഒരു കലശൽ?"

ആവിഷ്കാര സ്വാതന്ത്ര്യനിഷേധത്തെ പരാമർശിക്കുന്ന എന്തൊക്കെ സൂചനകൾ കഥയിൽനിന്ന് വായിച്ചെടുക്കാം.

- അമ്മ കാണാതെ കഥ എഴുതേണ്ടിവന്ന അവസ്ഥ
- കള്ളപ്പേരിൽ കഥ എഴുതിയ അനുഭവം

സ്വാതന്ത്ര്യം ജനാധിപത്യബോധവുമായി ഇഴചേർന്നു നിൽക്കുന്ന ഒരു മൂല്യമാണ്. ദേശത്തിന്റെ സ്വാതന്ത്ര്യം, കുടുംബത്തിനകത്തെ സ്ത്രീപദവി, സ്ത്രീകളുടെ സ്വതന്ത്രാവിഷ്കാരത്തിനോടുള്ള പുരുഷന്മാരുടെ സമീപനം തുടങ്ങിയവ ചർച്ചാവിധേയമാക്കാം. കഥയുടെ കാലികമായ പ്രസക്തിയെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുകയുമാവാം.

വൃദ്ധയ്ക്കുള്ളതുപോലെ, പറയാനൊരു ചരിത്രം പുതുതലമുറയുടെ പ്രതിനിധി എന്ന നിലയിൽ കഥയിലെ പെൺകുട്ടിക്കുമുണ്ടോ എന്ന ചോദ്യം ക്ലാസിൽ ചർച്ചയ്ക്കായി ഉന്നയിക്കണം. തുടർന്ന് വൃദ്ധ ഓർത്തെടുക്കുന്ന പ്രസക്തമായ ജീവിത സന്ദർഭങ്ങൾ കഥയിൽ നിന്ന് കണ്ടെത്തുക.

- വള്ളത്തോളിനെ ആദ്യമായി കണ്ടത്
- വിവാഹസന്ദർഭം
- 

കഥയിലെ പെൺകുട്ടിക്കും ഓർത്തെടുത്ത് പറയാൻ ഇതുപോലുള്ള ജീവിതാനുഭവങ്ങളാണോ ഉണ്ടാവുക?

കുട്ടികൾ സ്വതന്ത്രമായി അഭിപ്രായം പറയട്ടെ. അനുഭവങ്ങൾ വ്യത്യസ്തമാകുമെങ്കിലും പുതുതലമുറയ്ക്കും ഓർത്തെടുക്കാനും പറയാനും ഒരു ചരിത്രമുണ്ടാകുമെന്ന ആശയത്തിൽ ചർച്ച ക്രോഡീകരിക്കപ്പെടണം. പഴയതലമുറയ്ക്ക് മാത്രമേ ചരിത്രാനുഭവങ്ങൾ പറയാനുള്ളൂ എന്ന അമിതമായ ഭൂതകാലരതിയിലേക്ക് ക്ലാസ് മാറാതിരിക്കാൻ ശ്രദ്ധിക്കണം. ഓരോ തലമുറയ്ക്കും ജനവിഭാഗത്തിനും അവരുടേതായ ചരിത്രമുണ്ടെന്ന പുതുബോധത്തിലേക്ക് ക്ലാസ്സ് വളരണം.

## വേരുകൾ നഷ്ടപ്പെടുത്തുന്നവർ

### പാഠാപഗ്രഥനം

ഇലകളായ് ഇനി നമ്മൾ ജനിക്കുമെങ്കിൽ

ഒരേ വൃക്ഷത്തിൽ പിറക്കണം

എന്ന് എ.അയ്യപ്പൻ (ആലില) സ്വപ്നം കാണുന്നുണ്ട്. ഇലയടരുകൾ മണ്ണിൽ ലയിച്ചു ചേർന്ന് പുനർജ്ജനിക്കുന്ന കാഴ്ച എൻ.എ.നസീറിന്റെ വേരുകൾ നഷ്ടപ്പെടുത്തുന്നവരിലുണ്ട്. ഇത് ജൈവികവും ആത്മീയവുമായ ഒരു പുനർജ്ജനിയുടെ വിവരണം കൂടിയാണ്. പ്രകൃതി തരുന്ന ജീവിതത്തെക്കുറിച്ചുള്ള സരള പാഠങ്ങൾ അനുഭവപശ്ചാത്തലത്തിലാണ് നസീർ ആവിഷ്ക്കരിക്കുന്നത്. മണ്ണും മനുഷ്യനും തമ്മിലുണ്ടായിരുന്ന അഗാധമായ പാരസ്പര്യത്തിന്റെ സജീവചിഹ്നമായാണ് വൃക്ഷങ്ങളെ നസീർ കാണുന്നത്. വേരുകളാകട്ടെ ഇവിടെ സസ്യശാസ്ത്രത്തിലെ വേരുകളുമല്ല. കാടും നാടും ചുറ്റിവരുന്ന പുഴയുടെ കഥകൾ വൃക്ഷങ്ങൾക്കു പകർന്നു നൽകുന്നവളാണ്. പെരുമഴയിലും മലവെള്ളപ്പാച്ചിലിലും നഷ്ടപ്പെട്ടുപോവാതെ മണ്ണിനെ മാറോടണച്ച് കാത്തുപോരുന്ന പ്രണയിനിയാണ്.

നാം വേരുകൾ കൊത്തിയകറ്റുമ്പോൾ ഒടുവിലൊരു നിമിഷം തന്നോടൊപ്പം വളർന്നുവന്ന കൂട്ടുകാരെ അവസാനമായൊന്നുനോക്കുന്ന വൃക്ഷത്തിന്റെ നിലവിളി ലേഖകൻ കേൾക്കുന്നുണ്ട്. ഛായാഗ്രഹണത്തിനു വഴങ്ങാത്ത കാടിന്റെ അത്തരം ജൈവിക പ്രഭാവങ്ങൾ നസീർ എഴുത്തിൽ ആവാഹിക്കുന്നുണ്ട്.

കാടിനെക്കുറിച്ചുള്ള അക്കാദമികമായ ഒരു പഠനമല്ല 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ഈ ലേഖനം. അനുഭവങ്ങളാണ് ഇവിടെ തെളിവുകൾ. തൊട്ടും കണ്ടും കേട്ടും മണത്തും അറിഞ്ഞതിന്റെ പൊരുൾ വിശദീകരിക്കാനുള്ള ശ്രമമാണ് ലേഖകൻ നടത്തുന്നത്. ആശ്രയ ഗ്രന്ഥങ്ങളല്ല, ചമ്പനും കുമാരനും അരുണാചലവുമാണ് നസീറിന് വഴികാട്ടുന്നത്.

കാട്ടിലേക്കുള്ള യാത്രയിൽ എന്തുകൊണ്ട് വേരുകൾ പ്രധാനപ്രമേയമാകുന്നു?

കാട് വലിയൊരു പാഠശാലയാണ്. മനുഷ്യനെക്കുറിച്ച്, ചരിത്രത്തെക്കുറിച്ച്, ജീവിതത്തിന്റെ അനുസ്യൂതിയെക്കുറിച്ചൊക്കെയുള്ള വലിയ ദർശനങ്ങൾ കാട് പഠിപ്പിക്കുന്നുണ്ട്. വേരുകൾക്ക് ലേഖനത്തിൽ ലഭിക്കുന്ന അർത്ഥവ്യാപ്തി വലുതാണ്. വേരുകളോളം താഴ്ന്നാൽ മാത്രമേ ആകാശത്തോളമെത്താൻ കഴിയൂ എന്നു ലേഖകൻ സൂചിപ്പിക്കുമ്പോൾ കാടുതരുന്ന പാഠങ്ങളുടെ മാനവീയമാനങ്ങൾ നമ്മുടെ ശ്രദ്ധയിൽ വരും. വേരുകൾ ഇവിടെ ചരിത്രത്തിന്റെ സമൂഹസ്മൃതികളുടെയൊക്കെ സൂചകങ്ങളായി മാറുന്നു.

നാം പരിചയിച്ചുപോന്ന മനുഷ്യകേന്ദ്രിതമായ പ്രപഞ്ചബോധമല്ല നസീർ മുന്നോട്ടുവയ്ക്കുന്നത്. അടരുന്ന ഇലകളോളവും വീഴുന്നമരത്തോളവും മാത്രമേ അവിടെ മനുഷ്യനും സ്ഥാനമുള്ളൂ.

പ്രകൃതിയെ മനുഷ്യനുവേണ്ടി നിലനിർത്തേണ്ടതാണ് എന്നൊരുവാദവുമുണ്ട്. എന്നാൽ നസീറിന്റെ ലേഖനത്തിൽ തെളിയുന്നത് മനുഷ്യകേന്ദ്രിതമായ ഇത്തരമൊരു കാഴ്ചപ്പാടല്ല. അവിടെ മരങ്ങളും അവയുടെ വേരുകളും ഇലകളുമെല്ലാം പ്രധാനമാവുന്നു. കാല്പനികമായ ഒരു പ്രകൃത്യാരാധനയല്ലിത്. പ്രകൃതി




യുടെ നേരറിവിൽനിന്ന് സഞ്ചയിച്ച പാഠങ്ങളാണ്.

മനുഷ്യനും പ്രകൃതിയുമായി ഇണങ്ങി ജീവിച്ച ഒരു കാലമുണ്ടായിരുന്നു. (ചെമ്പനും, കുമാരനുമെല്ലാം ഇന്ന് അതിന്റെ ശേഷിപ്പുകളാണ്) ചരിത്രത്തിന്റെ ഏതോ ഘട്ടത്തിൽ പ്രകൃതിയെ കീഴടക്കുക എന്ന ഹിംസാത്മകമായ ബോധം പ്രാമുഖ്യം നേടി. നാഗരികതയുടെ വികാസമായിരുന്നു അത്. മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തിൽ വിള്ളലുണ്ടായി. എങ്കിലും നഷ്ടപ്പെട്ടുപോയ ആ പ്രാചീനമായ കാട്ടുജീവിതത്തിന്റെ ഓർമ്മ നമ്മുടെ ചോദനകളിൽ ഏതൊക്കെയോ രൂപത്തിൽ കുടികൊള്ളുന്നുണ്ട്. അതുകൊണ്ടാണ് നമ്മൾ കാവുകൾ സൃഷ്ടിച്ചത്. കാട്ടിലേക്കു പോകാൻ ആഗ്രഹിക്കുന്നത്, പൂന്തോട്ടങ്ങളുണ്ടാക്കുന്നത്.

അതുകൊണ്ട് വേരുകളെക്കുറിച്ചുള്ള അന്വേഷണം ഇന്നു നമുക്കു നഷ്ടമായ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചുള്ള അന്വേഷണമായി മാറുന്നു.

### പാഠഭാഗത്തേക്ക്

ലേഖനം കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നതിന് പ്രസിദ്ധമായ പഴയൊരു കഥ ഉപയോഗപ്പെടുത്താവുന്നതാണ്.

ഗുരുകുലപഠനത്തിനുശേഷം പിരിഞ്ഞുപോകുന്ന ശിഷ്യരിലൊരാൾ ആത്രേയ മഹർഷിയോട് വല്ലതും ഗുരുദക്ഷിണയായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. ആദ്യം വിസമ്മതിച്ച മുനി ശിഷ്യന്റെ നിർബന്ധത്തിനുവഴങ്ങി ദക്ഷിണ സ്വീകരിക്കാൻ തയ്യാറാവുന്നു. ഗുരു ആവശ്യപ്പെട്ടതിതായിരുന്നു. പ്രത്യേകിച്ചൊരുപയോഗവുമില്ലാത്ത നിസ്സാരമായൊരു ചെടി. ശിഷ്യൻ യാത്രപറഞ്ഞിറങ്ങി. വെറുമൊരു പാഴ്ച്ചെടി! എത്ര നിസ്സാരമായ ദക്ഷിണ!

ഓരോ ചെടിക്കരികിലെത്തുമ്പോഴും അതിന് എന്തെങ്കിലും ഉപയോഗമുണ്ടെന്ന് ശിഷ്യനറിഞ്ഞു. അപരിചിതമായ ഓരോ ചെടിയെക്കുറിച്ചും മറ്റുള്ളവരോട് ചോദിച്ചറിഞ്ഞു. വളരെക്കാലത്തെ അന്വേഷണങ്ങൾക്കും അലച്ചിലിനും ശേഷം ദുഃഖിതനായി ശിഷ്യൻ ഗുരുസന്നിധിയിലെത്തി. ഉപയോഗമില്ലാത്ത ഒരു പുൽച്ചെടിപോലും കണ്ടെത്താൻ തനിക്കു കഴിഞ്ഞിട്ടില്ലെന്ന് വേദനയോടെ അറിയിച്ചു. ഗുരു വാത്സല്യത്തോടെ ശിഷ്യനെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു. പ്രപഞ്ചത്തിൽ പരസ്പരാപേക്ഷിതമല്ലാത്ത ഒന്നും നിലനിൽക്കുന്നില്ല.

നീ നേടിയ ഈ തിരിച്ചറിവുതന്നെയാണ് എനിക്കുള്ള ദക്ഷിണ.

ഈ കഥ മുന്നോട്ടു വയ്ക്കുന്ന ആശയമെന്ത്? ചർച്ചചെയ്യുക. സമാനമായ ആശയങ്ങൾ തന്നെയാണോ വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന ലേഖനത്തിൽ പ്രത്യക്ഷപ്പെടുന്നത്?

കുട്ടികൾ വേരുകൾ എന്ന പാഠഭാഗം സൂക്ഷ്മമായി വായിക്കട്ടെ.

### കേന്ദ്രാശയം കണ്ടെത്താം

പാഠഭാഗത്തിലെ കേന്ദ്രാശയങ്ങൾ കുട്ടികളിലെത്തിക്കാൻ ചില ചോദ്യങ്ങളിലൂടെ കടന്നു പോകാവുന്നതാണ്.

ലേഖനത്തിൽ ചില മനുഷ്യരെ നസീർ പരിചയപ്പെടുത്തുന്നുണ്ടല്ലോ. അവർക്ക് പ്രകൃതിയുമായുള്ള ബന്ധം എങ്ങനെയുള്ളതാണ്?

- പ്രകൃതിയുടെ ഭാഗമായി അവർ തങ്ങളെ കാണുന്നു.
- പ്രകൃതിയോട് എതിരിട്ടല്ല, ഇണങ്ങിയാണവരുടെ ജീവിതം.
- അവരുടെ ജീവിതാവശ്യങ്ങളുടെയൊക്കെ പരിഹാരം പ്രകൃതിയിൽ തന്നെയാണെന്നവർ മനസ്സിലാക്കുന്നു.

നമ്മുടെ കാഴ്ചപ്പാട് അതിൽനിന്നും ഭിന്നമാണോ?

- പ്രകൃതി മനുഷ്യനുവേണ്ടി
- പ്രകൃതി കീഴടക്കാനുള്ളതാണ്
- പ്രകൃതിയെ അന്യമായി കാണുന്നു

ചർച്ചകളിലൂടെ പാഠവിശകലനത്തിൽ നൽകിയ ആശയങ്ങളിലേക്ക് എത്തിച്ചേരാവുന്നതാണ്.

ക്രോഡീകരണം

ചെമ്പനും കുമാരനും വലിയ വേരുകൾക്കിടയിൽ വിരിച്ച ഇലക്കിടക്കയിൽ കിടന്നുറങ്ങുമ്പോൾ ഇത് വീടല്ലെന്ന തോന്നലവർക്കില്ല. അരുണാചലമാകട്ടെ എന്തിനുമേതിനും ഔഷധം വേരുകളിലുണ്ടെന്ന് കരുതുന്നയാളാണ്. അയാളെ സംബന്ധിച്ച് വേരുകൾ ജീവിതത്തെ തിരിച്ചുപിടിക്കാനുള്ളതുകൂടിയാണ്. പ്രകൃതിയുമായുള്ള പാരസ്പര്യം പാഠപുസ്തകങ്ങളിൽനിന്നല്ല അവർ പഠിച്ചത്.

പ്രകൃതിയോടിണങ്ങി ജീവിച്ച ഒരു വിദൂര ഭൂതകാലത്തിന്റെ ഓർമ്മ നമ്മിലെല്ലാമുണ്ട്. അത്തരമൊരു ജീവിതം നയിക്കുന്നവരാണിവർ. കാടിനോടുള്ള നാഗരികന്റെ ഇഷ്ടത്തിനു പിന്നിൽ നഷ്ടപ്പെട്ടുപോയ ആ കാലത്തോടുള്ള മമതകൂടിയുണ്ട്. പ്രകൃതിയുടെ ഈ വന്യതയിലേക്ക്, നിഷ്ക്കളങ്കതയിലേക്കുള്ള യാത്രകൾ നമ്മുടെ വേരുകൾ തേടിയുള്ള തീർത്ഥയാത്രകളായി മാറണം. അതേസമയം ആ യാത്രകൾ പ്രകൃതിയ്ക്ക് പരിക്കേല്പ്പിക്കാതെയുമാവണം.

കുട്ടികൾക്ക് കാട് എന്തെന്ന് ശരിയായി ധാരണ ലഭിക്കുന്നതിനായി കാടുകളെക്കുറിച്ചുള്ള ഡോക്യുമെന്ററി സിനിമകൾ, ഫോട്ടോഗ്രാഫുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതാണ്. (ഉദാ: Planet Earth kocn-knse Forest, നസീറിന്റെ കാടിനെക്കുറിച്ചുള്ള ഫോട്ടോഗ്രാഫുകൾ മുതലായവ.) തുടർന്ന് മനുഷ്യനും കാടും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ലഘൂപന്യാസങ്ങൾ രചിക്കട്ടെ.

### ചർച്ച ചെയ്യുക

ആത്രേയമുനി ശിഷ്യന് പഠിപ്പിച്ചുകൊടുത്ത പാഠം നാം കണ്ടു. പ്രപഞ്ചത്തിൽ ഒന്നും തന്നെ നിരുപയോഗമായി നില നിൽക്കുന്നില്ല. എല്ലാം പ്രകൃതിയുടെ കണ്ണികളാണ്. അടർന്നു വീഴുന്ന ഒരില പോലും വെറുതെയാവുന്നില്ല. അത് പുനർജനിയിലൂടെ വീണ്ടും ഇലകളായി മാറാനുള്ളതാണ്. ജീവിതത്തിന്റെ ഈയൊരു നൈരന്തര്യം ഇലകളുടെ ചീയലിലും വളമാകലിലും വേരുകളിലൂടെ കടന്ന് വീണ്ടും തളിരുകളാകുന്നതിലും സൂചിപ്പിക്കുന്നുണ്ടല്ലോ.

നാമെപ്പോഴും ആകാശത്തോളമുയരാൻ കൊതിക്കാറുണ്ട്. വേരുകൾ എത്രമേൽ ആഴത്തിലും പരപ്പിലും പോകുന്നുവോ അതിനനുസരിച്ചുമാത്രമേ മരങ്ങൾക്ക് ആകാശത്തേക്കുയരാൻ പറ്റൂ. പ്രകൃതിയിലെ നിഗൂഢപാഠങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിലൂടെ മാത്രമേ വിശാലമായ ലോകങ്ങളിലേക്ക് നമുക്ക് മനസ്സുകൊണ്ടു വരാൻ പറ്റൂ.

ചില ചോദ്യങ്ങളാകാവുന്നതാണ്.

ഇലകളുടെ അടരുകളെക്കുറിച്ച് ലേഖനത്തിലുള്ള സൂചനകളെന്തെല്ലാമാണ്?

- അഴുകി കുഴമ്പുരൂപത്തിലായ മരിച്ച ഇലകൾ
- അതിനുമുകളിൽ പഴകിയ ഇലകളുടെയും പൊടിഞ്ഞ ഇലകളുടെയും അടുക്ക്.
- വീണ്ടും മുകളിൽ പൊടിഞ്ഞു ദ്രവിച്ചുകൊണ്ടിരിക്കുന്ന ഇലകൾ.
- ഏറ്റവും മുകളിൽ പൊഴിഞ്ഞുവീണുകൊണ്ടിരിക്കുന്ന ഇലകൾ.

ഈ വിവരണത്തിലെ സൂക്ഷ്മതയെന്താണ്?

- വ്യത്യസ്തമായ അടരുകൾ
- അവയ്ക്കു വന്നുചേർന്ന രൂപമാറ്റം
- കാലത്തെക്കുറിച്ചുള്ള സൂക്ഷ്മബോധം

പൊഴിഞ്ഞു വീഴുന്ന ഇല താഴേക്ക് താഴേക്ക് നീങ്ങി വേരുകളിലൂടെ കടന്ന് വീണ്ടും ഇലകളായി മാറുന്ന ജീവിത ചക്രത്തെക്കുറിച്ചുള്ള ചിന്ത ഈ വിവരണം നമുക്കു നൽകുന്നു.

- ആകാശത്തോളമുയരണമെങ്കിൽ ബലിഷ്ഠമായ വേരുകൾ വേണം എന്നു പറയുന്നതിലെ ഔചിത്യമെന്ത്?
- വേര് അടിത്തറയാണ്
- അടിത്തറയുടെ ശക്തിയാണ് മുകളിലേക്കുള്ള വളർച്ച
- എല്ലാം വലിച്ചെടുക്കുന്നത് വേരുകളിലൂടെയാണ്

ആകാശത്തെ തൊടാനായുന്ന വൃക്ഷത്തിന്റെ കരങ്ങൾ മാത്രമേ നാം കാണുന്നുള്ളൂ. അതിനടിസ്ഥാനമായ ബലിഷ്ഠമായ വേരുകളെ നാം കാണുന്നതേയില്ല. അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നില്ല. നാഗരികൻ അറുത്തുമാറ്റിയത് ഈ വേരുകളാണ്. പ്രകൃതിയേൽപ്പിക്കുന്ന പല ആഘാതങ്ങൾക്കും കാരണമാകുന്നത് ഈ വേരറുക്കലാണെന്ന് നാം മനസ്സിലാക്കുന്നില്ല.

വേരുകൾ നഷ്ടപ്പെടുന്നതിലൂടെ ജീവിതത്തിന്റെ ചാക്രികമായ സഞ്ചാരമാണ് അറ്റുപോകുന്നത്.

മരം വെറും അചേതനവസ്തുവായല്ല ഈ ലേഖനത്തിൽ പ്രത്യക്ഷപ്പെടുന്നത്. തെളിവുകൾ കണ്ടെത്താമോ?

- വെട്ടിവീഴ്ത്തുന്ന മരത്തിന്റെ ദയനീയമായ നോട്ടവും വീഴ്ചയും.
- വേരുകൾ പ്രണയപൂർവ്വം പാറകളെ ആലിംഗനം ചെയ്യുന്നത്.
- ഇലകൾ പുനർജന്മം പ്രാപിക്കുന്നത്.
- തൽസ്ഥാനത്ത് മനുഷ്യരെ ഒന്നു സങ്കല്പിച്ചു നോക്കൂ.

മരണത്തെ അതിജീവിക്കുന്ന ജീവിത ചക്രം എങ്ങിനെയാണ് ഇലകളിലൂടെ വ്യക്തമാവുന്നത്?

- കൊഴിഞ്ഞുവീഴുന്ന ഇലകൾ.
- പല അടരുകളായി പതിയെ മണ്ണിലേക്കലിഞ്ഞു ചേരുന്ന ഇലകൾ.
- വേരുകളിലൂടെ പുനർജനി നേടുന്ന ഇലകൾ...

ഇത് മനുഷ്യജീവിതത്തിന്റെ ചിത്രം തന്നെയല്ലേ. നമ്മെ ഓർമ്മിപ്പിക്കുന്നത്? കുട്ടികൾ അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ.

പ്രപഞ്ചത്തിന്റെ ഈ സ്വാഭാവികതാളം ആരാണ് നശിപ്പിക്കുന്നത്? പക്ഷിമൃഗാദികളാണോ?

അഭിപ്രായങ്ങൾ അവതരിപ്പിക്കട്ടെ.

ക്രോഡീകരണത്തിൽ വരേണ്ടത്:

വൃക്ഷങ്ങൾ വേരുകളിലൂടെയാണ് വെള്ളവും വളവും വലിച്ചെടുക്കുന്നത്. മനുഷ്യനെ സംബന്ധിച്ച് ഓർമകൾ അവന്റെ വേരുകളാണ്. ചരിത്രത്തിന്റെ, ഓർമ്മകളുടെ ബലിഷ്ഠമായ വേരുകൾ നഷ്ടപ്പെട്ടാൽ നമ്മൾ വെറും പൊങ്ങുതടികളായി മാറും. ആ വേരുകളിലേക്ക് താഴ്ന്നാൽ മാത്രമേ ഉയരങ്ങളെകാണാൻ പറ്റൂ. ഭൂതകാലത്തിൽ, ചരിത്രത്തിൽ കാലുറച്ചു നിന്നാൽ മാത്രമേ ഭാവിയുടെ ആകാശങ്ങളിലേക്ക് നമുക്ക് മുന്നേറാനാവൂ. ഇത് പ്രകൃതി നമ്മോട് വൃക്ഷങ്ങളിലൂടെ പറയുന്ന പാഠമാണ്.

### ആശയം കണ്ടെത്തുക

" കാടേ നിന്നകളങ്ക
ഹൃദയത്തിലേക്കുള്ള
ഗൂഢമാം വഴിയേതെ
ന്നെനിക്കു കാട്ടിത്തരൂ."
*(മൃഗയ - ഒ.എൻ.വി. കുറുപ്പ്)*

- ഈ വരികളുടെ സാമാന്യമായ അർത്ഥതലം കുട്ടികൾ കണ്ടെത്തട്ടെ.
- കാടിന്റെ ഹൃദയം എന്ന പ്രയോഗം കൊണ്ടു ലഭിക്കുന്ന അർത്ഥങ്ങളെന്തൊക്കെ?
  - കാട് സചേതനമാണ്
  - കാടിന് നോവുകളും ആഹ്ലാദങ്ങളുമുണ്ട്
  - നമ്മുടെ പെരുമാറ്റം അവയിൽ പ്രതികരണങ്ങളുണ്ടാക്കും
  - കാടിനകം അത്ര അകളങ്കമാണോ? അവിടെ വന്യതകളില്ലേ? ക്രൂരതകളില്ലേ?
  - കാട് ഒരു ജീവിത സ്ഥലമാണ്
  - ജീവിതത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള സ്വാഭാവിക ചലനങ്ങളാണ് അവിടെ സംഭവിക്കുന്നതൊക്കെയും.
  - ഒരു ജന്തു മറ്റൊന്നിനെ കൊല്ലുകയല്ല ഇര തേടുകയാണു ചെയ്യുന്നത്
- കാടേ എന്ന സംബോധനയിൽ മുഴങ്ങുന്ന കവിയുടെ മനോഭാവമെന്ത്? കുട്ടികൾ അഭിപ്രായം പറയട്ടെ.

വിളികേൾക്കാവുന്ന ഒന്നാണ് കാട് എന്ന ബോധം തന്നേക്കാൾ ശ്രേഷ്ഠമാണ്. അകളങ്കമാണ് കാട്. തന്റെ കളങ്കം മുറ്റിയ നാഗരികമായ മനസ്സിന് കാടിന്റെ ഹൃദയത്തിലേക്കുള്ള വഴിയറിയില്ല.

- താൻ കളങ്കിതനാണെന്ന ധ്വനി കവിതയിലുണ്ടല്ലോ. എന്തൊക്കെയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്?

- നാഗരിക ജീവിതം, അത്യാഗ്രഹം, വെട്ടിപ്പിടിക്കൽ, ഹിംസാത്മകത...

തിന്നാൻ വേണ്ടിയല്ലാതെ കൊല്ലുന്ന ജന്തു മനുഷ്യൻ മാത്രമാണ്. കരടിയും കുഞ്ഞും ലേഖകനരികിലൂടെ കടന്നുപോയത് നാം കണ്ടതാണ്. കടുവയടക്കമുള്ള വന്യമൃഗങ്ങളെ അടുത്തു കണ്ട സന്ദർഭങ്ങൾ നസീർ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം നിലനിൽപ്പിൽ ആശങ്കയുണ്ടാകാത്തിടത്തോളം കാലം, അല്ലെങ്കിൽ ഇര തേടുമ്പോഴല്ലാതെ ഒരു ജീവിയും മറ്റൊന്നിനെ ആക്രമിക്കുന്നില്ല.

ചർച്ചകൾക്കുശേഷം പ്രകൃതിയുമായി ബന്ധപ്പെട്ട കവിതാഭാഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കട്ടെ. കാട്, (ഡി.വിനയചന്ദ്രൻ) ഭൂമിക്കൊരു ചരമഗീതം, (ഒ.എൻ.വി.) മരത്തിനു സ്തുതി (സുഗതകുമാരി) പ്രസക്തങ്ങളായ ഇത്തരം കവിതകൾ ഭാവാത്മകമായി അവതരിപ്പിക്കാൻ കുട്ടികൾ ശ്രമിക്കട്ടെ.

കാടുമായി ബന്ധപ്പെട്ട നേരിട്ടുള്ളതോ അല്ലാത്തതോ ആയ അനുഭവങ്ങൾ കുട്ടികൾ അവതരിപ്പിക്കട്ടെ.

അവതരണമികവ്, കുട്ടികൾക്കുതന്നെ വിലയിരുത്താവുന്നതേയുള്ളു. സ്വാനുഭവങ്ങളേക്കാൾ കൂടുതൽ തീവ്രത കേട്ടറിഞ്ഞ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിൽ ഉണ്ടായേക്കാം.

അനുഭവവിവരണങ്ങളിൽ സാമാന്യമായി എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുന്നു എന്ന് കുട്ടികൾ ചിന്തിച്ചു നോക്കട്ടെ.

- കാടിന്റെ വന്യത
- വന്യമൃഗങ്ങൾ
- മറ്റു ജീവജാലങ്ങൾ
- സ്വച്ഛത, സൗന്ദര്യം
-

**വനയാത്ര**

കാട് കുറേ മരങ്ങളുടെ സഞ്ചയമല്ല. അത് വിസ്തരിച്ചു തീർക്കാനാകാത്ത വലിയൊരനുഭവമാണ്. കാടിന്റെ ഗൂഢത മനുഷ്യനിൽ സൃഷ്ടിക്കുന്നത് ഭയത്തിലുപരി വല്ലാത്തൊരാകർഷണമാണ്. ആ നിഗൂഢതകളിൽ ചെറിയൊരംശം വെളിപ്പെടുത്താനാണ് നസീറിനെപ്പോലുള്ളവർ ശ്രമിക്കുന്നത്. അതു നേരിട്ടനുഭവിക്കാൻ ഒരു വനയാത്ര കുട്ടികൾ ആസൂത്രണം ചെയ്യട്ടെ.

സ്ഥലം, തീയതി, സമയം, മുന്നൊരുക്കങ്ങൾ ഇത്തരം കാര്യങ്ങളൊക്കെ തീരുമാനിക്കേണ്ടത് കുട്ടികളുടെ പങ്കാളിത്തത്തോടെയാണ്. സ്ഥലത്തിന്റെ സവിശേഷതയെക്കുറിച്ചുള്ള വിവരങ്ങൾ, മുൻകൂട്ടി അറിയുകയും മുൻകരുതലുകൾ സ്വീകരിക്കുകയും വേണം.

യാത്രയിൽ പാലിക്കേണ്ട മര്യാദകൾ ക്ലാസിൽ ചർച്ച ചെയ്യപ്പെടണം.

'ഹിമാലയം കീഴടക്കി' എന്നാണു നാം പറയാറ്. ഈ പ്രയോഗത്തിൽ എന്തെങ്കിലും അനൗചിത്യമുണ്ടോ?

കീഴടക്കുക എന്നതിലെ ആധിപത്യ മനോഭാവം നമ്മുടെ യാത്രയിലുണ്ടാകാൻ പാടില്ല. യാത്രകൾ കീഴടക്കാനുള്ളതല്ല അറിയാനും അനുഭവിക്കാനുമുള്ളതാണ്. കാടിനെ മലിനപ്പെടുത്തരുത്. കാടു തരുന്ന പാഠങ്ങൾ വിനയപൂർവ്വം ഏറ്റു വാങ്ങാനുള്ള മനസ്സ് നമുക്കുണ്ടാകണം. കാടിന്റെ സ്വാഭാവികാന്തരീക്ഷത്തെ തടസ്സപ്പെടുത്തുന്ന ഒന്നും നമ്മുടെ ഭാഗത്തു നിന്നുണ്ടാകരുത്.

ക്രോഡീകരണത്തിൽ വരേണ്ടത്:

- ഫോട്ടോഗ്രാഫുകൾ യാഥാർത്ഥ്യത്തിന്റെ നേർപകർപ്പാണ്.
- കാടനുഭവം ഭാഷയിൽ ആവിഷ്ക്കരിക്കുമ്പോൾ ഭാവനയുടെ നിറംകൂടി ചേരുന്നു.
- വൈകാരികതയുടെ സ്പർശം ഭാഷയ്ക്കുണ്ട്.
- വ്യത്യസ്തഭാവങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ ഭാഷയ്ക്ക് സംഭവിക്കുന്ന മാറ്റം

നേരത്തെപറഞ്ഞ കാടനുഭവം നസീറിന്റെ കാഴ്ചകൾ വായിച്ചാസ്വദിച്ചതിന്റെ പശ്ചാത്തലത്തിൽ കുട്ടികൾ എഴുതി അവതരിപ്പിക്കട്ടെ. മികച്ചവചേർത്ത് പതിപ്പാക്കാം.

വനദൃശ്യങ്ങൾ വരയ്ക്കാനും, ക്യാമറയിൽ പകർത്താനുമുള്ള അവസരങ്ങൾ കുട്ടികൾ ഉപയോഗിക്കട്ടെ. അപൂർവ്വമായ കാഴ്ചകൾ ചിത്രീകരിച്ചവ കുട്ടികൾ തിരഞ്ഞെടുക്കട്ടെ. നസീർ അടക്കമുള്ള പ്രശസ്ത ഫോട്ടോഗ്രാഫർമാരെടുത്തവയും കുട്ടികളെടുത്തവയുമായ ഫോട്ടോകളും ചിത്രങ്ങളും ഉൾപ്പെടുത്തി ഒരു ഫോട്ടോ പ്രദർശനം സംഘടിപ്പിക്കുക.

### ഫോട്ടോഗ്രാഫി - ശില്പശാല

- പ്രകൃതിദൃശ്യങ്ങളുടെ ഫോട്ടോ എടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ മുന്നോടിയായി ക്ലാസിൽ ഒരു ഫോട്ടോഗ്രാഫി ശിൽപശാല സംഘടിപ്പിക്കാവുന്നതാണ്. ലഭ്യമായ ഏതെങ്കിലും നല്ല ഫോട്ടോഗ്രാഫറുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താം. എങ്ങനെ നല്ല ഫോട്ടോ എടുക്കാം എന്നതിനെക്കുറിച്ച് കുട്ടികൾക്ക് സാമാന്യധാരണയെങ്കിലുമുണ്ടാക്കാൻ ഇതിലൂടെ സാധിക്കണം. പ്രകാശവിന്യാസം, ഫ്രെയ്മിങ്ങ്, കോമ്പോസിഷൻ, പശ്ചാത്തലത്തെ അർത്ഥപൂർണമാം വിധം ഉൾക്കൊള്ളിക്കൽ, ദൃശ്യങ്ങൾക്ക് അർത്ഥവും ആഴവും നൽകൽ, എന്നിങ്ങനെ ഛായാഗ്രഹണകലയുടെ സാങ്കേതികവും സൗന്ദര്യപരവുമായ വശങ്ങൾ ശിൽപശാലയിൽ വിഷയമാകണം.

### കണ്ടെത്താം

എൻ.എ.നസീർ ഒരു ഫോട്ടോഗ്രാഫറാണ്, എന്നാൽ ക്യാമറയ്ക്കു വഴങ്ങാത്ത ചില ചിത്രങ്ങളാണ് ലേഖനത്തിൽ അവതരിപ്പിക്കുന്നത്. കണ്ടെത്തുക.

ഇവയിൽ മരങ്ങൾക്കും വേരുകൾക്കുമൊക്കെ മാനുഷഭാവം കൽപ്പിക്കുന്ന ഭാഗങ്ങൾ ഏതൊക്കെയുണ്ട്?

- മരത്തിന്റെ വീഴ്ച പറയുന്നത്
- ഇലകളുടെ പുനർജനി
- വേരുകളുടെ ആശ്ലേഷം
- 

- ഇലകളെക്കുറിച്ചും വേരുകളെക്കുറിച്ചുമുള്ള ചില വിവരണങ്ങൾ ദാർശനികമായ ഒരു തലത്തിലേക്കു വികസിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്താനാവുമോ?
- ഇലകൾ വേരുകളിലൂടെ പുനർ ജനിക്കുന്നത്.
- വേരുകളുടെ ആഴത്തിലേക്കുള്ള പോക്ക് ഇലകൾക്ക് ആകാശത്തെത്തൊടാൻ സഹായകമാവുന്നത്.
-

## മത്സ്യം

### പാഠാപഗ്രഥനം

പുതുകവിതകളുടെ പ്രമേയപരമായ ചില സാധ്യതകൾ ആരായുന്ന കവിതയാണ് ടി.പി.രാജീവന്റെ 'മത്സ്യം' എന്ന കവിത. ചെറുതുകളുടെ അതിജീവനശ്രമങ്ങളും അവനവന്റെ വിധി നിർണയിക്കുവാനുള്ള സ്വയം പര്യാപ്തമായ പിടച്ചിലുകളും ആധുനികാനന്തരമായ കാവ്യരീതികളോട് ചേർന്നുനിന്നുകൊണ്ട് മത്സ്യത്തിൽ ആവിഷ്കരിക്കപ്പെടുന്നു. ആധുനിക കവിതാസമീപനത്തോട് സർഗ്ഗാത്മകമായി കലഹിച്ചു കൊണ്ടാണ് പുതുകവിത (ഉത്തരാധുനികകവിത) രംഗത്തെത്തിയത്. ആധുനിക കവിതകളിൽ ഒരു പ്രത്യേക ദർശനത്തോടുള്ള ആഭിമുഖ്യം കാണാം. ചൂഷണത്തിനെതിരെ അടിമവർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേല്പ് കടമ്മനിട്ടയുടെ 'കുറത്തി'യിലുണ്ട്. എന്നാൽ പുതുകവിത ഏതെങ്കിലും ദർശനത്തിന്റെ വിജയത്തിനായി നിലകൊള്ളുന്നില്ല.

"എല്ലുപൊക്കിയഗോപുരങ്ങൾ

കണക്കു ഞങ്ങളുയർന്നിടു" മെന്ന

### ഉത്തരാധുനിക കവിത

പിൽക്കാലമുതലാളിത്തത്തിന്റെ സാംസ്കാരിക യുക്തിയാണ് ഉത്തരാധുനികത എന്നാണ് ഫ്രെഡറിക് ജയിംസൺ എന്ന ചിന്തകൻ അഭിപ്രായപ്പെടുന്നത്. ഉപഭോഗ സമൂഹം, മാധ്യമസമൂഹം, ഇലക്ട്രോണിക് സമൂഹം, ഇൻഫർമേഷൻ സമൂഹം തുടങ്ങിയ വിശേഷണങ്ങൾ ഉത്തരാധുനികതയ്ക്ക് നൽകിയിട്ടുണ്ട്. ആധുനികതയ്ക്കുശേഷം ആഗോളവ്യാപകമായി ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിച്ച ഒരു സാമൂഹികാവസ്ഥയാണ് ഉത്തരാധുനികത. സമൂഹത്തെയെന്നപോലെ കലകളെയും ഉത്തരാധുനികതയുടെ സാംസ്കാരികസവിശേഷതകൾ സ്വാധീനിക്കുകയുണ്ടായി. 1990 കൾക്കുശേഷം മലയാള കവിതയിൽ രൂപ-ഭാവതലങ്ങളിൽ സംഭവിച്ച പരിണാമങ്ങൾ ഉത്തരാധുനികതയുടെ കാവ്യസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്.

സൂക്ഷ്മ നിരീക്ഷണം, തുറന്ന ആഖ്യാനം, ഏകകേന്ദ്രത്തിന്റെ അഭാവം, ന്യൂനോക്തി, ലാളിത്യം, ദൃശ്യപരത, പാരഡി, ആധികാരികതയുടെ തിരസ്കാരം, വ്യവസ്ഥാപിത മൂല്യങ്ങളുടെ നിഷേധം, വിഘടിതചിന്തകൾ തുടങ്ങിയ നിരവധി സ്വഭാവങ്ങൾ മലയാളത്തിലെ പുതുകവിതയുടേതായി അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. കെ.എ.ജയശീലൻ, കെ.ആർ.ടോണി, അൻവർ അലി, പി.രാമൻ, എസ്. ജോസഫ്, ടി.പി. രാജീവൻ, പി.എൻ ഗോപീകൃഷ്ണൻ, വീരാൻകുട്ടി, മോഹനകൃഷ്ണൻ കാലടി തുടങ്ങിയ കവികളാണ് മലയാളത്തിൽ പുതുകവിതാപ്രസ്ഥാനത്തിന്റെ ആദ്യപഥികർ. പിന്നീടിങ്ങോട്ട് നിരവധി കവികൾ നവീനമായ കാവ്യഭാവുകത്വത്തെ ആവിഷ്കരിച്ചുകൊണ്ട് രചനകൾ നിർവ്വഹിക്കുകയുണ്ടായി.

'കുറത്തി'യിലേതുപോലെ ആഹ്വാന സ്വഭാവമുള്ള വരികൾ പുതുകവിത പങ്കുവയ്ക്കുന്നില്ല. മറിച്ച് സാമൂഹികമായ പ്രശ്നങ്ങളെയും പ്രമേയങ്ങളെയും വളരെ നിസ്സംഗമായി സ്വീകരിക്കുന്നു. പ്രശ്നത്തെ തീവ്രതയോടെയും തീക്ഷ്ണതയോടെയും അവതരിപ്പിക്കുന്നു. അപ്പോഴും പരിഹാരനിർദ്ദേശങ്ങൾ പറഞ്ഞ് അതിലിടപെടണമെന്ന് ആരെയുമത് പ്രേരിപ്പിക്കുന്നില്ല. പ്രശ്നത്തിന്റെ സൂക്ഷ്മതലം അനാവൃതമാക്കുന്നു എന്നു മാത്രം.

പുതുകവിതയിൽ കാവ്യഭാഷ മാറുന്നുണ്ട്. ബിംബങ്ങളാലും കാവ്യമുദ്രയുള്ള പ്രയോഗങ്ങളാലും സമൃദ്ധമായിരുന്ന ആധുനിക കാവ്യഭാഷ വഴിമാറി നില്ക്കുന്നു. തികച്ചും സുതാര്യവും ലളിതവുമായ ഭാഷയും ആഖ്യാനരീതിയും കടന്നുവരുന്നു. പല ഘട്ടങ്ങളിലും പുതുകവിത അരികുപറ്റിനിന്ന ജീവിതങ്ങളെ ആവിഷ്കരിക്കാൻ ശ്രമിച്ചു. ആധുനികതയുടെ മനുഷ്യ സങ്കല്പത്തിനു പകരം ജീവിതം എന്ന കാഴ്ചപ്പാടിനെ അത് മുറുകെ പിടിച്ചു. വലിയ ആഖ്യാനങ്ങൾക്കു പകരം തീരെ ചെറിയ ആഖ്യാനങ്ങളിലേക്കത് കളംമാറ്റി. ടി.പി. രാജീവന്റെ 'മത്സ്യ'ത്തിൽ പുതുകവിതയുടെ നിരവധി സവിശേഷതകൾ അന്തർലീനമായിരിക്കുന്നു. പ്രസ്ഥാനങ്ങളുടെ വിജയത്തെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചുമുള്ള അവിശ്വാസം പുതുകാലസാഹിത്യത്തിലെ മുഖ്യചർച്ചാവിഷയമാണ്. മഹാഖ്യാനങ്ങളുടെ തകർച്ച ഉത്തരാധുനിക പ്രമേയങ്ങളിലൊന്നാണല്ലോ. ഒറ്റപ്പെട്ടു പോകുന്നതിന്റെ അരക്ഷിതാവസ്ഥയും ഒറ്റയ്ക്കാണെങ്കിലും പൊരുതി അതിജീവിക്കാനുള്ള ശ്രമങ്ങളും ഇക്കാലത്തെ മനുഷ്യന്റെ പ്രത്യേകതകളാണ്.

> പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ സത്യസന്ധവും ഋജുവുമായ രീതിയിൽ അഭിമുഖീകരിക്കുന്ന കവിതകൾ മുമ്പെത്തേക്കാളുമധികം ജനകീയവും സ്വീകാര്യവുമായി മാറുന്നുണ്ട്. ഇതുവരെ പൊതുധാരയിൽ ഇടംകിട്ടാതെപോയ അനുഭവങ്ങളും മനുഷ്യരും പ്രകൃതിയും ഒട്ടും ആലങ്കാരികതകളില്ലാതെ പുതുകവിതകളിൽ ഇടം നേടുന്നു. മഹാഖ്യാനങ്ങളിലുള്ള അവിശ്വാസവും ശകലീകരിക്കപ്പെട്ട ആശയലോകവും ചെറുതുകളുടെ അതിജീവനസാധ്യതകളും ന്യൂനോക്തിയും പുതുകവിതകളുടെ മുഖമുദ്രകളാണ്.
>
> വിവരസാങ്കേതികവിദ്യയുടെ വ്യാപനം, ബ്ലോഗ്, ഫേസ്ബുക്ക് പോലുള്ള നവമാധ്യമങ്ങളുടേതും ഓൺലൈൻ പ്രസിദ്ധീകരണങ്ങളുടേതുമായ പുതിയ തുറസ്സുകൾ സാധ്യമാക്കിയതോടെ സൈബർ സ്പേസ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കവിതകളുടെ സ്വതന്ത്രമായ ആവിഷ്കാരങ്ങൾ നിരവധിയാണ്. നവീനമായ ഒരു കാവ്യസംസ്കാരവും ഭാവുകത്വചലനവും സൈബർ ഇടത്തിലെ കവികൾ സൃഷ്ടിക്കുന്നുണ്ട്.

വ്യവസ്ഥയോട് പുറത്തുനിന്ന് പൊരുതുക എന്നതും വ്യവസ്ഥയ്ക്കകത്തുനിന്ന് പോരടിക്കുക എന്നതും വ്യവസ്ഥയെ തകർത്ത് പുറത്തേയ്ക്കു വരുക എന്നതും പോരാട്ടത്തിന്റെ വ്യത്യസ്തസാധ്യതകളാണ്. കടൽത്തിരയോട് ഒറ്റയ്ക്കു പൊരുതി നിൽക്കാൻ മത്സ്യത്തിനു കഴിയുന്നു. ഏതു തരത്തിലുള്ള മുന്നേറ്റങ്ങൾക്കും അവനോടൊപ്പമെത്താൻ കഴിഞ്ഞില്ല. പ്രസ്ഥാനങ്ങളുടെ അപയാനങ്ങളും തകർച്ചയും അവനെ ബാധിച്ചതേയില്ല. ആർക്കും പിടികൊടുക്കാത്ത സ്വത്വമായിരുന്നു മത്സ്യത്തിന്റേത്.

ആർക്കും കീഴ്പ്പെടുത്താനോ നശിപ്പിക്കാനോ കഴിയാത്ത നിശ്ചയദാർഢ്യവും ചതിയും വഞ്ചനയും തിരിച്ചറിഞ്ഞ് രക്ഷപ്പെടാനുള്ള സാമർത്ഥ്യവും മത്സ്യത്തിനുണ്ടായിരുന്നു. ഇവിടെ മത്സ്യം പ്രതീകാത്മകഭംഗി കൈവരിക്കുന്നു.

വലക്കണ്ണി, ചൂണ്ടക്കൊളുത്ത്, വായ്ത്തല തുടങ്ങിയ കെണിയുടെയും ചതിയുടെയും ആക്രമണത്തിന്റെയും ചിഹ്നങ്ങൾ കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതെല്ലാം വേട്ടക്കാരനുമായി ബന്ധപ്പെട്ടതാണ്. ഇവയിൽ നിന്നെല്ലാം രക്ഷപ്പെടാനുള്ള വഴക്കം ഇരയായ മത്സ്യം നേടിയിരുന്നു. സ്വയം ചെറുതായും വളഞ്ഞും വേഗം കൂട്ടിയും വേട്ടക്കാരുടെ ആക്രമണത്തിൽനിന്ന് മത്സ്യം രക്ഷപ്പെട്ടുകൊണ്ടിരുന്നു. നിലനിൽക്കുന്ന വ്യവസ്ഥ വ്യക്തികളെ അതിനകത്തേക്ക് ആഗിരണം ചെയ്യാൻ പല മട്ടിലും ശ്രമിച്ചുകൊണ്ടേയിരിക്കും. വ്യതിരിക്തമായ നിലപാടുകളും സ്വകീയമായ കാഴ്ചപ്പാടുകളുമുള്ള ഒറ്റപ്പെട്ട വ്യക്തികൾക്കു മാത്രമേ അപാരമായ ആത്മവിശ്വാസത്തോടെ ഇതിൽനിന്ന് കുതറി മാറാൻ കഴിയൂ. തന്റെ വിധി സ്വയം തീരുമാനിക്കാൻ ഇച്ഛാശക്തിയുള്ള വ്യക്തികളും വേറിട്ട ദർശനങ്ങളാൽ അടിത്തറ നിർമ്മിച്ച പ്രസ്ഥാനങ്ങളും എല്ലാത്തരം ആക്രമണങ്ങളിൽനിന്നും രക്ഷപ്പെട്ട് തങ്ങളുടെ അസ്തിത്വം നിലനിർത്തുന്നു.

എല്ലാറ്റിനോടും രാജിയാവുക എന്നതും വഴങ്ങിക്കൊടുക്കുക എന്നതും ആധുനിക മനുഷ്യന്റെ സ്വഭാവങ്ങളായി മാറുന്നുണ്ട്. 'എന്നുടെയൊച്ച കേട്ടുവോ വേറിട്ട്' എന്ന ആത്മവിശ്വാസത്തിന്റെ സ്വരങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ആധുനികാനന്തര സാമൂഹ്യക്രമങ്ങൾ മനുഷ്യന്റെ ജൈവികവും സ്വതന്ത്രവുമായ നിലനില്പ്പുപോലും അനുവദിക്കാത്ത വിധത്തിൽ അവനെ നിസ്സാരനാക്കി മാറ്റുന്നു. ഇതിനെതിരെ ദുർബലരെന്ന മുദ്രപേറുന്നവർ നയിക്കുന്ന അതിജീവന സമരങ്ങൾ വിജയിക്കുന്ന കാലം കൂടിയാണിത് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

വ്യക്തികളുടെ അപദാനങ്ങൾ വാഴ്ത്തിയും അവരെ ആദർശവൽക്കരിച്ചും ചരിത്രത്തിൽനിന്ന് നിഷ്കാസനം ചെയ്യാം. കഥകളിലെ കഥാപാത്രങ്ങളായി മാത്രം അവർ ഭാവിയിൽ അടയാളപ്പെടുത്തപ്പെട്ടേക്കാം. എന്നാൽ മത്സ്യം ഇതിനു പിടികൊടുക്കുന്നില്ല. കാഴ്ചയ്ക്ക് പ്രാധാന്യമുള്ള നാഗരികതയാണ് ഇന്ന് വളർന്നു വരുന്നത്. അയഥാർത്ഥവും വ്യാജവുമായ പ്രതിബിംബങ്ങൾ സൃഷ്ടിക്കുക എന്നത് 'പ്രതീതി യാഥാർത്ഥ്യ' ത്തിന്റെ കാലത്തെ സ്വഭാവമാണ്. അത്തരം കെട്ടുകാഴ്ചകളുടെ ഇരയാവാനും കവിതയിലെ മത്സ്യം തയാറാവുന്നില്ല. വിപണിക്കാണ് പുതിയ കാലത്ത് പ്രാമുഖ്യം. അതിന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ കഴിയുക എന്നത് എളുപ്പമല്ല. ഏറെ വാചകമിടുക്കും മെയ്‌വഴക്കവും കാപട്യവുമുള്ളവർക്കുമാത്രം വിജയിക്കുവാൻ കഴിയുന്ന വിപണിയിൽ ഇതില്ലാത്തവർ നാണം കെടും. അതിന്റെ പ്രലോഭനങ്ങളിൽ നിന്ന് മത്സ്യം രക്ഷപ്പെടുന്നു. മാത്രമല്ല, മാർക്കറ്റിൽ വിജയിക്കാവുന്ന തരത്തിലുള്ള വലുപ്പവും ഈ മത്സ്യത്തിനില്ലല്ലോ. കെട്ടുകാഴ്ചകളുടെ ലോകം മത്സ്യത്തിന് അന്യമായിരുന്നു.

കടലാണ് മത്സ്യത്തിന്റെ ജൈവികമായ ലോകം. അതിന്റെ വന്യമായ അന്തർലോകത്ത്, നിസ്സാരവും ലഘുവുമായ ജീവി

തമുള്ളവനെങ്കിലും അതിജീവനത്തിനായുള്ള ശ്രമങ്ങൾക്കിടയിൽ ആധിയും ആശങ്കയുമായി ഓടിക്കൊണ്ടിരിക്കുകയാണ് മത്സ്യം. തിളച്ചുമറിയുകയും ഭ്രാന്തമായ ഹിംസാത്മകത്വം പ്രകടിപ്പിക്കുകയും ചെയ്യുന്ന കടലിനകത്ത് ഒരേ സമയം നിലനില്പിനായി പൊരുതുകയും അതിജീവനത്തിനായി ശ്രമിക്കുകയും ചെയ്യുന്നു മത്സ്യം. കടലിന് ആഴവും പരപ്പുമുണ്ട്. അധികാരവ്യവസ്ഥയുടെ പ്രതീകം തന്നെയാണ് ഈ കടൽ. എല്ലാത്തിനോടും സമരസപ്പെടാൻ നമ്മോട് നിരന്തരം സംസാരിക്കുന്ന ഒരു വിശാലതയാണിത്. ഒരു വലുതിനെ സൂചിപ്പൊട്ടെന്ന ചെറുത് ആക്രമിക്കുന്നു. കവിതയിൽ മത്സ്യം സൂചിപ്പൊട്ടായി മാറുന്നുണ്ടല്ലോ.ചുട്ടുപഴുത്ത സൂചിയുടെ ചുവപ്പ് കടലാകെ വ്യാപിക്കുന്നു. ചെറുത് വലുതിന്റെ നിറം തന്നെ മാറ്റുന്നു.

വ്യവസ്ഥയുടെ ഇരകളായി മാറുന്ന മനുഷ്യരെ സംബന്ധിച്ച്, തങ്ങൾ നേരിടാൻ പോകുന്ന വിപത്തിനെക്കുറിച്ചോ നേരിട്ടിരിക്കുന്ന സ്വാതന്ത്ര്യ നഷ്ടത്തെക്കുറിച്ചോ അറിയണമെന്നില്ല. തങ്ങളുടെ ആത്മബലവും ഇച്ഛാശക്തിയും ഉപയോഗിച്ച് സ്വാതന്ത്ര്യത്തെ സംരക്ഷിക്കാനുള്ള അവസാന പിടച്ചിൽ അവർ നടത്തിക്കൊണ്ടേയിരിക്കും.

കടലിനെയും മത്സ്യത്തെയും പ്രതീകങ്ങളായി കണ്ട് അനേകം അർത്ഥതലങ്ങളിലേക്ക് വികസിപ്പിക്കാവുന്ന വ്യാഖ്യാന സാധ്യത ഈ കവിതയ്ക്കുണ്ട്. പ്രതീകങ്ങളുടെ ഒരു വ്യവസ്ഥയാണ് കവിത എന്ന കാഴ്ചപ്പാടിൽ 'മത്സ്യ'ത്തെ പല തരം വായനകൾക്ക് വിധേയമാക്കാവുന്നതാണ്. ആധുനികാനന്തര വിമർശനത്തിന്റെ ഭാഗമായി പ്രചരിച്ച പാരായണ രീതികൾ ഉപയോഗപ്പെടുത്തി ഈ കവിതയെ സമീപിക്കാവുന്നതാണ്. ചിഹ്നവിജ്ഞാനീയം (semiotics) അപനിർമ്മാണം (De-construction) സാംസ്കാരിക വിമർശനം (cultural studies) തുടങ്ങിയ വിജ്ഞാനമേഖലകളുടെ വായനാസങ്കേതങ്ങൾ 'മത്സ്യ'ത്തിന്റെ വായനയിൽ പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കും.

### അർത്ഥതലം കണ്ടെത്തുക

- സ്വാതന്ത്ര്യത്തെക്കുറിച്ച് പലതലങ്ങളിലുള്ള കാഴ്ചപ്പാടുകൾ 'ഓർമ്മയുടെ ഞരമ്പ്' എന്ന ചെറുകഥയിൽ പരിചയപ്പെട്ടിട്ടുണ്ട്. കെ.ജി.ശങ്കരപ്പിള്ളയുടെ 'തിരസ്കാര' ത്തിലെ കാക്കയെ ഉദാഹരണമായെടുത്ത് സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള വീക്ഷണത്തെ വിശദീകരിക്കാവുന്നതാണ്. കോഴി, കാക്ക എന്നീ പ്രതീകങ്ങളെ കവി എങ്ങനെയാണ് കവിതയിൽ ഉപയോഗിച്ചിരിക്കുന്നത് എന്നതും വിശദമാക്കാം.

പദങ്ങൾക്ക് സാമാന്യ വ്യവഹാരത്തിലുള്ള അർത്ഥമല്ല കവിതയിൽ ഉള്ളത്.

എങ്കിൽ മത്സ്യത്തിന് ഈ കവിതയിൽ കല്പ്പിക്കാവുന്ന അർത്ഥങ്ങൾ എന്ത്? കുട്ടികൾ നിഗമനങ്ങൾ അവതരിപ്പിക്കട്ടെ.

- സ്വാതന്ത്ര്യദാഹിയായ വ്യക്തി
- ഏകാകിയായ പോരാളി
- ചെറുത്തു നിൽപ്പ്
- 

ഇത്തരം ആശയങ്ങൾ സംഗ്രഹിക്കപ്പെട ട്ടെ.

സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഘടകങ്ങ ളെക്കുറിച്ചുള്ള സൂചനകൾ മത്സ്യം എന്ന കവിതയിൽനിന്ന് കണ്ടെത്താനാവശ്യപ്പെ ടുന്നു.

- വലക്കണ്ണികൾ
- ചൂണ്ടക്കൊളുത്തുകൾ
- വായ്ത്തല.

ഇത്തരം ആശയങ്ങൾ നിഗമനങ്ങളായി വരാം.

സ്വതന്ത്രനായ മനുഷ്യനെ അകപ്പെടു ത്താൻ കാത്തിരിക്കുന്നത് എന്തൊക്കെ യാണ്?

- വലക്കണ്ണികളിൽ അറിയാതെ ചെന്നു പെടുകയാണ്.
- ചൂണ്ടക്കൊളുത്തുകൾ ആകർഷിച്ച് നശിപ്പിക്കുന്നവയാണ്.
- വായ്ത്തല നേരിട്ട് അപകടപ്പെടുത്തു ന്നവയാണ്.

ഏതു ചെറുത്തുനിൽപ്പിനെയും ഇല്ലായ്മ ചെയ്യാനുള്ള വിദ്യകൾ പുതിയ ലോക ക്രമം വിദഗ്ധമായി ആസൂത്രണം ചെയ്യു ന്നുണ്ട്. ഇതിൽനിന്ന് രക്ഷപ്പെടുക എളു പ്പമല്ല. എന്നാൽ ചെറിയ മത്സ്യം അതി നുള്ള പോരാട്ടത്തിലാണ്.

സാമാന്യാർത്ഥത്തിൽനിന്ന് വിശേ ഷാർത്ഥത്തിലേക്ക് പരിണമിക്കുന്ന വാക്കുകളാണ് കവിതയുടേത്. ഒരു സൂച കത്തിൽനിന്ന് അനേകം സൂചിതങ്ങളി ലേക്ക് വായനക്കാരെ നയിക്കാനുള്ള ശേഷിയാണ് കവിതകൾക്ക് നാനാർത്ഥ സാധ്യതകൾ നൽകുന്നത്. വ്യത്യസ്ത സന്ദർഭങ്ങളാണ് (context) വ്യത്യസ്ത പാഠങ്ങൾ (text) ഉല്പാദിപ്പിക്കുന്നത് എന്നർത്ഥം. വായിക്കുന്ന വ്യക്തി, കാല ഘട്ടം, ദേശഭേദങ്ങൾ, സാമൂഹികസന്ദർഭ ങ്ങൾ തുടങ്ങിയവയനുസരിച്ച് കവിത യിലെ പദങ്ങൾക്കും ബിംബങ്ങൾക്കും അർത്ഥവ്യത്യാസങ്ങൾ വരാം.

മുകളിൽ കൊടുത്ത പദങ്ങൾക്ക് കവിത യിൽ കൈവരുന്ന സവിശേഷമായ അർത്ഥതലങ്ങൾ തിരിച്ചറിയുന്നതോ ടൊപ്പം കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കാൻ ആവശ്യപ്പെ ടാം

## വിശകലനം

- തന്റെ ഭാഗധേയത്തെക്കുറിച്ചുള്ള ഉൽക ണ്ഠയോടെ സ്വയം തപിച്ച്, അസ്വസ്ഥ മായ മനസ്സോടെ സഞ്ചരിക്കുന്ന മത്സ്യ ത്തിന്റെ ഒരു ഇമേജ് കവി അവതരിപ്പി ക്കുന്നുണ്ട്. അതിന്റെ ആവാസലോകവും അത്രമേൽ ഇളകി മറിയുന്നുമുണ്ട്. ഏതെല്ലാം പ്രതീകങ്ങളിലൂടെയാണ് ഈ അവസ്ഥ കവി അവതരിപ്പിക്കുന്നത് എന്ന് കുട്ടികൾ കണ്ടെത്തട്ടെ.

- മത്സ്യത്തിന്റെ അവസ്ഥയെ ആസന്ന മായ വിനാശത്തെക്കുറിച്ചുള്ള ആധി യായി കാണാൻ കഴിയുമോ? അതല്ല, അതിജീവനത്തിന്റെ സാധ്യത കവിത യിൽ സൂചിതമാകുന്നുണ്ടോ? ചർച്ച നടത്തി അഭിപ്രായങ്ങൾ അവതരിപ്പിക്ക ട്ടെ.

ഇത്തരം വിഷയങ്ങൾ ഉന്നയിക്കുന്നത് കാവ്യഭാഗത്തിന്റെ ധ്വനിസൗന്ദര്യത്തി ലേക്ക് കുട്ടികളെ നയിക്കാൻ ഉതകും.

എന്നാൽ വേദനകളെയും അസ്വസ്ഥതക ളെയും ശക്തിയാക്കി മാറ്റാനുള്ള ഊർജ്ജവും അതിനെ പ്രതിരോധ

ത്തിന്റെ മനോദാർഢ്യത്തിലേക്ക് പരിവർത്തിപ്പിക്കാനുള്ള കരുത്തും ഇതിലെ മത്സ്യം പ്രകടിപ്പിക്കുന്നുണ്ട്. കവിതയിൽത്തന്നെയുള്ള സൂചനകൾ വ്യാഖ്യാനിച്ച് ഇക്കാര്യം വിശദമാക്കാവുന്നതാണ്.

- വലക്കണ്ണികളിൽനിന്ന് രക്ഷപ്പെടുന്ന മത്സ്യം
- ധ്രുവങ്ങൾക്ക് മരവിപ്പിക്കാൻ കഴിയാത്ത ശക്തി
- ഒരു ചന്തയിലും നാണം കെടാൻ നിൽക്കാത്ത ആത്മബലം
- 

മേൽക്കൊടുത്ത സൂചനകൾ ഉപയോഗപ്പെടുത്തി, മത്സ്യം പ്രതിനിധീകരിക്കുന്ന പ്രതിരോധത്തിന്റെയും ചെറുത്തുനില്പിന്റെയും അജയ്യമായ ഭാവങ്ങളെ കവിതയിൽ ആവിഷ്കരിച്ചതെങ്ങനെ എന്നതിനെക്കുറിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.

## താരതമ്യക്കുറിപ്പ്

പുതുകവിതയുടെ ആഖ്യാനരീതി മുൻകാല കവിതകളിൽനിന്ന് പലതരത്തിൽ വ്യത്യസ്തമാണ്.

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള വള്ളത്തോളിന്റെ വരികൾ ഈണത്തിൽ ചൊല്ലിക്കൊടുക്കാം. കവിതയുടെ അടിസ്ഥാന സ്വഭാവങ്ങളെ പട്ടികപ്പെടുത്താൻ ആവശ്യപ്പെടാം.

- വൃത്തം
- താളം/ഈണം
- ദർശനം
- പ്രസ്താവനാസ്വഭാവം
- പ്രഭാഷണപരത
- അലങ്കാരം

ഏതാനും പുതുകവിതകൾ കൂടി പരിചയപ്പെടുത്താം. അവയുടെ നവീനമായ ആഖ്യാനരീതി കുട്ടികൾ പരിശോധിക്കണം. അനാർഭാടമായ ഭാഷ, ലളിതമായ പദങ്ങൾ, വാക്കുകളിലെ മിതത്വം, പ്രഭാഷണപരതയുടെ അഭാവം, സാമാന്യവ്യവഹാരങ്ങളിലെ ഭാഷോപയോഗം, പ്രതീകാത്മകത്വം തുടങ്ങിയ പ്രത്യേകതകളിലൂന്നിയുള്ള ചർച്ചയാണ് നടത്തേണ്ടത്. കാവ്യഭാഷയുടെയും ആഖ്യാനരീതികളുടെയും ഭാവുകത്വത്തിന്റെയും പരിണാമങ്ങൾക്കു നിദാനമായ സാമൂഹിക മാറ്റത്തെയും സൂചിപ്പിക്കേണ്ടതുണ്ട്. വലിയ രാഷ്ട്രീയ പ്രമാണങ്ങളിലുള്ള അവിശ്വാസം, പ്രാദേശികമായ ചെറുത്തുനില്പുകൾക്കു ലഭിച്ച പ്രാധാന്യം, ദൈനംദിന സംഭവങ്ങളെയും സൂക്ഷ്മാനുഭൂതികളെയും ആവിഷ്കരിക്കാനുള്ള ത്വര, ജീവിതത്തിന്റെ പൊതുധാരയിൽ ഇടം കിട്ടാതെപോയവരുടെ ജീവിതങ്ങൾക്കും അവരുടെ ഭാഷയ്ക്കും ലഭിച്ച പരിഗണന തുടങ്ങിയ പ്രധാന സവിശേഷതകൾ സൂചിപ്പിക്കണം.

'സന്ദർശനം' എന്ന കവിതയിൽ ഇത്തരം സ്വഭാവങ്ങൾക്ക് ഇടം കിട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെടാം.

ചർച്ചയുടെ വെളിച്ചത്തിൽ ആവിഷ്കാരരീതിയിലെ വ്യത്യസ്തതകളെക്കുറിച്ച് താരതമ്യം നടത്തി കുറിപ്പ് തയ്യാറാക്കണം.

മത്സ്യം എന്ന പദം അതിന്റെ കേവലാർത്ഥത്തിലാണോ ഈ കവിതയിൽ ഉപയോഗിച്ചിരിക്കുന്നത് എന്ന് ആരായു

ന്നു. അല്ലെങ്കിൽ ഏതെല്ലാം ആശയങ്ങ ളിലേക്ക് അത് വികസിച്ചിട്ടുണ്ട് എന്ന് ഓർമ്മിക്കുന്നു.

- സമൂഹം എന്ന വ്യവസ്ഥയ്ക്ക കത്തെ ഒറ്റപ്പെട്ട വ്യക്തി
- ചെറിയവരുടെ പ്രതിരോധ സജ്ജ മായ മനസ്സ്
- 

ഇങ്ങനെയുള്ള കണ്ടെത്തലുകൾ അവത രിപ്പിച്ചുകൊണ്ട് 'മത്സ്യം' എന്ന കവി തയ്ക്ക് ഒരു ആസ്വാദനപഠനം തയാറാ ക്കാൻ ആവശ്യപ്പെടാം. .

ഓർമ്മയുടെ ഞരമ്പ് എന്ന ചെറുകഥ യുടെ അടിസ്ഥാന പ്രമേയം സ്വാതന്ത്ര്യം എന്ന ആശയവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. ദേശം, വ്യക്തി, സ്ത്രീ തുടങ്ങിയവ പങ്കുവയ്ക്കുന്ന സ്വാതന്ത്ര്യ ബോധമാണ് ഈ കഥയിൽ ചർച്ചാവിഷ യമാകുന്നത്. എന്നാൽ ആത്യന്തികമായി സ്വാതന്ത്ര്യത്തിന്റെ അന്തസ്സും അഭിമാന ബോധവും തന്നെയാണ് ഇവിടെ ധ്വനി ക്കുന്നത്. സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് ദേശത്തിനായാലും വ്യക്തികൾക്കാ യാലും അടിമത്തം തന്നെയാണ്. അടി മത്തം പല രൂപത്തിൽ വരാം. അധിനി വേശത്തിന്റെ രൂപത്തിലും പുരുഷാധികാ രത്തിന്റെ രൂപത്തിലും കടന്നുവന്നേക്കാം. അടിമത്തം നൽകുന്ന അസ്വസ്ഥതകളും പൊറുതികേടുകളും ഓർമ്മയുടെ ഞര മ്പിലെ വൃദ്ധയേയും പെൺകുട്ടിയെയും ഉടനീളം അശാന്തരാക്കുന്നുണ്ട്.

ഇത്തരം ഒരനുഭവം മത്സ്യം നേരിടു ന്നുണ്ടോ എന്ന ചോദ്യം ഉന്നയിക്കാം. അധിനിവേശത്തിന്റെ കടന്നുവരവിനെ മത്സ്യത്തിന്റെ സ്വാതന്ത്ര്യദാഹിയായ മനസ്സ് എങ്ങനെയാണ് അഭിമുഖീകരിക്കു ന്നത് എന്ന ചോദ്യത്തിലൂടെ ചെറുത്തു നില്പ് എന്ന ആശയത്തിലേക്ക് കുട്ടിയെ നയിക്കാം. 'ഓർമ്മയുടെ ഞരമ്പിൽ ഇത്തരം ചെറുത്തു നിൽപ്പുകളുടെ എന്തെങ്കിലും സൂചനകളുണ്ടോ എന്നു കുട്ടികൾ അന്വേഷിച്ച് കണ്ടെത്തട്ടെ.

- ഇത്തരം ചർച്ചകളിൽനിന്ന് ഉരുത്തിരി യുന്ന ആശയങ്ങൾ ചേർത്തുവെച്ച് ഒരു താരതമ്യക്കുറിപ്പ് തയാറാക്കട്ടെ.

വിലയിരുത്തൽ സൂചകങ്ങൾ

- ആശയധാരണ
- അവതരണമികവ്
- ഭാഷാപരമായമികവ്

വിഭക്തിയെന്തെന്നും വിഭക്തിപ്രത്യ യത്തിന്റെ ധർമമെന്തെന്നുമുള്ള സാമാന്യ ധാരണ കുട്ടികളിലെത്തിക്കുകയാണ് ഈ പ്രർത്തനത്തിന്റെ ലക്ഷ്യം

മൂന്നു വാക്യങ്ങളിലെയും നാമരൂപങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ

വാക്യത്തിൽ നാമരൂപങ്ങൾ സ്വതന്ത്ര മായി നിലക്കുകയാണോ

നാമരൂപങ്ങൾ വാക്യത്തിലെ മറ്റ് പദങ്ങ ളോടു ചേരുന്നത് ചില പ്രത്യയങ്ങളുടെ സഹായത്തോടെയാണ്. ഏതൊക്കെ വിഭ ക്തിപ്രത്യയങ്ങളാണ് മൂന്നു വാക്യങ്ങളി ലുമുള്ളത്.

രാമൻകുട്ടി + ക്ക്

ചന്ദനത്തിരി + ഉടെ

ക്ക്, ഉടെ എന്നിവ രണ്ടും നാമങ്ങലെ വാക്യഘടനയുമായി ബന്ധിപ്പിക്കുന്ന

പ്രത്യയരൂപങ്ങളാണ്. ക്ക് എന്നത് ശരിയായ പ്രത്യയരൂപമല്ലെന്ന് ബോധ്യപ്പെടുത്തുന്നതാണ്. വിഭക്തിപ്രത്യയങ്ങളില്ലാതെ നാമങ്ങൾ സ്വതന്ത്രരൂപമായി നില്കുന്ന ഏതാനും ഉദാഹരണങ്ങൾ കുട്ടികൾക്ക് നല്കുക.

വൃദ്ധ, പെൺകുട്ടി അടുപ്പം തോന്നിയില്ല

മൃഗശാല കണ്ട കാഴ്ചകൾ അവൻ അമ്പരപ്പിച്ചു. കുട്ടികൾ പൂർണ വാക്യങ്ങൾ നിർമ്മിക്കട്ടെ.

അവൻ വെള്ളം കുടിച്ചു എന്ന വാക്യത്തിന്റെ സവിശേഷതയെന്ത്?

വെള്ളം കുടിച്ചു എന്നു പറയുമ്പോൾ വെള്ളത്തെ കുടിച്ചു എന്ന അർത്ഥമാണ് ലഭിക്കുന്നത്. 'എ' എന്ന പ്രത്യയം ചേർക്കേണ്ടതില്ലെങ്കിലും ആ പ്രത്യയത്തിന്റെ ധർമം ആ വാക്യത്തിലുൾച്ചേർന്നിട്ടുണ്ട്.

വ്യാകരണ ചിന്തയിൽ പ്രത്യയങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. പദങ്ങളെ തമ്മിൽ ബന്ധിപ്പിക്കുയെന്ന ധർമം മാത്രമല്ല പ്രത്യയങ്ങൾക്കുള്ളത്. ഒരു വാക്യത്തിന്റെ അർത്ഥം നിർണ്ണയിക്കേണ്ടതിലും പ്രത്യയങ്ങൾക്കു വലിയ സ്ഥാനമുണ്ട്.

നാമങ്ങളോടു ചേരുന്ന പ്രത്യയങ്ങളാണ് വിഭക്തിപ്രത്യങ്ങൾ. വിഭക്തി പ്രത്യങ്ങളെ പേരു പറഞ്ഞ് പരിചയപ്പെടുത്തുന്ന നിലവിലുള്ള പഠനം ഇവിടെ ഉദ്ദേശിക്കുന്നില്ല. വിഭക്തിപ്രത്യമെന്തെന്നും വാക്യഘടനയിൽ അതിനുള്ള സ്ഥാനമെന്തെന്നുമുള്ള അടിസ്ഥാന ധാരണ രൂപപ്പെടുകയേ വേണ്ടൂ.

വിഭക്തിയെക്കുറിച്ചുള്ള വ്യക്തമായ ധാരണ രൂപീകരിക്കാൻ കേരളപാണിനീയം വ്യകരണഗ്രന്ഥങ്ങൾ അധ്യാപിക സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്.

## യൂണിറ്റ് ഫ്രെയിം /യൂണിറ്റ് വിശകലനം

**യൂണിറ്റ് - 1** **കിനാവ്**

| ആശയം/ധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • പ്രചോദനാത്മകമായ ആശയങ്ങൾ കുട്ടികളിൽ ശരിയായ കാഴ്ചപ്പാടും ഉണർവും സൃഷ്ടിക്കും | • സ്വന്തം പരിമിതികളെ മറികടന്നുകൊണ്ട് കാലത്തിലും ചരിത്രത്തിലും ഇടം പിടിച്ച മഹാത്മക്കളുടെ സംഭാവനകൾ കുട്ടികൾ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു. | • വിവിധ സ്രോതസുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് പൊതുവായി അവതരിപ്പിക്കുന്നു. |
| • സൗന്ദര്യാത്മകമായ പ്രയോഗ വിശേഷങ്ങൾ കവിതയിൽ ഉണ്ട്. | • കവിതയിലെ പ്രയോഗങ്ങളുടെ സൗന്ദര്യതലം ചർച്ച ചെയ്യുന്നു. | • കവിതയെ സൂക്ഷ്മമായി വിശകലനം ചെയ്യുകയും ഉചിതമായ രൂപങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. |
| • പ്രണയകവിതകളുടെ ഒരു പാരമ്പര്യം മലയാളത്തിനുണ്ട്. | • ആശാൻ, ചങ്ങമ്പുഴ, ചുള്ളിക്കാട് തുടങ്ങിയവരുടെ കവിതകൾ താരതമ്യം ചെയ്യുകയും സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. | • പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കവിതകളെ താരതമ്യം ചെയ്ത് രചനാപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്ക്കരിക്കുന്നു. |
| • സ്ത്രീപദവി, സ്വാതന്ത്ര്യബോധം,ആവിഷ്ക്കാര സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങൾ കഥയിൽ ഉൾചേർന്നിട്ടുണ്ട്. | • സ്ത്രീ അവസ്ഥകൾ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ച് പാനൽ ചർച്ച | • ചർച്ചകളിൽ പങ്കെടുത്ത് ആശയങ്ങളും നിഗമനങ്ങളും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു. |
| • പ്രത്യക്ഷമായ അർത്ഥത്തിനപ്പുറം ധ്വന്യാത്മകമായ തലങ്ങൾ കഥകൾക്കുണ്ട്. | • കഥയിലെ സൂചനകളെ അപഗ്രഥിച്ച് അർത്ഥസാധ്യതകൾ കണ്ടെത്തുന്നു. | • ഭാഷയെ സൂക്ഷ്മമായി അപഗ്രഥിക്കാനും സന്ദർഭങ്ങളിൽ അവയ്ക്ക് കൈവരുന്ന അർത്ഥതലങ്ങൾ തിരിച്ചറിഞ്ഞ് രചനകളിൽ പ്രയോഗിക്കുന്നു. |

| ആശയധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • സാമൂഹികമായ മാറ്റങ്ങൾ വ്യത്യസ്ത രീതികളിൽ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. | • കഥയിലെ ചരിത്രപരവും സാമൂഹികവുമായ അംശങ്ങൾ കണ്ടെത്തി നിരൂപണങ്ങൾ തയാറാക്കുന്നു. | • സാഹിത്യരചനകൾ വായിച്ച് അവയിലെ സാമൂഹികഘടകങ്ങളും ചരിത്രപരമായ അംശങ്ങളും തിരിച്ചറിയുകയും സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. |
| • പ്രകൃതി അതിന്റെ ജൈവവൈവിധ്യങ്ങളോടെ സംരക്ഷിക്കപ്പെടേണ്ടതാണ്. | • പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, ഫീച്ചറുകൾ തുടങ്ങിയവ ചർച്ച ചെയ്യുന്നു. | • ലേഖനങ്ങൾ, ഫീച്ചറുകൾ മുതലായവ വായിച്ച് ആശയങ്ങൾ ക്രോഡീകരിക്കുകയും ചർച്ചകളിൽ ഇടപെടുകയും ചെയ്യുന്നു. |
| • മനുഷ്യകേന്ദ്രിതമായ കാഴ്ച്ചപ്പാടിനു പകരം എല്ലാ ജീവജാലങ്ങളെയും സമഭാവനയോടെ കാണുന്നതാവണം നമ്മുടെ പരിസ്ഥിതി ബോധം | • കാടറിവു യാത്ര, പ്രകൃതിദൃശ്യ ചിത്രീകരണം, ഡോക്യുമെന്ററി പ്രദർശനം മുതലായവയിലൂടെ പാരിസ്ഥിതികാവബോധം വളർത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • അനുഭവങ്ങൾ വ്യത്യസ്തമായ മാധ്യമങ്ങളിലൂടെ പകർത്തി പൊതുവായി അവതരിപ്പിക്കുന്നു. |
| • പ്രത്യക്ഷ ലാളിത്യത്തിനപ്പുറം അർത്ഥത്തിന്റെ അനന്തമായ അടരുകൾ പുതുകവിതകളുടെ സവിശേഷതകൾ. | • ഏതു കവിതകൾ പരിശോധിച്ച് അവയുടെ ആശയതലം, ധ്വന്യാത്മകത, ഭാഷാപരമായ സവിശേഷതകൾ, സാമൂഹികപ്രസക്തി മുതലായവ തിരിച്ചറിയുന്നതിൽ ഏർപ്പെടുന്നു. | • കവിതകൾ വായിച്ച് അവയുടെ പ്രസ്ഥാന സവിശേഷതകളോട് ചേർത്ത് നിർത്തി പഠിക്കുകയും കണ്ടെത്തുകയും ചെയ്യുന്നു. |
| • ചെറുതുകളുടെ പ്രതിരോധത്തിൽ പുതിയ കാലത്ത് ഏറെ പ്രസക്തിയുണ്ട്. | • സമൂഹത്തിൽ നടക്കുന്ന പരിസ്ഥിതി ചൂഷണം, സാമൂഹികമായ വിവേചനങ്ങൾ, എന്നിവയ്ക്കെതിരെ നടക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് അവയുടെ പ്രസക്തി ചർച്ച ചെയ്യുന്നു. | • സാമൂഹികാഭിമുഖ്യമുള്ള കാഴ്ചപ്പാട് വികസിപ്പിക്കുകയും ബോധവൽക്കരണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. |

യൂണിറ്റ് രണ്ട്

# കാഴ്ച

**ആമുഖം**

*കാഴ്ചയുടെ കോയ്മ ആധുനികാനുഭവത്തിന്റെ മുഖമുദ്രയാണ്. പരസ്യപ്പലകകളിൽനിന്നും ആനുകാലികത്തിരയിൽനിന്നും മിനിസ്ക്രീനിൽനിന്നും എല്ലാം നിരന്തരമായി ദൃശ്യബിംബങ്ങൾ നമ്മെ തിരക്കിയെത്തുന്നു. ബോധാബോധങ്ങളുടെ അദൃശ്യമായ കോണുകളിൽപ്പോലും അവ കൂടുകൂട്ടുന്നു. ജീവിതം തന്നെ ഒരു കെട്ടുകാഴ്ചയായി അധ:പതിക്കുന്നു.*

ടി.കെ. രാമചന്ദ്രൻ

(കാഴ്ചയുടെ കോയ്മ)

ഭാഷയെക്കാൾ ദൃശ്യബിംബങ്ങൾ പരിചിതമായ ഒരു തലമുറയാണ് നമുക്ക് മുന്നിലുള്ളത്. അതുകൊണ്ടുതന്നെ കാഴ്ചകളുടെ നേരും നെറിയും ചികയേണ്ടതും വിമർശനാത്മകമായി അവ വിശകലനം ചെയ്യേണ്ടതും പുതിയ കാലം ഏൽപ്പിക്കുന്ന വലിയ ഉത്തരവാദിത്തമാണ്.

നമ്മുടെ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തുകയും സംസ്കാരം നിർമ്മിച്ചെടുക്കുകയും ചെയ്യുന്നതിൽ ദൃശ്യമാധ്യമങ്ങൾക്കുള്ള പങ്ക് ഇന്ന് അവിതർക്കിതമാണ്. യാഥാർത്ഥ്യങ്ങളല്ല, യാഥാർത്ഥ്യങ്ങളെന്ന് തോന്നിപ്പിക്കുന്ന അതിയാഥാർത്ഥ്യങ്ങളാണ് അനുഭവങ്ങളായിപ്പോലും ഇന്ന് എണ്ണപ്പെടുന്നത്. ജീവിതത്തിന്റെ പുറംഭാഗം മാത്രം കാട്ടിത്തരുന്ന കൗതുകമുള്ള കാഴ്ചകൾ വിനോദം പകരുക മാത്രമല്ല ചെയ്യുന്നത്. നമ്മുടെ അഭിരുചികളെ നിർണയിക്കുകയും കാഴ്ചക്കാരായി മാത്രം നമ്മെ നിലനിർത്തുകയും ചെയ്യുന്നു.

ദൃശ്യമാധ്യമങ്ങളുടെ വ്യാകരണം വികസിച്ചുവന്നത് ചലച്ചിത്രകലയെ മുൻനിർത്തിയാണ്. മറ്റ് ദൃശ്യമാധ്യമങ്ങളുടെ മാത്രമല്ല, നവമാധ്യമങ്ങളുടെപോലും ഭാഷ ഒരു പരിധിവരെ രൂപീകരിക്കപ്പെട്ടത് സിനിമയിലൂടെയാണ്. അതുകൊണ്ടുതന്നെ ചലച്ചിത്രകലയുടെ രീതിശാസ്ത്രത്തെക്കുറിച്ചുള്ള എല്ലാ അന്വേഷണങ്ങളും ദൃശ്യമാധ്യമപഠനത്തിലേക്കു കൂടി വഴിതുറക്കുന്നു.

നിർമ്മിക്കപ്പെടുന്ന ഓരോ ദൃശ്യത്തിലും ദേശത്തിന്റെയും കാലത്തിന്റെയും സാമൂഹിക ബന്ധങ്ങളുടെയും ഭാഷയടക്കമുള്ള സാംസ്കാരികോപാധികളുടെയും അടയാളങ്ങളുണ്ടാകും. ദേശചരിത്രത്തെയും സാംസ്കാരിക സത്തയെയും കുറിച്ചുള്ള അന്വേഷണങ്ങൾ പൂർണമാകുന്നത് ഇന്ന് ഇത്തരം കാഴ്ചാനുഭവങ്ങ

ളെക്കൂടി പഠനവിധേയമാക്കുമ്പോഴാണ്. കാഴ്ചകൾ മാത്രമല്ല, കാഴ്ചകളെ പകർത്തുകയും ചേർത്തുവയ്ക്കുകയും ചെയ്യുന്ന രീതിയും ഈ വിശകലനത്തിൽ പ്രധാനമാണ്. ചരിത്രത്തെ ബോധപൂർവ്വം ഉൾക്കൊള്ളിച്ചുള്ള സാമൂഹിക ഇതിവൃത്തങ്ങൾ മാത്രമല്ല, വിനോദം മാത്രം ഉദ്ദേശിച്ചുള്ള ഗാനരംഗങ്ങൾപോലും സംസ്കാരപഠനത്തിനുള്ള ഉപാധിയാണ്.

ജനപ്രിയ സംസ്കാരത്തിന്റെ ഭാഗമാകാനും പൊതുബോധത്തെ തൃപ്തിപ്പെടുത്തി വാണിജ്യവിജയം കൈവരിക്കാനുംവേണ്ടി സിനിമയിൽ ഉൾപ്പെടുത്താറുള്ള ചേരുവകളെ ഇഴപിരിച്ച് പരിശോധിക്കേണ്ടതുണ്ട്. അത്തരം ചേരുവകളുടെ പിന്നിലുള്ള താൽപര്യങ്ങളെയും പ്രവർത്തന പദ്ധതികളെയും തിരിച്ചറിയാൻ കഴിയേണ്ടതുണ്ട്. ഇത്തരം വിശകലനങ്ങൾക്ക് നല്ല ചിത്രങ്ങളുടെ കാഴ്ചയനുഭവങ്ങളാണ് തുണയാവുക. ജനപ്രിയതയുടെ അളവുകോലുകൾക്കപ്പുറത്ത് എങ്ങനെയാണ് അവ കാലത്തോടും യാഥാർത്ഥ്യത്തോടും ഒട്ടിനിന്നതെന്നും ചലച്ചിത്രകലയ്ക്ക് മാത്രം സാധ്യമായ ദൃശ്യഭാഷയുപയോഗിച്ചതെന്നും അതുവഴി മനസ്സിലാക്കാം.

മനുഷ്യഭാവനയുടെ മൂർത്തമായ പ്രതിനിധാനങ്ങളായിരിക്കുമ്പോൾത്തന്നെ ദൃശ്യങ്ങൾ പ്രതീകങ്ങളുമാകും. ചലച്ചിത്രത്തിൽനിന്ന് എല്ലാവരും വായിച്ചെടുക്കുന്ന അർത്ഥകല്പനകൾ സമാനമാകണമെന്നില്ല. ദൃശ്യസൂചനകളിൽ നിന്നും അർഥം വായിച്ചെടുക്കുമ്പോഴാണ് ആസ്വാദനം ഉയർന്നതലത്തിലെത്തുന്നത്. ജനപ്രിയ സിനിമ സംസ്കാരത്തെ വിമർശനപരമായി സമീപിക്കാനും ചലച്ചിത്രഗാനങ്ങളെ സംസ്കാരപഠനമെന്ന നിലയ്ക്ക് വിശകലനം ചെയ്യാനും ക്ലാസിക് ചിത്രങ്ങളും ഡോക്യുമെന്ററികളുമുൾപ്പെടെ കണ്ട് നല്ലൊരു ചലച്ചിത്ര സംസ്കാരം ഉണ്ടാക്കിയെടുക്കാനും ലക്ഷ്യമിട്ടാണ് ഈ യൂണിറ്റ് തയാറാക്കിയിരിക്കുന്നത്.

## പ്രവേശക പ്രവർത്തനം

ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തി മലയാളത്തിലെ പഴയതും പുതിയതുമായ ഏതാനും ചലച്ചിത്ര ഗാനങ്ങൾ കേൾപ്പിക്കുന്നു.

കുട്ടികൾ ചില ചലച്ചിത്ര ഗാനങ്ങൾ അവതരിപ്പിക്കുന്നു

(വ്യക്തിഗതമായും സംഘമായും)

തുടർന്ന് പൊതുചർച്ച.

- സിനിമയിൽ ഗാനം ആവശ്യമുണ്ടോ?
- ലോക ക്ലാസിക്കുകളിൽ ഗാനങ്ങളുണ്ടോ? എന്തുകൊണ്ട്?
- ചലച്ചിത്രഗാനങ്ങളുടെ ധർമ്മം എന്താണ്?
- എന്തൊക്കെ ആവശ്യങ്ങൾക്ക് അവ പ്രയോജനപ്പെടുത്തുന്നു?
- സംഗീതം കഴിഞ്ഞാൽ എന്തൊക്കെ ഘടകങ്ങളാണ് ഗാനങ്ങളെ ആകർഷകമാക്കുന്നത്?
- ചലച്ചിത്ര ഗാനങ്ങളും കവിതയും തമ്മിലുള്ള ബന്ധവും വ്യത്യാസവും എന്തൊക്കെയാണ്?

ചർച്ചയുടെ ഒരു ഘട്ടത്തിൽ പാഠഭാഗത്തിലെ പ്രവേശക പ്രവർത്തനത്തിലെ അഭിമുഖം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.

ചോദ്യങ്ങളിലൂടെ സംവാദത്തിലേക്ക് ഉയർന്നുവരാവുന്ന ആശയങ്ങൾ:

- ഗാനമില്ലാതെയും സിനിമ നിർമിക്കാം.
- ഇന്ത്യൻ സിനിമ ആദ്യകാലം മുതലേ ഗാനങ്ങളുള്ളതാണ്.
- ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഗാനങ്ങളും അല്ലാത്തവയും ഉണ്ട്.
- കവിതയുടെ മറ്റൊരുതരം പ്രയോഗമാണ് (Applied poetry) ഗാനങ്ങൾ.
- കാലത്തെ ചുരുക്കം ദൃശ്യങ്ങളിലൂടെ ചിത്രീകരിക്കാൻ ഗാനചിത്രണം കൊണ്ട് സാധിക്കും
- ഗാനം വേണോ വേണ്ടയോ എന്നതിൽ അധ്യാപകർ പക്ഷം ചേരേണ്ടതില്ല. ഗാനങ്ങൾ ഒരു യാഥാർഥ്യമാണ്. അതിനാൽ അവയെ പഠിക്കേണ്ടതുണ്ട് എന്ന നിലപാടാണ് വേണ്ടത്.

## കായലരികത്ത്

### പാഠാപഗ്രഥനം

ജനകീയമോ കേരളീയമോ അല്ലാത്ത ഗാനചരിത്രത്തെ മാറ്റിപ്പണിയുകയാണ് നീലക്കുയിലിലൂടെ (1954) കെ രാഘവനും പി ഭാസ്കരനും ചെയ്തത്. നീലക്കുയിലിലെ ഗാനങ്ങൾ വ്യത്യസ്തമായത് പല കാരണങ്ങളാലാണ്. ജാതിമത പ്രാദേശികഭേദമെന്യേ എല്ലാ മലയാളികൾക്കും ഏറ്റുപാടാൻ കഴിയുന്ന ഗാനങ്ങൾ അതിനുമുമ്പുണ്ടായിരുന്നില്ല. ശാസ്ത്രീയസംഗീതം പഠിച്ചവർക്കേ അതിനുമുമ്പ് സിനിമയിൽ പാടാൻ കഴിയുമായിരുന്നുള്ളൂ. പി.ഭാസ്കരന്റെ കേരളീയത നിറഞ്ഞുതുളുമ്പുന്ന ലളിതവരികൾക്ക്



കായലരികത്ത് എന്ന പാട്ട് കൊച്ചിയിലെ അബ്ദുൽഖാദറെക്കൊണ്ട് പാടിക്കണമെന്നു തീരുമാനിച്ചു. ഹാജി എന്നാണയാളെ എല്ലാവരും വിളിക്കുക. ഹാജിക്ക് ഞാൻ പാട്ടു പഠിപ്പിച്ചു കൊടുത്തു. അയാൾ പാടി. ശാരീരം വേണ്ടത്ര കനം പോര എന്നതൊഴികെ വേറേ കുഴപ്പമൊന്നുമില്ല.

പതിവുപോലെ വൈകുന്നേരം നിർമാതാവ് ടി.കെ. പരീക്കുട്ടി വന്നു. കാര്യങ്ങളുടെ പുരോഗതി വിലയിരുത്തി. എല്ലാവരും വട്ടമിട്ടിരുന്നു. ഹാജി പാടിത്തുടങ്ങി. രണ്ടു വരി പാടിക്കേട്ടപ്പോൾ ടി.കെ. പുറത്തിറങ്ങി. എനിക്ക് എന്തോ പന്തികേടു തോന്നി. പാട്ട് അവസാനിച്ചപ്പോൾ എന്നെ പുറത്തേക്ക് വിളിച്ച് ടി.കെ. പറഞ്ഞു: 'ഈ പാട്ട് ഹാജി പാടിയാൽ ശരിയാവില്ല. രാഘവൻമാഷുതന്നെ പാടണം.'

ഭാസ്കരൻ പറഞ്ഞു:

'പക്കമേളത്തോടെ ഹാജി പാടുമ്പോൾ ശരിയാകും.'

ടി.കെ. പറഞ്ഞു:

'എന്തോ, എനിക്കു തോന്നുന്നില്ല.'

സിനിമാസംബന്ധമായ എല്ലാ ജോലികളും പൂർത്തിയായി. റെക്കോഡിങ്ങിന് മദിരാശിയിലെ വാഹിനിയിലെത്തി. ഹാജിയെയും കൊണ്ടുപോയിരുന്നു. അന്ന് ഇന്നത്തെപ്പോലെ റെക്കോഡിങ്ങ് ഇത്ര മണിവരെയെന്നു വ്യവസ്ഥയില്ല. തീരു

ഭാവാനുയോജ്യമായ സംഗീതം രാഘവൻ മാസ്റ്റർ നൽകി. മലയാളിയുടെ ചരിത്രത്തിലാദ്യമായി സാധാരണക്കാരന് കീർത്തനങ്ങൾക്കും ഇതിഹാസ കാവ്യങ്ങൾക്കും കഥകളിപദങ്ങൾക്കും സങ്കീർത്തനങ്ങൾക്കും നാടൻപാട്ടുകൾക്കുമപ്പുറത്ത് സ്വന്തമായി പാടാൻ ഈരടികൾ ലഭിച്ചത് നീലക്കുയിലിലൂടെയാണ്. മതനിരപേക്ഷമായ ഈ ഗാനസംസ്കാരം തുടർന്നുള്ള ഏതാനും പതിറ്റാണ്ടുകളിൽ തഴച്ചു വളർന്നു.

രാഘവൻമാസ്റ്റർ തന്നെ പാടിയ 'കായലരികത്ത് വലയെറിഞ്ഞപ്പോൾ' എന്ന മാപ്പിളപ്പാട്ടും അതിന്റെ ദൃശ്യവൽക്കരണവും അതിനോടുള്ള അന്നത്തെ സമൂഹത്തിന്റെ പ്രതികരണവും നവോത്ഥാനത്തിലൂടെ ഉയർന്നുവന്ന മതനിരപേക്ഷ സംസ്കാരത്തിന് ഉജ്വല ദൃഷ്ടാന്തങ്ങളാണ്. മൊയ്തു എന്ന പുരോഗമന മനസ്സുള്ള മീൻപിടുത്തക്കാരൻ ചായക്കടയിൽ വച്ച് പാടുംമട്ടിലാണിതിന്റെ ചിത്രീകരണം. മതനിരപേക്ഷ ജനാധിപത്യത്തിന്റെ അവിഭാജ്യഘടകമായ പൊതുമണ്ഡലത്തിന്റെ പ്രതിനിധാനമാണ് ആ ചായക്കട.

മലയാളത്തിലെ ലളിതഗാനശാഖയ്ക്ക് തുടക്കം കുറിച്ചവയെന്ന പ്രത്യേകതയും നീലക്കുയിലിലെ ഗാനങ്ങൾക്കുണ്ട്. വരേണ്യവിഭാഗത്തിന്റെ സംഗീതമായിരുന്ന ശാസ്ത്രീയ സംഗീതത്തിനായിരുന്നു അതുവരെ പ്രാമുഖ്യം. നവോത്ഥാനകാലത്ത് ജീവിതം സുഖകരമാക്കുന്നതിൽ കലയ്ക്കുള്ള പങ്ക് സമൂഹം തിരിച്ചറിഞ്ഞു. അധഃസ്ഥിതരെന്ന് കണക്കാക്കിയിരുന്നവർ പാടിയിരുന്ന നാടൻപാട്ടുകളെ മ്ലേച്ഛമായാണ് ബ്രാഹ്മണരും മറ്റും കരുതിയിരുന്നത്. അത്തരം പാട്ടുകളെയാണ് രാഘവൻമാസ്റ്റർ സിനിമയിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. നാടനെന്ന് തള്ളിക്കളഞ്ഞവ അമൂല്യനിധികളാണെന്ന് അദ്ദേഹം തെളിയിച്ചു. എല്ലാ ജനവിഭാഗങ്ങളുടെയും സംഭാഷണഭാഷയിൽ ഗാനമുണ്ടാക്കുകയും മാപ്പിളപ്പാട്ടിനും നാടൻപാട്ടിനും കാവ്യമണ്ഡപത്തിൽ കയറിവരാൻ അവസരം നൽകുകയും ചെയ്തത് മഹത്തായ കാര്യമാവുന്നത് അന്നത്തെ സന്ദർഭത്തിന്റെ സവിശേഷത കൊണ്ടാണെന്ന പുതുശ്ശേരി രാമചന്ദ്രന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.

വോളം എന്നാണ്. രാത്രിയും റെക്കോഡിങ്ങ് ഉണ്ട്. ഇന്നത്തെ സൗകര്യവുമായി താരതമ്യം ചെയ്യാനേ ആവില്ല. രാത്രി ഒരു മണി ആയിട്ടുണ്ടാവും. കായലരികത്ത് പാടാൻ പക്കമേളം റെഡി. പാടാൻ ഹാജിയെ ഞാൻ വിളിച്ചു. ഉടനെ ടി.കെ. പറഞ്ഞു: 'വേണ്ട. ഈ പാട്ട് മാഷുതന്നെ പാടണം.'

ടി.കെ.യ്ക്കു വഴങ്ങുകയല്ലാതെ ഞങ്ങൾക്ക് മറ്റൊന്നും ചെയ്യാൻ വയ്യായിരുന്നു. പ്രത്യേക തയ്യാറെടുപ്പില്ലാതെ ഒറ്റ ടേക്കിൽ ഞാൻ പാടി. ടി.കെ.യ്ക്കു സന്തോഷമായി.സിനിമ പുറത്തുവന്നു. ആ നല്ല മനുഷ്യൻ പ്രവചിച്ചതുപോലെ പാട്ട് ഹിറ്റായി. ആ പാട്ട് എനിക്കു ജീവിതപാതയിൽ ചുവപ്പു പരവതാനി വിരിച്ചുതന്നു. അന്നോളം കേട്ടിട്ടില്ലാത്ത ഈണം ജനങ്ങൾക്കിഷ്ടമായി. ആ പാട്ട് എനിക്കു വച്ചുനീട്ടിയ സൗഭാഗ്യം ചെറുതായിരുന്നില്ല.

(മധുരമീ ജീവിതം - കെ. രാഘവൻ)



### ചർച്ച ചെയ്യുക

കായലരികത്ത് എന്ന ഗാനത്തിൽ തെളിയുന്ന ഭാവം, അതിലെ ബിംബകല്പനകൾ, ഈണത്തിന്റെ സവിശേഷതകൾ എന്നിവ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനമാണിത്. നീലക്കുയിൽ എന്ന ചിത്രത്തിലെ പ്രശസ്തമായ ഈ ഗാനത്തിന്റെ തനിമയും മലയാള സിനിമാ ഗാനചരിത്രത്തിൽ അതിനുള്ള പ്രാധാന്യവും മനസ്സിലാക്കാൻ ഈ പ്രവർത്തനം വഴി സാധിക്കേണ്ടതുണ്ട്. ഗാനത്തിൽ വരികൾക്കെന്ന പോലെയോ അതിലധികമോ പ്രാധാന്യം സംഗീതത്തിനുണ്ട്. അക്കാര്യത്തിനും വേണ്ടത്ര പ്രാധാന്യം നൽകിയാകണം പ്രവർത്തനം.

കായലരികത്ത് എന്ന ഗാനരംഗത്തിന്റെ ആവർത്തിച്ചുള്ള കാഴ്ചയ്ക്ക് അവസരമൊരുക്കണം. ഗാനത്തിലെ മുഖ്യമായ ഭാവം കുട്ടികൾ തന്നെ കണ്ടെത്തട്ടെ.

- ഗാനത്തിന്റെ മുഖ്യഭാവം എന്താണ്?
- എങ്ങനെയാണ് അക്കാര്യം തിരിച്ചറിയാൻ കഴിയുന്നത്?
- ഏതൊക്കെ വരികളിലാണ് ഈ ഭാവം പ്രകടമാകുന്നത്?
- ഈണത്തിന്റെ സവിശേഷതകൾ എന്തൊക്കെ?

തുടങ്ങിയ ലളിതമായ ചോദ്യങ്ങളിലൂടെ ഇക്കാര്യം കണ്ടെത്താവുന്നതാണ്.

പ്രണയമാണ് ഈ ഗാനത്തിലെ മുഖ്യമായ ഭാവം. എന്നാൽ അത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന കവിതയിലേതുപോലെയാണോ? പ്രണയമെന്ന ആശയം കുട്ടികൾ കണ്ടെത്തിയാൽ 'സന്ദർശന'വുമായി ഒരു താരതമ്യം നടത്താവുന്നതാണ്.

സന്ദർശനത്തിലേക്ക്

- തീവ്രപ്രണയം
- പ്രണയിതാക്കളുടെ വേർപിരിയലിന്റെ വേദന
- നിലനിൽപ്പ് തന്നെ പ്രണയത്തിലാണ്.
- അത്യന്തം കാല്പനികമായ ആവിഷ്കാരം
- കാവ്യാത്മകമായ ബിംബങ്ങൾ

എന്നാൽ 'കായലരിക'ത്തിലെ പ്രണയ

"മറ്റാർക്കും ആവാത്ത വിധത്തിൽ പാവപ്പെട്ടവരുടെ അനുരാഗവും കഷ്ടപ്പെടുന്നവരുടെ ക്രോധവും അധ്വാനശീലരുടെ നർമ്മവും ഭാസ്കരൻ മാഷ് വാങ്മയമാക്കി. 'പെണ്ണുകെട്ടിന് കുറിയെടുക്കുമ്പോൾ ഒരു നറുക്കിന് ചേർക്കണേ' എന്നത് പ്രയോജനമില്ലാത്ത ജോലി എന്നർത്ഥം വരുന്ന ഒരു ചൊല്ലാണ്. മണ്ണ് പൊന്നാക്കുന്ന ഇത്തരം എത്രയോ നാടൻ പ്രയോഗങ്ങൾ. കരിക്കട്ടയെ വജ്രമാക്കുന്ന ഇന്ദ്രജാലം. നാട്ടു മനുഷ്യരുടെ പായാരം പറച്ചിൽ....... കൊണ്ടുവരുന്ന വിദ്യ ആരും ചെയ്തിട്ടില്ല. അതിൽ വിജയിച്ചിട്ടുമില്ല. ഇപ്രകാരം ചലച്ചിത്ര ഗാനശാഖയ്ക്ക് ദേശത്തിന്റേതായ അടിത്തറയും നാടൻ വ്യാകരണവും നിർമ്മിച്ചത് ഭാസ്കരൻ മാഷാണ്. കായലോളം പോലെ ആ രചനകളിൽ നാടോടി ഈണം തുളുമ്പി

**പ്രൊഫ. എം.എൻ വിജയൻ** -

*(ദൂരക്കാഴ്ചകൾ - പി. ഭാസ്കരൻ സംഗീതസ്മൃതികൾ)*

സങ്കല്പം ഇതിൽനിന്നും വ്യത്യസ്ത മായി എങ്ങനെയൊക്കെ ആവിഷ്കരിക്കു ന്നു?

- നാടൻമട്ടിലുള്ള തുറന്നുപറച്ചിൽ
- നിറഞ്ഞ നർമ്മം
- അകാല്പനികമായ കല്പനകൾ.
- മാപ്പിളപ്പാട്ടിന്റെ ഈണം
- നാടൻ പ്രയോഗങ്ങളും ശൈലികളും

താരതമ്യത്തിലൂടെ കായലരികത്ത് എന്ന ഗാനത്തിലെ ഭാവവും അതിന്റെ ആവി ഷ്കാര സവിശേഷതയും തിരിച്ചറിയാൻ കഴിയും.

ഗാനത്തിലെ ബിംബകല്പനകൾ തിരി ച്ചറിയാൻ ചില പ്രയോഗങ്ങൾ ശ്രദ്ധ യിൽപ്പെടുത്താവുന്നതാണ്.

- കുറിയെടുക്കുമ്പോൾ നറുക്കിനു ചേർക്കാനുള്ള അപേക്ഷ
- കരളിന്റെ ഉരുളിയിലെ എണ്ണ കാച്ചൽ
- കയറുപൊട്ടിയ പമ്പരം
- ചേറിൽനിന്ന് വളർന്ന ഹൂറി
- ഞരമ്പുകൾ കമ്പൊടിഞ്ഞ ശീലക്കു ടയുടെ കമ്പിപോലെ
- എരിയും വെയിലത്ത് കയിലും കുത്തി നടക്കുക

ഇത്തരം പ്രയോഗങ്ങളുടെ ഭംഗിയും ഔചിത്യവും ചർച്ച ചെയ്യട്ടെ. അവയുടെ സവിശേഷതകൾ കണ്ടെത്തട്ടെ.

- നാടോടി ജീവിതത്തിന്റെ ഭാഗം
- നിത്യജീവിതാനുഭവങ്ങളുടെ കണ്ണാടി
- സാഹിത്യഭാഷയുടെ ബോധപൂർവ്വ മായ നിരാസം

## ആദ്യകാല മലയാള സിനിമാഗാനങ്ങൾ

ആദ്യകാലസിനിമ സംഗീതനാടകം പോലെയായിരുന്നു. പാട്ടുകളുടെ ആധി ക്യത്തിൽ ഈ സമാനത പ്രകടമായിരു ന്നു. മലയാളത്തിലെ ആദ്യശബ്ദ സിനി മയായ ബാലനിൽ 23 പാട്ടുകളുണ്ടായി രുന്നു (1938) പ്രഹ്ലാദനിൽ 24 ഉം ജ്ഞാ നാംബിക (1940) യിൽ 14 ഉം. ചില ആദ്യ കാല സിനിമകളിൽ മുപ്പതോ നാൽപ്പതോ വരെ പാട്ടുകൾ ഉണ്ടായിരു ന്നു. 1950 മുതൽ സിനിമകളിൽ പാട്ടിന്റെ പ്രാധാന്യം കുറഞ്ഞ് കൂടുതൽ സംഭാ ഷണാധിഷ്ഠിതമായി. ആദ്യകാല നടീന ടന്മാരിൽ കൂടുതൽപേരും ത്യാഗരാജഭാ ഗവതരെപ്പോലെ പാടുന്ന അഭിനേതാ ക്കൾ ആയിരുന്നു.

മിക്കവാറും ആദ്യകാല മലയാള സിനിമ കൾക്ക് മൗലിക സംഗീതം ഇല്ലായിരുന്നു. അവയിലെ പാട്ടുകൾ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട സിനിമകളിലെ പാട്ടുക ളുടെ അനുകരണമായിരുന്നു. ബാല നിലെ 'ജാതകദോഷത്താലോ' എന്ന പാട്ട് (നായികയായ എം.കെ. കമലം പാടിയത്) അക്ഷരാർത്ഥത്തിൽ 'തേയി ലത്തോട്ടത്തിലെ' എന്ന തമിഴ് സിനിമ യിലെ നാടൻപാട്ടാണ്.

മലയാളനാടകരംഗത്തെ അതികായ നായ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ 'ജ്ഞാനാംബിക'യിൽ നട നായും ഗായകനായും തന്റെ പങ്ക് നിർവഹിച്ചു. അദ്ദേഹത്തിന്റെ 'കഥയിത് കേൾക്കാം സഹജരേ' എന്ന പാട്ടിന്റെ പ്രചോദനം സ്ട്രീറ്റ് സിംഗർ (1938) എന്ന സിനിമയിൽ പ്രശസ്ത ഗായകൻ കെ.എൽ.സൈഗാളും കനൻദേവിയും ചേർന്ന് പാടിയ ഹിന്ദിയിലുള്ള 'ഗും ഗുരുവാ ബാജേ' എന്ന പാട്ടായിരുന്നു. 1950ൽ പുറത്തുവന്ന നല്ലതങ്ക, സ്ത്രീ, ശശിധരൻ എന്നീ സിനിമകളിലെ മിക്ക

- നർമ്മം
- മുസ്ലീം ജീവിതപശ്ചാത്തലം
- സാധാരണ മനുഷ്യന്റെ ഹൃദയവികാരങ്ങളുടെ പ്രകടനം

എങ്ങനെയാണ് ഇവ ഓരോന്നും ഗ്രാമീണജീവിതത്തിന്റെ ചൂരും ചൂടും ഉള്ളതാവുന്നതെന്നും അവയിൽ നിഴലിക്കുന്നത് നർമ്മമാണോ എന്നും വിശകലനം ചെയ്യുക. തുടർന്ന് ഗാനത്തിന്റെ ഈണത്തെക്കുറിച്ചുള്ള ചർച്ചയാവാം.

മലബാർ പ്രദേശത്ത് മാത്രം പ്രചാരമുണ്ടായിരുന്ന മാപ്പിളപ്പാട്ട് എന്ന ഗാനശാഖയ്ക്ക് കേരളത്തിലാകെ പ്രചാരം നൽകിയതിന്റെ പ്രാധാന്യം വിശദമാക്കേണ്ടതുണ്ട്. പി. ഭാസ്കരൻ എഴുതിയ മാപ്പിളപ്പാട്ടുകളെക്കുറിച്ചുള്ള എം.എൻ.കാരശ്ശേരിയുടെ പഠനത്തിലെ ആശയങ്ങൾ പ്രയോജനപ്പെടുത്താം.

പൊതുചർച്ചകൾക്കുശേഷം കായലരികത്ത് എന്ന ഗാനത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കാം.

## ചർച്ച

**ഗാനദൃശ്യത്തിൽ തെളിയുന്ന സാമൂഹികാന്തരീക്ഷം**

ചലച്ചിത്രഗാനങ്ങളെ ഒരു സാംസ്കാരിക രേഖയായോ ഉത്പന്നമായോ കണ്ടുകൊണ്ടുവേണം ഈ പ്രവർത്തനം നടത്താൻ. കഥാസന്ദർഭവുമായി ഒട്ടിനിൽക്കുന്നതാണ് ചലച്ചിത്രഗാനമെന്നതിനാൽ ഗാനചിത്രീകരണവും പഠനവിധേയമാക്കേണ്ടതുണ്ട്.

പഴയകാല ചലച്ചിത്രങ്ങളിലെ ചില ഗാനരംഗങ്ങളുടെയും അഭിനയ മുഹൂർത്തങ്ങളുടെയും വീഡിയോ ക്ലിപ്പിംഗുകൾ കാട്ടിക്കൊണ്ട് പ്രവർത്തനങ്ങളിലേക്ക് കടക്കാവുന്നതാണ്.

ഉദാ: മാമലകൾക്കപ്പുറത്ത്......

(നിണമണിഞ്ഞ കാല്പാടുകൾ),

പെരിയാറേ....പെരിയാറേ (ഭാര്യ),

കാറ്റടിച്ചു കൊടും കാറ്റടിച്ചു..(തുലാഭാരം)

- രംഗചിത്രീകരണത്തിലെ സവിശേഷതകൾ എന്തൊക്കെയാണ്?
- കഥാപാത്രങ്ങളുടെ അഭിനയരീതിയുടെ പ്രത്യേകതകൾ എന്താണ്?
- കഥാപാത്രങ്ങളുടെ വസ്ത്രം, ചലനരീതി, പശ്ചാത്തലം എന്നിവ എപ്രകാരമാണ്?

ഗാനങ്ങളും ഹിന്ദി ഈണങ്ങളുടെ അനുകരണങ്ങളായിരുന്നു. വഴിത്തിരിവെന്നും ആദ്യത്തെ സൂപ്പർ ഹിറ്റെന്നും വിശേഷിപ്പിക്കപ്പെട്ട ജീവിതനൗക അങ്ങേയറ്റം സംഗീത നാടക ശൈലിയിലായിരുന്നു. ഈ ചിത്രത്തിൽ മെഹബൂബ് പാടിയ 'അകലെ ആരും കൈവിടും' എന്ന പാട്ട് ദുലാരി (1949) എന്ന സിനിമയിൽ മുഹമ്മദ് റാഫി പാടിയ 'സുഹാനി രാത് ധിൽ ചുകി' എന്ന ഗാനത്തിന്റെ അനുകരണമായിരുന്നു. 1951ൽ പുറത്തിറങ്ങിയ 'നവലോകം' എന്ന സനിമയിൽ പി. ലീല പാടിയ ' ഗായികാ ഗായകാ' എന്ന പാട്ട് മഹൽ (1949) എന്ന ഹിന്ദി സിനിമയിലെ സൂപ്പർഹിറ്റ് ഗാനമായ 'ആയേഗാ ആയേഗാ ആനേവാല' എന്ന ഗാനത്തിന്റെ ഈണത്തിലായിരുന്നു.

ചർച്ചയിലൂടെ ലഭിക്കാവുന്ന ആശയങ്ങൾ:

- പാട്ട് ചിത്രീകരണം സിനിമാചിത്രണത്തിന്റെ സ്വഭാവികഭാഗമായിരുന്നു.
- പ്രധാനമായും സ്റ്റുഡിയോകൾക്ക് അകത്തുള്ള ചിത്രീകരണം
- കൃത്രിമമായ സെറ്റുകൾ
- ക്യാമറ കൂടുതൽ ചലിപ്പിക്കാതെയുള്ള ചിത്രീകരണം
- വികാരങ്ങളെ പ്രകടമായി തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള അഭിനയരീതി
- അതിനാടകീയത

ഈണത്തിലെ അനുകരണം ബോധ്യപ്പെടുത്താൻ സമാനതയുള്ള ചില ഈണങ്ങൾ കേൾപ്പിക്കുകയോ അവയുടെ ഗാനചിത്രീകരണങ്ങൾ കാണിക്കുകയോ ചെയ്യാവുന്നതാണ്.

കായിലരികത്ത് എന്ന ഗാനത്തിൽ തെളിയുന്ന അക്കാലത്തെ കേരളീയ സമൂഹികാന്തരീക്ഷം കുട്ടികൾ കണ്ടെത്തട്ടെ.

- നാടൻ ചായക്കട
- മീൻപിടുത്തം (വല നെയ്യൽ)
- വെള്ളമെടുത്തു വരുന്ന മുസ്ലിം യുവതി
- പാട്ടിലെ വരികളിലെ കേരളീയമായ സന്ദർഭങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ.
- ചായക്കടയിലെ വ്യത്യസ്തമതത്തിൽപ്പെട്ടവർ തമ്മിലുള്ള ഇടപെടലുകൾ

ഗാനത്തിൽ തെളിയുന്ന സാമൂഹികവും സാംസ്കാരികവുമായ മുദ്രകളെക്കുറിച്ച് കുറിപ്പുകൾ തയാറാക്കട്ടെ.

## ചലച്ചിത്രവും ഗാനങ്ങളും

സിനിമയിൽ ഗാനം ആവശ്യമുണ്ടോ എന്ന ചോദ്യത്തിന് സിനിമയുടെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. കഥാപാത്രം അതുവരെ സംസാരിച്ചുകൊണ്ടിരുന്ന ശബ്ദത്തിൽനിന്നു വ്യത്യസ്തമായ മറ്റൊരു ശബ്ദത്തിൽ പാട്ടുയരുന്നതിന്റെ തമാശ ഇന്ത്യൻ സിനിമാനിരൂപകനായ ചിദാനന്ദദാസ് ഗുപ്ത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പല സിനിമകളിലും ആഖ്യാനയുക്തിക്ക് നിരക്കുന്നതല്ല അവയിലെ ഗാനങ്ങൾ. കഥയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. (Talking about Films) എന്നാലും ഇന്ത്യൻ സിനിമ അതിന്റെ ഉദ്ഭവകാലം മുതൽക്ക് ഗാനങ്ങളെ കൂടെ കൂട്ടി. ഹിന്ദിയിലെ ആദ്യത്തെ ശബ്ദചിത്രമായ ആലം ആര (1931) മുതൽ പുറത്തിറങ്ങിയ എല്ലാ ചിത്രങ്ങളിലും പാട്ടുകളുണ്ടായിരുന്നു. മലയാളത്തിലെ ആദ്യത്തെ സംസാരിക്കുന്ന ചലച്ചിത്രമായ ബാലനിലും (1938) 23 പാട്ടുകളുണ്ട്. പാഴ്സി-മറാത്ത സംഗീതനാടകങ്ങൾ സ്വാധീനിച്ചതുപോലെ തമിഴ് സംഗീതനാടക പാരമ്പര്യത്തിലാണ് മലയാള സിനിമയുടെ പിറവി. കെ.കെ. അരൂർ, എം.കെ. കമലം, മാസ്റ്റർ മദനഗോപാലൻ, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ, സീതാലക്ഷ്മി തുടങ്ങിയ ഗായകരായിരുന്നു മലയാളത്തിലെ ആദ്യ നടീനടന്മാരും. മലയാള സിനിമയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗാനങ്ങളുമായി പുറത്തിറങ്ങിയ ചിത്രം ദേവസുന്ദരി (1957) യാണ്. തിക്കുറിശ്ശി എഴുതിയ 25 പാട്ടുകൾ ആ ചിത്രത്തിലുണ്ട്.

1948 ൽ നിലവിൽ വന്ന കേരള ടാക്കീസിന്റെ ബാനറിൽ പുറത്തിറങ്ങിയ 'നിർമ്മല'യാണ് മലയാളത്തിൽ പിന്നണി ഗാനരീതിയെ പരിചയപ്പെടുത്തിയത്. അതുവരെ സിനിമകളിൽ അഭിനേതാക്കൾ ക്യാമറയ്ക്കു മുന്നിൽനിന്ന് അഭിന

യൂണിറ്റിന്റെ അവസാനഭാഗത്ത് നൽകിയ പ്രവർത്തനവും ഇതോടൊപ്പം നടത്താവുന്നതാണ്.

### ചർച്ച

**ചലച്ചിത്രഗാനങ്ങൾ കണ്ണിന്റെ കല മാത്രമാവുകയാണോ?**

ചലച്ചിത്ര ഗാനങ്ങൾ കാതിന്റെ കല എന്നതിൽ നിന്നും മാറി കണ്ണിന്റെ കലയായിത്തീരുകയാണ്. മാധ്യമങ്ങളുടെ പരിണാമം, സാങ്കേതികവിദ്യയുടെ വളർച്ച എന്നിവ ഈ മാറ്റത്തിന്റെ കാരണങ്ങളാണ്.

- ഗാനരചനയിൽത്തന്നെ വന്നിട്ടുള്ള മാറ്റത്തിന്റെ കാരണങ്ങൾ.
- ചിത്രീകരണത്തിലെ മാറ്റങ്ങൾ
- ഗാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ലക്ഷ്യങ്ങളിലെതന്നെ മാറ്റം.
- ആലപിക്കുന്ന രീതികളിൽ വന്നിട്ടുള്ള മാറ്റം
-

തുടങ്ങിയ മേഖലകളിൽ ഊന്നിയാകണം പ്രവർത്തനം നടത്തേണ്ടത്.

- മാറ്റത്തിനുള്ള അടിസ്ഥാനകാരണങ്ങൾ
- അതിലൂടെ തെളിയുന്ന സാംസ്കാരിമായ മാറ്റം

മുതലായവയിലേക്കാണ് ആശയങ്ങൾ ക്രോഡീകരിക്കേണ്ടത്.

കേരളത്തിന്റെ സാംസ്കാരികമായ തനിമയെ പ്രതിഫലിപ്പിക്കുന്ന ചലച്ചിത്രഗാനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പ്രവർത്തനം തുടങ്ങാവുന്നതാണ്.

യിക്കുകയും പാടുകയും ചെയ്യുകയായിരുന്നു പതിവ്. പിന്നണിഗാനസംവിധാനം നിലവിൽ വന്നതോടെയാണ് ചലച്ചിത്രഗാനശാഖ സമ്പന്നമായി തീർന്നത്.

കഥ പറയൽ രീതിയുടെ ഒഴിവാക്കാനാവാത്ത ഭാഗമായി ഗാനങ്ങൾ ചലച്ചിത്രങ്ങളിൽ ഇപ്പോഴും തുടരുന്നുവെങ്കിലും ഗാനങ്ങൾ ഒഴിവാക്കിയ ചലച്ചിത്രങ്ങളെക്കുറിച്ചു കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. ബി.ആർ. ചോപ്രയുടെ കാന്തൻ (1960) ഗാനങ്ങളില്ലാത്ത സിനിമയായിരുന്നു. സംഗീതത്തെ ആഖ്യാനത്തിനു കാര്യമായി ഉപയോഗിച്ചുവെങ്കിലും സത്യജിത്റായ് ഗാനരംഗങ്ങൾ തന്റെ സിനിമകളിൽനിന്ന് ഒഴിവാക്കിയിരുന്നു. എബിരാജിന്റെ 'നീതി'യാണ് ഗാനങ്ങളില്ലാതെ പുറത്തിറങ്ങിയ ആദ്യ മലയാളചിത്രം.

- കേരളീയതയുടെ മുദ്രകൾ
- നാടോടി ഗാനപാരമ്പര്യം
- കാവ്യാത്മകമായ വരികൾ
- ഗ്രാമീണജീവിതത്തിന്റെ സൂചനകൾ
- കാർഷിക സമൃദ്ധി
- മതേതരമായ ജീവിതത്തിന്റെ സൂചനകൾ
- സാമൂഹിക മാറ്റത്തിന്റെ തെളിവുകൾ

എന്നിവയെല്ലാം പ്രകടമായി തിരിച്ചറിയാൻ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. തുടർന്ന്, 'കണ്ണിന്റെ കല' യായിത്തീർന്ന പുതിയകാല ചലച്ചിത്രഗാനങ്ങളിൽ ചിലത് തെളിവിനായി അവതരിപ്പിക്കാവുന്നതാണ്.

- ചടുലമായ നൃത്തത്തോടുകൂടിയ പുതിയ മലയാള ചലച്ചിത്രഗാനങ്ങൾ

- വിദേശങ്ങളിലും മറ്റും ചിത്രീകരിച്ച ഗാനങ്ങൾ
- ഈണത്തിനുവേണ്ടി മാത്രമുള്ള ഗാനങ്ങൾ
- റിയാലിറ്റി/ സ്റ്റേജ് ഷോകളിൽ ഗാനരംഗങ്ങൾ അവതരിപ്പിക്കുന്നതിന്റെ ദൃശ്യങ്ങൾ

മുതലായവ പ്രയോജനപ്പെടുത്താം.

പ്രകടമായ മാറ്റത്തെക്കുറിച്ചുള്ള കുട്ടികളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ. ചിത്രീകരണ രീതി, വേഷഭൂഷാദികൾ, സംഗീതം, അഭിനേതാക്കളുടെ ചലനരീതികൾ തുടങ്ങിയവയൊക്കെ താരതമ്യപ്പെടുത്തട്ടെ. അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം നൽകണം. തുടർന്ന് ഇത്തരം മാറ്റത്തിനുള്ള കാരണങ്ങളെക്കുറിച്ച് ചർച്ചചെയ്യാം.

- സാങ്കേതികവിദ്യയുടെ വളർച്ച
- അഭിരുചിവ്യത്യാസങ്ങൾ
- സിനിമയെ സംബന്ധിച്ചും അതിലെ പാട്ടുകളെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടിലുള്ള മാറ്റം.
- പല തലത്തിലുള്ള അനുകരണങ്ങൾ (വിദേശ, ഹിന്ദി, തമിഴ് ചിത്രങ്ങളുടെ)
- ഗാനരചനയെ സംബന്ധിച്ച കാഴ്ചപ്പാടിലെ മാറ്റം
- ടെലിവിഷന്റെ പ്രചാരം

തുടങ്ങിയ സൂചകങ്ങളിലൂന്നിയാവണം ചർച്ച.

മാറ്റത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത്? ഏതു തരത്തിലുള്ള ഗാനങ്ങളോടാണ് താൽപര്യം?

കുട്ടികൾ അവരുടെ കാഴ്ചപ്പാടുകൾ യുക്തിസഹമായി അവതരിപ്പിക്കട്ടെ. ഒരു സംവാദത്തിലേക്ക് പ്രവർത്തനത്തെ വളർത്താവുന്നതാണ്.

- സാമൂഹികമായും സാംസ്കാരികമായും ഈ മാറ്റം എന്തെങ്കിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടോ?
- സിനിമ എന്ന കലാരൂപത്തിന് ഈ മാറ്റങ്ങൾ എന്ത് സംഭാവനയാണ് ചെയ്യുന്നത്?

തുടങ്ങിയ ആലോചനകളും സംവാദത്തിൽ ഉയർന്നുവരണം.

## സിനിമയും സമൂഹവും

### പാഠാപഗ്രഥനം

ജനപ്രിയ സംസ്കാരത്തെ നിർവചിക്കുന്നതിനും അതിന്റെ സവിശേഷതകളെ ഇഴപിരിച്ചു കാട്ടുന്നതിനും വ്യത്യസ്തങ്ങളായ ചിന്താധാരകളും പഠനപദ്ധതികളും സ്വീകരിക്കുന്ന നിലപാടുകൾ വിഭിന്നങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ കലാസിദ്ധാന്തങ്ങളിലും സാമൂഹിക - നരവംശശാസ്ത്രപഠനങ്ങളിലും സംസ്കാര ചിന്തയിലും ജനപ്രിയ സംസ്കാരമെന്ന ആശയവും രൂപപ്പെട്ടുവരുന്നുണ്ട്. വ്യവസായ വിപ്ലവത്തിന്റെ സൃഷ്ടിയായ ആധുനികതയുടെ ഫലമായും തനതു (Folk) സംസ്കാരം, വരേണ്യ (Elite) സംസ്കാരം എന്നിവയിൽനിന്ന് ഭിന്നമായ സംസ്കാരമായും പൊതുബോധങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഫലമായും വിപണിവൽക്കരിക്കപ്പെടുന്ന സംസ്കാരവുമായുമൊക്കെ ജനപ്രിയ സംസ്കാരമെന്ന ആശയത്തെ വിശദീകരിക്കുന്ന ചിന്തകന്മാരുണ്ട്.

ജനപ്രിയ സംസ്കാരത്തിന്റെയും കലകളുടെയും വികാസം പ്രാഥമികമായും ബഹുജനം എന്ന സങ്കല്പനത്തിന്റെ രൂപപ്പെടലിൽനിന്നാണ് ആരംഭിക്കുന്നത്. ബഹുജനസമൂഹം (Mass Society) എന്ന സങ്കല്പം രൂപപ്പെടുന്നതാകട്ടെ, മുതലാളിത്തം, നഗരവത്കരണം, വ്യവസായവത്ക്കരണം എന്നിവയ്ക്ക് സമാന്തരമായിട്ടാണ്. വലിയൊരു വിഭാഗം ജനങ്ങളുടെ സൗന്ദര്യാനുഭവങ്ങളെയും ഭാവുകത്വത്തെയും സൃഷ്ടിക്കുന്നതും തൃപ്തിപ്പെടുത്തുന്നതും ബഹുജനസംസ്കാരവും കലകളുമാണ്. ടെലിവിഷൻ സംസ്കാരത്തിന്റെ വ്യാപനത്തിനും സ്വീകാര്യതയ്ക്കും ശേഷമാണ് ജനപ്രിയസംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾ വ്യാപകമായത്. സ്പോർട്സ്, സംഗീതം, കാർട്ടൂൺ തുടങ്ങിയവ ടെലിവിഷനിലൂടെ അപൂർവ്വമാംവിധം ജനപ്രിയമാവുകയും സാഹിത്യവും സിനിമയും ഈ പുതിയ മാധ്യമത്തിലേക്ക് ആഗിരണം ചെയ്യപ്പെടുകയും ചെയ്തു. മാത്രമല്ല, നിലനിന്നിരുന്ന മുഴുവൻ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളെയും രൂപങ്ങളെയും പുതിയൊരു കാഴ്ചാനുഭവത്തിലേക്ക് പരിണമിപ്പിക്കാനും ടെലിവിഷനു കഴിഞ്ഞു. നാളിതുവരെ ജനപ്രിയമല്ലാതിരുന്ന പലതും ജനപ്രിയമാകാൻ തുടങ്ങി. ക്രിക്കറ്റ്കളി ഇന്ത്യയിൽ ഒരു ദേശീയതയും മതവും വ്യവസായവുമായി മാറിയത് ഇതിനുള്ള ഉദാഹരണമാണ്.

ജനപ്രിയതയെക്കുറിച്ചുള്ള കാഴ്പ്പാടുകളിൽ ചിന്തകർക്കിടയിൽ അഭിപ്രായാന്തരമുണ്ട്. ഒരുപാടുപേർ ഇഷ്ടപ്പെടുന്നത്, തരംതാണ സൃഷ്ടികൾ, ജനങ്ങളുടെ പ്രീതി പിടിച്ചുപറ്റാൻ രൂപപ്പെടുത്തുന്നത്, ജനങ്ങൾ തന്നെ അവർക്കുവേണ്ടി രൂപപ്പെടുത്തുന്ന സംസ്കാരം എന്നിങ്ങനെ. ഉന്നത സംസ്കാരം എന്ന പേരിൽ നിലനിൽക്കുന്ന മുഴുവൻ സംസ്കാരങ്ങൾക്കും വെളിയിലുള്ളവയെ ജനപ്രിയസംസ്കാരം എന്നു വിളിക്കുന്നവരുണ്ട്. ജനപ്രിയ സംസ്കാരത്തെ വിപണി സംസ്കാരം എന്നാണ് ചിലർ അർത്ഥമാക്കുന്നത്. ആൾക്കൂട്ടത്തിന്റെ ഉപഭോഗത്തിനായി വിപണി നിർമിക്കുന്നതാണ് ഈ സംസ്കാരം. സാമ്പത്തിക ലാഭം മാത്രമാണ് ഇവിടെ മൂല്യനിർണയത്തിന്റെ മാനദണ്ഡം. ഇറക്കുമതി ചെയ്യപ്പെടുന്ന പാശ്ചാത്യസംസ്കാരത്തെയാണ് വിപണി സംസ്കാരമായി പരിഗണിക്കുന്നത്. ജനങ്ങളിൽനിന്നും രൂപപ്പെടുന്നതാണ് ജനപ്രിയ സംസ്കാരം എന്ന് നിർവചിക്കുന്നവരുമുണ്ട്.

മനുഷ്യൻ കണ്ടുപിടിച്ചവയിൽവച്ച് ഏറ്റവും ജനസമ്മതിയാർജിച്ച സംസ്കാരരൂപമാണ് സിനിമ എന്ന് റെയ്മണ്ട് വില്യംസ് നിരീക്ഷിക്കുന്നുണ്ട്. ജനസമ്മതിക്കുവേണ്ടി സിനിമകൾ സ്വീകരിക്കുന്ന തന്ത്രങ്ങളെയും അവയുടെ അടിസ്ഥാന ഘടനയെയും അപഗ്രഥിക്കുന്ന ലേഖനമാണ് ഒ.കെ ജോണിയുടെ 'സിനിമയും സമൂഹവും'. ജനപ്രിയതയും കച്ചവടവിജയവും ഉറപ്പിക്കാൻ സിനിമ ഉപയോഗിക്കുന്ന രീതിശാസ്ത്രങ്ങളെയാണ് ഇവിടെ വിശകലന വിധേയമാക്കുന്നത്. ജനപ്രിയസംസ്കാരപഠനത്തിന്റെ അടിസ്ഥാന സങ്കൽപനങ്ങളെത്തന്നെയാണ് അദ്ദേഹം ഇതിനായി പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

**പാഠഭാഗത്തേക്ക്**

പാഠഭാഗം കുട്ടികൾ സൂക്ഷ്മമായി വായിച്ച് ആശയവ്യക്തത നേടേണ്ടതുണ്ട്. വായനയ്ക്കു മുമ്പായി അധ്യാപികയ്ക്ക് ചില കാര്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

- സമീപകാലത്തെ ഏറ്റവും ജനപ്രിയമായ ചലച്ചിത്രങ്ങൾ ഏതൊക്കെയാണ്?

കുട്ടികൾ പറഞ്ഞ ചലച്ചിത്രങ്ങളിൽ ചിലതിന്റെ പേര് അധ്യാപിക ബ്ലാക്ക് ബോർഡിൽ കുറിക്കട്ടെ.

അവയുടെ പ്രമേയം ഒന്നോ രണ്ടോ വാക്യങ്ങളിൽ ചുരുക്കിപ്പറയാൻ നിർദേശിക്കാം. തുടർന്ന് ചില ചോദ്യങ്ങളെ മുൻനിർത്തിയുള്ള ചർച്ച.

- പ്രമേയത്തിൽ/ അവതരണരീതിയിൽ ആവർത്തനം ഉണ്ടോ?
- മുൻകാലത്തെ ചലച്ചിത്രങ്ങളുമായി ഏതെങ്കിലും രീതിയിൽ സാമ്യമുണ്ടോ?
- ദൃശ്യങ്ങൾ സമൂഹത്തിന് നൽകുന്ന സന്ദേശം എന്താണ്?
- തെറ്റായ/ പ്രതിലോമകരമായ മാനസികഭാവങ്ങൾ സൃഷ്ടിക്കുന്ന ദൃശ്യങ്ങൾ അവയിൽ ഉണ്ടോ?
- നമ്മുടെ സംസ്കാരത്തെ/ സാമൂഹിക മൂല്യങ്ങളെ ഏതെങ്കിലും രീതിയിൽ അവ സ്വാധീനിക്കുന്നുണ്ടോ?
- വ്യക്തിയെയാണോ സമൂഹത്തെയാണോ അതിൽ പ്രാധാന്യത്തോടെ ചിത്രീകരിച്ചിരിക്കുന്നത്?
- യാഥാർത്ഥ്യവുമായി അവയ്ക്ക് എത്ര മാത്രം ബന്ധമുണ്ട്?
- സ്ത്രീകളെ ഇത്തരം സിനിമകളിൽ അവതരിപ്പിക്കുന്നത് എങ്ങനെയാണ്?
- സാധാരണ മനുഷ്യരുടെ ജീവിതവുമായി ഈ സിനിമകൾ ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടുന്നുണ്ടോ?
- 
- 

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. ഈ ഘട്ടത്തിൽ ചർച്ചയുടെ ക്രോഡീകരണത്തിന് ശ്രമിക്കേണ്ടതില്ല. ചില ചോദ്യങ്ങളെ മുൻനിർത്തി കൂടുതൽ ആശയവ്യക്തതയ്ക്കുവേണ്ടി പാഠഭാഗം വായിക്കട്ടെ.

- ജനപ്രിയ സിനിമകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ എന്തൊക്കെയാണ്?
- ജനപ്രിയ സിനിമകളുടെ അടിസ്ഥാനഘടകങ്ങൾ എന്തൊക്കെയാണ്?
- പ്രേക്ഷകപ്രീതി നേടുന്നതിനായി സ്വീകരിക്കുന്ന ഉപാധികൾ എന്തൊക്കെയാണ്?

പാഠഭാഗത്തിന്റെ സൂക്ഷ്മവായനയ്ക്കു ശേഷം ചോദ്യങ്ങളെ മുൻനിർത്തിയുള്ള ചർച്ച. പാഠഭാഗത്തെ പ്രധാനാശയങ്ങളുടെ ക്രോഡീകരണവും ആശയവ്യക്തത ആവശ്യമുള്ള ഭാഗങ്ങളുടെ വിശദീകരണവും അധ്യാപിക നടത്തേണ്ടതുണ്ട്.

## പ്രഭാഷണം

### സംഘടിപ്പിക്കാം

ജനപ്രിയ സിനിമകളെ അവഗണിക്കുകയല്ല, അപഗ്രഥിക്കുകയാണ് വേണ്ടത് എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത് ജനപ്രിയ സംസ്കാരത്തെക്കുറിച്ചുള്ള സൈദ്ധാന്തികമായ അടിത്തറയിൽ നിന്നുകൊണ്ടാണ്. കലാതത്ത്വചിന്തകരിൽ പലരും ഉന്നത കലയുടെ പക്ഷത്തു നിൽക്കുകയും ജനപ്രിയ കലകളെ നിരസിക്കുകയും എന്തുകൊണ്ട് അവ യഥാർത്ഥകലയല്ല എന്ന് വാദിക്കുകയും ചെയ്തവരാണ്.

സിനിമയിലും ഈ വിഭജനം പ്രസക്തമാണ്. ഉത്തമമായ കലാസിനിമകളെന്നും ജനപ്രിയ സിനിമകളെന്നും ഉള്ള വേർതിരിവ് സിനിമയുടെ ആദികാലം മുതൽക്കുതന്നെ നിലനിന്നിരുന്നു. സിനിമയെ ഒരു കച്ചവട ഉല്പന്നമായി കാണുകയും മുടക്കുമുതലും ലാഭവും കിട്ടുന്നതിനുവേണ്ടിയുള്ള ചേരുവകൾ യഥേഷ്ടം കുത്തിനിറയ്ക്കുകയും ചെയ്ത് നിർമ്മിക്കുന്ന സിനിമകളാണ് ജനപ്രിയമെന്ന വിഭാഗത്തിൽപ്പെടുന്നത്. ഇത്തരം സിനിമകളിൽ പ്രമേയങ്ങൾ, പാട്ടുകൾ, നൃത്തരംഗങ്ങൾ പടുകൂറ്റൻ സെറ്റുകൾ, സംഘട്ടനരംഗങ്ങൾ, ലൈംഗികാതിപ്രസരമുള്ള ദൃശ്യങ്ങൾ എന്നിവയെല്ലാം ചേരുംപടി ചേർക്കപ്പെടുന്നു. അതേ സമയം സിനിമയെ പുതിയ നൂറ്റാണ്ടിന്റെ കലാരൂപമായി മാത്രം പരിഗണിച്ചിരുന്ന സംവിധായകർ വ്യക്തിയുടെയും സമൂഹത്തിന്റെയും സങ്കീർണ്ണമായ പ്രശ്നങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്ന സിനിമകൾ സൃഷ്ടിച്ചു. ദൃശ്യഭാഷയുടെ സർവസാധ്യതകളും പ്രയോജനപ്പെടുത്തി നിർമ്മിച്ച ഇത്തരം കലാമൂല്യമുള്ള ചിത്രങ്ങൾ വലിയ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാകുകയും ചെയ്തു. എന്നാൽ ജനപ്രിയ സിനിമകളെ സൂക്ഷ്മമായി വിശകലനം ചെയ്യാനും അവയുടെ രീതിശാസ്ത്രത്തെ വിശദീകരിക്കാനും നല്ല സിനിമയുടെ പക്ഷത്തുനിൽക്കുന്നവർ പലപ്പോഴും തയാറായില്ല. ഈ പശ്ചാത്തലത്തിലാണ് ജനപ്രിയ സിനിമകളെ അപഗ്രഥിക്കേണ്ടതുണ്ടെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത്.

- ജനപ്രിയ സിനിമകളെ അവഗണിക്കുമ്പോൾ സംഭവിക്കുന്നത് എന്താണ്?
- എന്തിനുവേണ്ടിയാണ് അത്തരം സിനിമകളെക്കുറിച്ച് പഠിക്കുന്നത്?
- അത് വ്യക്തിക്കുവേണ്ടിയാണോ സമൂഹത്തിനുവേണ്ടിയാണോ?

തുടങ്ങിയ ചോദ്യങ്ങളിലൂടെ പ്രവർത്തനത്തിലേക്ക് കടക്കാവുന്നതാണ്. പാഠഭാഗത്തുനിന്ന് ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിൽ കുട്ടികൾ പ്രതികരിക്കട്ടെ. അവരുടെ നിരീക്ഷണങ്ങൾ അധ്യാപിക ക്രോഡീകരിക്കേണ്ടതുണ്ട്.

ക്രോഡീകരണത്തിൽ വരേണ്ട പ്രധാന അനുഭവങ്ങൾ.

- സമൂഹത്തിലെ പ്രബലമായ താല്പര്യങ്ങളെയാണ് ജനപ്രിയ സിനിമകൾ വെളിപ്പെടുത്തുന്നത്.

- അവയെക്കുറിച്ചുള്ള പഠനം സമൂഹത്തെക്കുറിച്ചുള്ള പഠനത്തിന്റെ ഭാഗമാണ്.
- ഒരു സമൂഹത്തിന്റെ അടക്കിവച്ച ചോദനകൾ, ആഗ്രഹങ്ങൾ എന്നിവ ഇത്തരം വിശകലനത്തിലൂടെ കണ്ടെത്താൻ കഴിയും.
- അവയിലെ സമൂഹവിരുദ്ധമായ സൂചനകൾ കണ്ടെത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത് സാമൂഹികമായ ഉത്തരവാദിത്വമാണ്.
- ജനപ്രിയ സിനിമകളെ അപഗ്രഥിക്കുന്നതിലൂടെ അവയുടെ വിപണന തന്ത്രങ്ങളെക്കുറിച്ചും ജനപ്രിയമാക്കാൻ ചേർക്കുന്ന ചേരുവകളെക്കുറിച്ചും ശരിയായ ധാരണ ലഭിക്കുകയും അത്തരം സിനിമകളെ വിമർശനാത്മകമായി കാണാൻ മറ്റുള്ളവരെ സഹായിക്കുകയും ചെയ്യും.
- നല്ല സിനിമകളുടെ ആസ്വാദനത്തിലേക്ക് ഇത്തരം അപഗ്രഥനങ്ങൾ വ്യക്തിയെയും സമൂഹത്തെയും നയിക്കും.
- 

ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ പ്രയോജനപ്പെടുത്തി കുറിപ്പുകൾ തയാറാക്കുകയും പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യട്ടെ.

### താരതമ്യം

പാഠഭാഗത്തിലെ ഒരാശയത്തെ കാവ്യഭാഗവുമായി താരതമ്യം ചെയ്യാനും സാമൂഹിക ജീവിതത്തിൽ സിനിമ ഇന്ന് എപ്രകാരമാണ് ഇടപെട്ടുകൊണ്ടിരിക്കുന്നത് എന്ന് തിരിച്ചറിയാനും ആണ് പ്രവർത്തനംകൊണ്ട് ഉദ്ദേശിക്കുന്നത്. പാഠഭാഗത്തിന്റെയും കവിതയുടെയും വിശകലനവും സിനിമ സമൂഹത്തിൽ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചുള്ള ധാരണകളും പ്രവർത്തനം ആവശ്യപ്പെടുന്നുണ്ട്. ജനപ്രിയസിനികളെ വിമർശനാത്മകമായി നോക്കിക്കാണാൻ ഈ പ്രവർത്തനം സഹായകമാകേണ്ടതുണ്ട്.

ജനപ്രിയ സിനിമകൾ നിർവഹിക്കുന്ന ധർമത്തെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ പാഠഭാഗത്തുനിന്ന് കുട്ടികൾ കണ്ടെത്തട്ടെ.

- അവ സ്വപ്നാവസ്ഥയിലുള്ള ആഗ്രഹങ്ങളെ യഥാതഥമായി അവതരിപ്പിക്കുന്നു.
- പ്രേക്ഷകർക്ക് ജീവിതത്തിൽ സാക്ഷാത്കരിക്കാനാകാത്ത അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്നു.
- അസാധ്യമായ അഭീഷ്ടങ്ങളെ പ്രത്യക്ഷപ്പെടുത്തിത്തരുന്നു.
- പ്രേക്ഷകരുടെ അബോധചോദനകളെ ഉദ്ദീപിപ്പിക്കുന്നു.
- നിലവിലുള്ള അബോധചോദനകളെ ധിക്കരിക്കാനുള്ള വൈമനസ്യത്തെ അബോധപൂർവമായി സിനിമകളിലൂടെ സാക്ഷാത്കരിച്ച് പ്രേക്ഷകരെ തൃപ്തിപ്പെടുത്തുന്നു.

തുടർന്ന് കവിത ആവർത്തിച്ചു വായിച്ച് പ്രധാനാശയങ്ങൾ ക്രോഡീകരിക്കട്ടെ.

വെള്ളിത്തിരയിലെ നായകൻ ധീരനും എന്തും നേരിടാൻ കെല്പുള്ളവനും

ആയിരിക്കും. അനീതികളോടും കൊള്ളരുതായ്മകളോടും അയാൾ എതിരിടും. ഏത് പ്രതിസന്ധികളെയും അപകടങ്ങളെയും അയാൾ നിഷ്പ്രയാസം മറികടക്കും. ഏത് സാമൂഹിക തിന്മകളെയും ഒറ്റയ്ക്ക് എതിർത്ത് തോൽപ്പിക്കും. അതിസാഹസികനും അസാമാന്യ കരുത്തനും ആയിരിക്കും. ശത്രുക്കളെ വകവരുത്താൻ നിമിഷനേരം മതി അയാൾക്ക്. സുന്ദരിയായ നായികയെ പ്രണയിക്കുകയും എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് അവളെ സ്വന്തമാക്കുകയും ചെയ്യും.

ഇത്തരം നായകന്മാരാണ് നമ്മുടെ ജനപ്രിയ സിനിമകളിൽ ഉള്ളത്. ഈ സിനിമകൾ കാണാനെത്തുന്ന പ്രേക്ഷകർ നായകനിലൂടെ തനിക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ മറ്റൊരു രീതിയിൽ സാക്ഷാത്കരിക്കുന്ന ഒരു മാനസിക പ്രവർത്തനത്തിലാണ്. നായകനിലൂടെ തന്റെതന്നെ ഉള്ളിലുള്ള ആഗ്രഹത്തിന്റെ പൂർത്തീകരണം നടത്തി അയാൾ തൃപ്തനാകുന്നു. ഈ വ്യാജസംതൃപ്തിയിൽ അയാൾ പരമാനന്ദം അനുഭവിക്കുന്നു.

സിനിമ വിജയം നേടുമ്പോൾ അതിലഭിനയിച്ച താരത്തിന് വില കൂടുന്നു. അയാൾ കൂടുതൽ വിലപിടിച്ച സിംഹാസനത്തിന് അർഹനാകുന്നു. സിനിമ തീരുന്നതോടെ പാവം പ്രേക്ഷകൻ സാമൂഹികമായ തിന്മകളുടെയും അനീതിയുടെയും ചൂഷണത്തിന്റെയും ഇരുട്ടിലും കസേരയുടെ തണുപ്പിലും അവശേഷിക്കുന്നു. സിനിമയുടെ ഈ കച്ചവടതന്ത്രം തിരിച്ചറിയാത്ത പ്രേക്ഷകൻ പരമാനന്ദരസത്തിൽ ആറാടുന്നു. ഓരോരുത്തരിലും അർപ്പിതമായ സാമൂഹിക ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ, ആലസ്യത്തിൽ സ്വന്തം സുഖഭോഗങ്ങളുടെ കസേരകളിൽ ചാഞ്ഞിരുന്ന് വീണ്ടും വീണ്ടും ഇത്തരം സിനിമകൾ കണ്ടുകൊണ്ടിരിക്കുന്നു. ഈ മനോഭാവത്തെ വിമർശിക്കുകയാണ് പി.പി. രാമചന്ദ്രൻ ഈ കവിതയിലൂടെ.

കവിതയിലെ ആശയവിനിമയത്തിനുശേഷം സിനിമയുടെ സാമൂഹിക ഇടപെടൽ സാധ്യതകളെക്കുറിച്ചും ഇത്തരം പരമാനന്ദങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രവണതകളെ സംബന്ധിച്ചും ഉള്ള പ്രതികരണങ്ങൾ കുട്ടികൾ നടത്തട്ടെ.

അധ്യാപികയുടെ ക്രോഡീകരണത്തിൽ ഉണ്ടാകേണ്ടത്.

- സാമൂഹികമായ പ്രശ്നങ്ങളെ സാമൂഹികമായ ഇടപെടൽകൊണ്ടുമാത്രമേ മറികടക്കാനാവൂ എന്ന യാഥാർഥ്യത്തെ ഇത്തരം സിനിമകൾ സമർഥമായി മറച്ചുവയ്ക്കുന്നു.
- സാമൂഹിക തിന്മകളെ പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത് കൂട്ടായ പ്രവർത്തനങ്ങളിലൂടെയും സാമൂഹിക സമ്മർദ്ദങ്ങളിലൂടെയും ആണ്.
- സമൂഹത്തിനുപകരം വ്യക്തിയിലൂന്നുകയും വ്യാജമായ പരിഹാരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ സാമൂഹികതിന്മകൾ മറുഭാഗത്ത് ശക്തിപ്രാപിക്കുകയാണ് ചെയ്യുന്നത്.
- വിജയശ്രീലാളിതനായ നായകനൊപ്പം തിയേറ്ററിൽ താദാത്മ്യം പ്രാപിച്ച് സംതൃപ്തിയടഞ്ഞ പ്രേക്ഷകൻ തിയേറ്റർ വിട്ട് ഈ തിന്മകളുടെയും അനീതികളുടെയും ചൂഷണത്തിന്റെയും ലോകത്തേക്ക് തന്നെ

യാണ് തിരിച്ചു വരേണ്ടത്.

സാമൂഹിക ജീവിതത്തിൽ സിനിമ ഫല പ്രദമായി ഇടപെടേണ്ടതിനെക്കുറിച്ചുള്ള ചർച്ചയും ഇവിടെ നടക്കണം.

- സാമൂഹിക ജീവിതത്തിൽ സിനിമ എപ്രകാരമാണ് ഇടപെടേണ്ടത്?
- സിനിമയ്ക്ക് സമൂഹത്തിൽ എന്തെന്തു ദൗത്യങ്ങൾ നിർവഹിക്കാൻ കഴിയും?

ക്രോഡീകരണത്തിൽ വരേണ്ടുന്ന ആശയങ്ങൾ.

- നല്ല സിനിമകൾ സാമൂഹിക യഥാർത്ഥ്യങ്ങളെ സത്യസന്ധമായും സൂക്ഷ്മമായും പകർത്തുന്നതായിരിക്കും.
- നാം ജീവിക്കുന്ന ലോകത്തിലെ, പ്രത്യക്ഷത്തിൽ നമ്മുടെ കാഴ്ചകളിൽ തെളിയാത്ത പ്രശ്നങ്ങളെ അവ മൂർത്തമായി കാണിച്ചുതരുന്നു.
- സാമൂഹികമായ ജീർണതകൾക്കും അനീതികൾക്കും ചൂഷണത്തിനുമൊന്നും ലളിതമായ പരിഹാരങ്ങളില്ല എന്ന് അവ നമ്മെ ബോധ്യപ്പെടുത്തും.
- സാമൂഹിക ബോധവത്കരണത്തിനുള്ള ഉന്നതമായ കലാസൃഷ്ടിയാണ് സിനിമ.
- സമൂഹത്തിന്റെ സങ്കീർണമായ പ്രശ്നങ്ങളെ ഗൗരവത്തോടെ ചിത്രീകരിച്ച കഥാചിത്രങ്ങളും ഡോക്യുമെന്ററികളും സാമൂഹിക മാറ്റത്തിനുള്ള ചാലകശക്തിയായി തീർന്നിട്ടുണ്ട്.

സാമൂഹികവും സാംസ്ക്കാരികവുമായ വിമർശനത്തിനുള്ള മാധ്യമം കൂടിയാണ് സിനിമ എന്ന തിരിച്ചറിവോടെ പ്രവർത്തനത്തിലൂടെ ലഭിച്ച ആശയങ്ങളുപയോഗിച്ച് കുറിപ്പുകളും ഉപന്യാസങ്ങളും തയാറാക്കട്ടെ.

### വിശകലനം

- ജനപ്രിയ സിനിമകളുടെ അടിസ്ഥാന ഘടകങ്ങൾ എന്തെന്ന് തിരിച്ചറിയുകയും അവ പരിചിതമായ സിനിമകളിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. പാഠഭാഗം വായിക്കുന്നതിന് മുമ്പായി ഉന്നയിച്ച ചോദ്യങ്ങൾ ഇവിടെ ഒന്നുകൂടി പ്രയോജനപ്പെടുത്താവുന്നതാണ്.
- വാർപ്പ് മാതൃകയിലുള്ള കഥാപാത്രങ്ങളാണ് സിനിമയിൽ എന്ന അഭിപ്രായത്തെ വിശകലനം ചെയ്യണം.

  ജനപ്രിയസിനികളിൽ സ്ഥിരം ആവർത്തിക്കുന്ന കഥാപാത്രഘടനയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ നൽകണം.
- ടൈപ്പ് ഇതിവൃത്തങ്ങളാണ് ജനപ്രിയ സിനിമ സ്വീകരിക്കുന്നത് എന്നതിന്റെ ഉദാഹരണങ്ങൾ നല്കണം.

സിനിമയിൽ ആത്യന്തികമായി 10 പ്രമേയങ്ങൾ മാത്രമേ ഉള്ളൂ എന്ന നിരീക്ഷണം ഇവിടെ നല്കണം.

സ്ഥിരശൈലിയിലുള്ള പ്രതിപാദനത്തിന് ചില ഉദാഹരണങ്ങൾ നല്കണം.

ഉന്നയിച്ച ചോദ്യങ്ങളുടെയും നല്കിയ വസ്തുതകളുടെയും വെളിച്ചത്തിൽ പരിചിതമായ ജനപ്രിയ സിനിമകളെ വിശ

കലനം ചെയ്ത് നിരൂപണങ്ങൾ തയാറാക്കട്ടെ.

## കളവുപോയ സൈക്കിളും കളഞ്ഞുപോയ കാലഘട്ടവും

### പാഠാപഗ്രഥനം

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇറ്റലിയിലെ പുതുതലമുറയ്ക്ക് ചലച്ചിത്രമെന്നാൽ അമേരിക്കൻ സിനിമയെന്നായിരുന്നു അർത്ഥം. ദൃശ്യമേഖലയിലുള്ള അമേരിക്കൻ സ്വാധീനം അത്രയ്ക്കു വ്യാപകവും ശക്തവുമായിരുന്നു. പ്രസിദ്ധ ഇറ്റാലിയൻ സംവിധായകനായ ഫെഡറിക്കോ ഫെല്ലിനിയുടെ അഭിപ്രായത്തിൽ 'അമേരിക്കൻ ചിത്രങ്ങൾക്ക് ആളുകളെ മയക്കാനുള്ള കഴിവ് കൂടുതലായിരുന്നു. ഭൂമിയിലെ സ്വർഗത്തെയാണ് അവർ സിനിമകളിൽ ആവർത്തിച്ചു കാണിച്ചുകൊണ്ടിരുന്നത്. അമേരിക്ക എന്ന രാജ്യമല്ലാതെ മറ്റൊന്നുമായിരുന്നില്ല അവരുടെ സ്വർഗം.'യാഥാർത്ഥ്യത്തിൽനിന്നു മുഖം തിരിച്ചു നിൽക്കാനുള്ള അതിശക്തമായ പ്രേരണ ഇവ കാണികൾക്കു നൽകിക്കൊണ്ടിരുന്നു. 1924 മുതൽ ഭരണാധികാരിയായിരുന്ന മുസ്സോളിനിയുടെ ഇറ്റലിയിൽ, ചലച്ചിത്രകാരന്മാർ വലിയ ആഡംബരഹോട്ടലുകളിൽ സെറ്റിട്ടാണ് സിനിമ നിർമ്മിച്ചിരുന്നത്. ചലച്ചിത്രങ്ങൾ കാണിച്ചിരുന്ന മുറികളിലെ അലങ്കാരങ്ങൾ കാരണം 'വെള്ളടെലിഫോൺ സിനിമകൾ' എന്നാണ് ഇവ അറിയപ്പെട്ടത്. സിനിമകൾ പൂർണ്ണമായും കർശനമായ സെൻസർഷിപ്പിനു വിധേയമായിരുന്നു. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത സിനിമകൾ മടുത്ത ഒരുകൂട്ടം സിനിമാനിരൂപകരുടെ ഭാവനയിലും ചർച്ചയിലുംകൂ

#### ഇറ്റാലിയൻ നിയോറിയലിസവും സ്വാധീനവും

ഇറ്റാലിയൻ നിയോറിയലിസം 'ഇറ്റലിയുടെ സിനിമാചരിത്രത്തിലെ സുവർണ്ണയുഗം' എന്നാണ് അറിയപ്പെടുന്നത്. ഫ്രെഞ്ച് സംവിധായകനായ ഴാങ് റെനയറുടെയും ഇറ്റാലിയനായ അലസാൻഡ്രോ ബ്ലാസെറ്റിയുടെയും ചലച്ചിത്രങ്ങളിൽ, ലോകസിനിമയെ എറ്റവുമധികം സ്വാധീനിച്ച പ്രസ്ഥാനമായ നിയോറിയലിസത്തിന്റെ പൂർവലക്ഷണങ്ങൾ കാണാം. ലൂഷിനോ വിസ്കോണ്ടിയുടെ 'ഓസ്സെസ്സിയോൺ' (1942/1943) ആണ് ഇറ്റലിയിലെ ആദ്യത്തെ നിയോറിയലിസ്റ്റ് ചിത്രം. കാൻ ചലച്ചിത്രോത്സവത്തിൽ പുരസ്കാരം നേടിയ, റോബെർട്ടോ റോസല്ലിനി സംവിധാനം ചെയ്ത റോം, ഓപ്പൺ സിറ്റി (1945) യോടുകൂടി നിയോറിയലിസം ഒരു പ്രസ്ഥാനമെന്ന നിലയിൽ ലോകശ്രദ്ധ നേടി. വിറ്റോറിയ ഡെ സിക്കയുടെ ബൈസിക്കിൾ തീവ്സ് (1948) നിയോറിയലിസത്തിന്റെ ലക്ഷണങ്ങൾ കൃത്യമായി പിന്തുടർന്ന വിഖ്യാതമായ ചലച്ചിത്രമാണ്. ബൈസിക്കിൾ തീവ്സിനു തിരക്കഥയെഴുതിയ സെസ്സാർ സവാറ്റിനിയെയാണ് നിയോറിയലിസത്തിന്റെ ആദ്യകാല സൈദ്ധാന്തികരിൽ ഒരാൾ. ലൂഷിനോ വിസ്കോണ്ടി സംവിധാനം ചെയ്ത, സിസിലിയൻ മീൻ പിടിത്തക്കാരുടെ കഥ പറയുന്ന ലാ ടെറാ ട്രമാ, (1948) ജർമ്മനി ഇയർ സീറോ (1948), ഡെസിക്കയുടെ ഉംബെർട്ടോ ഡി (1952), ഇൽ ടെറ്റോ (1956) ഫെഡെറിക്കോ ഫെല്ലിനിയുടെ ലാ സ്ട്രാഡ (1954) തുടങ്ങി വിറ്റോറിയോ താവിയാനിയുടെ പഡ്രേ പഡ്രോൺ (1977) മത്തിയോ ഗാരോണിന്റെ ഗൊമോറാ (2008) വരെ നീളുന്ന വിശാലമായ ചരിത്രം ഇറ്റാലിയൻ നിയോറിയലിസത്തിനുണ്ട്. ലോകസിനിമയെ സ്വാധീനിച്ചതിൽ നിയോറിയലിസത്തിന്റെ പങ്ക് തർക്കമില്ലാത്തതാണെങ്കിലും സമാ

ടി ഉരുത്തിരിഞ്ഞുവന്നതാണ് ഇറ്റാലിയൻ നിയോറിയലിസം. യുദ്ധത്തിന്റെ കെടുതികൾ ബാധിച്ച സാധാരണമനുഷ്യരെ അവതരിപ്പിക്കാൻ കഴിയാത്ത ചലച്ചിത്രങ്ങൾ അമേരിക്കൻ സിനിമകളുടെ അമ്പരപ്പിക്കുന്ന പകിട്ടിലും തകർന്ന റോമൻ സാമ്രാജ്യത്തിന്റെ പ്രഭാവം നിറഞ്ഞ ഭൂതകാലത്തിലും കുടുങ്ങിക്കിടന്ന കാലത്ത്, തെരുവിലേക്കും തീവണ്ടിനിലയങ്ങളിലേയ്ക്കും യുദ്ധബാരക്കുകളിലേയ്ക്കും ഇറങ്ങിച്ചെല്ലാനും അവിടെനിന്ന് യഥാർത്ഥ ഇറ്റാലിയൻ സിനിമയെ കണ്ടെടുക്കാനും 'ലിയോ ലോംഗാനസ്സി' എന്ന ആനുകാലികം ചലച്ചിത്രസംവിധായകരെ ആഹ്വാനം ചെയ്തിരുന്നു. രണ്ടാം ലോകയുദ്ധത്തിന്റെ അവസാനം ഇറ്റലി ഫാസിസ്റ്റുഭരണകൂടത്തിന്റെ കെട്ടുപാടുകളിൽനിന്നു മുക്തമായപ്പോൾ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ യാഥാർത്ഥ്യങ്ങളെ അതേപടി ആവിഷ്കരിക്കാനുള്ള ആഗ്രഹം വീണ്ടും കലാകാരന്മാർക്കിടയിൽ ശക്തമായി. യാഥാർത്ഥ്യത്തോടുള്ള അഭിനിവേശത്തെ മുസ്സോളിനിയുടെ ഭരണകൂടം സംശയത്തോടെയാണ് കണ്ടിരുന്നത്. യുദ്ധം ഫാസിസത്തിന്റെ ചരടുകളെ പൊട്ടിച്ചുകളഞ്ഞപ്പോൾ ഇറ്റാലിയൻ സമൂഹത്തിന്റെ വാസ്തവം നിറഞ്ഞ മുഖങ്ങൾ ചലച്ചിത്രങ്ങളിൽ തെളിഞ്ഞു. യഥാതഥമായ ചിത്രീകരണങ്ങളുടെ രണ്ടാമത്തെ വരവ് പുതിയ റിയലിസം (നിയോറിയലിസം) എന്ന പേരിലാണ് അറിയപ്പെട്ടത്. നിയോറിയലിസ്റ്റുകൾ തങ്ങളുടെ പൂർവികരേക്കാൾ സാമൂഹിക വിമർശനത്തിനു കൂടുതൽ പ്രാധാന്യം നൽകി. യുദ്ധത്തിന്റെയും പ്രതിരോധത്തിന്റെയും അനന്തരഫലങ്ങൾ, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയവ ചലച്ചിത്രങ്ങളിലെ പ്രമേയമായി. റോമൻ പാരമ്പര്യത്തിന്റെയും അമേരിക്കയുടെയും പകിട്ട് ഒഴിവാക്കി മുസ്സോളിനിയുടെ ഭരണകാലത്ത് നിർമ്മിച്ച ചിത്രങ്ങൾ, യുദ്ധാനന്തരകാലത്ത് വീണ്ടും പരിഗണിക്കപ്പെട്ടു. നാടകീയതയും ദൃശ്യങ്ങൾക്ക് മിഴിവേകാൻ ഉദ്ദേശിച്ചുള്ള ആഡംബരങ്ങളും ഒഴിവാക്കപ്പെട്ടു. സിനിമയ്ക്ക് തിരക്കഥപോലും ആവശ്യമില്ലെന്നും സാഹിത്യത്തിന്റെ ഒത്താശയില്ലാതെതന്നെ ചലച്ചിത്രങ്ങൾക്ക് ജന്മം നൽകാമെന്നും ചിലർ തെളിയിച്ചു. ഒട്ടും നാടകീയത ഇല്ലാത്ത, സാധാരണ

ന്തരമായി, ഫ്രഞ്ച് നവതരംഗത്തിന്റെയും പോളണ്ടിലെ ഫിലിം സ്കൂളുകളുടെയും സംഭാവനകൾകൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ചലച്ചിത്രങ്ങളിൽ യാഥാർത്ഥ്യത്തിന്റെ പരിചരണത്തെ ശരിയായി വിലയിരുത്താൻ കഴിയൂ എന്ന് അഭിപ്രായപ്പെടുന്ന നിരൂപകരും ഉണ്ട്. യഥാതഥമായ ചിത്രീകരണങ്ങൾ രാജ്യത്തെ ലോകപ്രേക്ഷകരുടെ മുന്നിൽ താഴ്ത്തിക്കെട്ടുന്നതുകൊണ്ട് 'പൊതുസ്ഥലത്ത് ഉണക്കാനിട്ട അഴുക്കുവസ്ത്രങ്ങൾ'എന്ന് ഈ ചലച്ചിത്രങ്ങൾക്കെതിരെ ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്.

ഇന്ത്യയിൽ ബിമൽ റോയിയിലും (ദോ ബീഗാ സമീൻ 1953) സത്യജിത്ത് റായിയിലും (പഥേർ പഞ്ചാലി 1955) ഋത്വിക് ഘട്ടക്കിന്റെ സിനിമകളിലും നിയോറിയലിസത്തിന്റെ വ്യക്തമായ സ്വാധീനം ഉണ്ട്. മലയാളത്തിൽ നവറിയലിസ്റ്റു സിനിമയ്ക്കു തുടക്കം കുറിച്ചത് പി രാമദാസ് സംവിധാനം ചെയ്ത ന്യൂസ് പേപ്പർ ബോയ് (1955) എന്ന സിനിമയായിരുന്നു. കാലത്തിനു മുൻപേ നടന്ന ഒരുകൂട്ടം വിദ്യാർത്ഥികളുടെ സംരംഭമായിരുന്നു ഈ ചലച്ചിത്രം.

മനുഷ്യരുടെ സാധാരണ ജീവിതസംഭവങ്ങൾക്ക് നിയോറിയലിസ്റ്റുകൾ ഊന്നൽ നൽകി. അമേരിക്കൻ സിനിമകൾ പൊതുവായി കാഴ്ചവച്ചിരുന്ന 'ശുഭാന്തം' എന്ന സങ്കൽപ്പത്തെ അവർ തിരസ്കരിച്ചു. നിയോറിയലിസ്റ്റുകളുടെ ലക്ഷ്യം സാമൂഹികപ്രശ്നങ്ങളെ രേഖപ്പെടുത്തുക എന്നതായിരുന്നില്ല, മറിച്ച് അവയെ പൂർണ്ണമായും വേറിട്ടരീതിയിൽ അവതരിപ്പിക്കുക എന്നതായിരുന്നു.

പ്രത്യേകതകൾ

- സാധാരണമനുഷ്യരുടെ മൂല്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് ജനാധിപത്യപരമായി തീർന്നു.
- സഹാനുഭൂതിക്കു പ്രാധാന്യം നൽകിക്കൊണ്ട് ഏകപക്ഷീയമായ ധാർമ്മികനിലപാടുകളെ നിരസിച്ചു.
- ഇറ്റലിയുടെ ഫാസിസ്റ്റ് ഭൂതകാലത്തെയും യുദ്ധം വരുത്തിവച്ച കെടുതികളെയും കുറിച്ചുള്ള ബോധമുണ്ടാക്കി.
- ക്രിസ്ത്യൻ, മാർക്സിയൻ മാനവികതയ്ക്ക് പ്രാധാന്യം നൽകി
- അമൂർത്തമായ ആശയങ്ങൾക്കു പകരം വികാരങ്ങൾക്കു പ്രാധാന്യം നൽകി.
- സുഘടിതമായ കഥകൾക്കു പകരം സ്വാഭാവികമായി വികസിക്കുന്ന സംഭവങ്ങൾക്കു പ്രാധാന്യം കൈവന്നു.
- ആഖ്യാനം വളച്ചുകെട്ടും ആഡംബരവുമില്ലാതെ ആധാരചിത്രങ്ങളിലേതുപോലെയായി
- സ്റ്റുഡിയോകൾക്കുപകരം സ്വാഭാവികമായ സ്ഥലങ്ങളിൽവച്ച് ചിത്രീകരണം നടത്തി.
- താരങ്ങളെ ഒഴിവാക്കി സാധാരണക്കാർ അഭിനേതാക്കളായി.
- സാഹിത്യഭാഷയ്ക്കു പകരം സ്വാഭാവികമായ ഭാഷയിൽ സംഭാഷണങ്ങളായി.
- ചിത്രസന്നിവേശം, ഛായാഗ്രഹണം, പ്രകാശവിന്യാസം എന്നിവയിലെല്ലാമുള്ള കൃത്രിമത്വം ഉപേക്ഷിച്ചു.

## പാഠഭാഗത്തിലേക്ക്

ജനപ്രിയ സിനിമകളുടെ പൊതുസ്വഭാവങ്ങളെ സംബന്ധിച്ച ധാരണകളുടെ വെളിച്ചത്തിൽ കലാമൂല്യമുള്ള സിനിമകൾ എങ്ങനെ വ്യത്യസ്തമാകുന്നു എന്ന തിരിച്ചറിവിനായി ബൈസിക്കിൾ തീവ്സ് എന്ന ചിത്രത്തിലേക്ക് വരാവുന്നതാണ്.

ചലച്ചിത്ര പ്രദർശനത്തിനുമുമ്പായി ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

- ജനപ്രിയ സിനിമകളുടെ പൊതുസ്വഭാവങ്ങളായി തിരിച്ചറിഞ്ഞ വസ്തുതകൾ എന്തൊക്കെയാണ്?
  - ടൈപ്പ് ഇതിവൃത്തങ്ങൾ
  - വാർപ്പ് മാതൃകയിലുള്ള കഥാപാത്രങ്ങൾ
  - സ്ഥിരശൈലിയിലുള്ള പ്രതിപാദനരീതി
  - വ്യാജമായ പരിഹാരങ്ങൾ
  - സമൂഹത്തിനു പകരം വ്യക്തിയിൽ ഊന്നൽ
  - യഥാർത്ഥ്യം മറച്ചുവയ്ക്കപ്പെടുന്നു
  - താരങ്ങളായ അഭിനേതാക്കൾ

- ശുഭകരമായ പര്യവസാനം
- പ്രേക്ഷകരെ രസിപ്പിക്കുന്നതിനായി പാട്ടും നൃത്തരംഗങ്ങളും

- ഇത്തരം ഘടകങ്ങൾ ബൈസിക്കിൾ തീവ്സ് എന്ന ചിത്രത്തിൽ എത്ര മാത്രം ഉൾപ്പെടുത്തിയിട്ടുണ്ട്.
- ജനപ്രിയ സിനികളിൽ ഉൾപ്പെടുത്താതെ വിട്ടുകളയുന്ന എന്തൊക്കെ ഘടകങ്ങളാണ് ഈ ചിത്രത്തിൽ കണ്ടെത്താൻ കഴിയുക?
- എന്തുകൊണ്ടാണ് ഈ ചിത്രം ഒരു ക്ലാസിക് ചിത്രമായി വിശേഷിപ്പിക്കപ്പെടുന്നത്?
-

തുടർന്ന് കുട്ടികൾ ചലച്ചിത്രം കാണട്ടെ. പ്രദർശനത്തിനുശേഷം ചിത്രത്തിന്റെ സൂക്ഷ്മമായ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനുള്ള ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

- ദാരിദ്ര്യത്തിന്റെ ചിഹ്നങ്ങൾ സിനിമയിൽ പ്രത്യക്ഷപ്പെടുന്നത് എങ്ങനെയൊക്കെയാണ്?
- സൈക്കിളുമായുള്ള റിച്ചിയുടേയും മകന്റെയും ബന്ധം വ്യക്തമാകുന്നത് എപ്പോഴൊക്കെയാണ്?
- സൈക്കിൾ കണ്ടെത്താൻ റിച്ചി സ്വീകരിക്കുന്ന മാർഗങ്ങൾ എന്തൊക്കെയാണ്?
- സാധാരണക്കാരന്റെ തീക്ഷ്ണമായ പ്രശ്നങ്ങളെ നിസാരമായി കാണുന്ന സമൂഹത്തിന്റെ മനോഭാവത്തെ സംവിധായകൻ വെളിപ്പെടുത്തുന്നത് എങ്ങനെയൊക്കെയാണ്?
- അച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്ന ദൃശ്യങ്ങൾ ഏതൊക്കെയാണ്?
- ചിത്രത്തിൽ നിങ്ങളെ ഏറ്റവും സ്പർശിച്ച രംഗം ഏതാണ്? എന്തുകൊണ്ടാണ്?

ചർച്ചയിലൂടെ ചിത്രത്തിന്റെ കേന്ദ്രപ്രമേയത്തിലേക്കും മറ്റു സവിശേഷതകളിലേക്കും എത്തിച്ചേരാവുന്നതാണ്.

തുടർന്ന് ചിത്രത്തെ സംബന്ധിക്കുന്ന കൂടുതൽ വിശദാംശങ്ങൾക്കായി കളവുപോയ സൈക്കിളും കഴിഞ്ഞുപോയ കാലഘട്ടവും എന്ന പാഠഭാഗം വായിക്കട്ടെ.

## വിശകലനം

ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിന്റെ സൂക്ഷ്മമായ വിശകലനം ഉദ്ദേശിച്ചുള്ള ഈ പ്രവർത്തനത്തിൽ ചിത്രത്തിന്റെ പ്രത്യേകതകളായി എടുത്തുകാട്ടിയ ഘടകങ്ങളെ അടുത്തു പരിചയപ്പെടാൻ കുട്ടികൾക്ക് കഴിയണം.

നൽകിയിരിക്കുന്ന സൂചനകളുടെ വെളിച്ചത്തിൽ ചിത്രത്തെ വിശകലനം ചെയ്യട്ടെ. ചെറു ചോദ്യങ്ങളിലൂടെ ഓരോ ഘടകവും ഇഴപിരിക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്.

**1. ആൾക്കൂട്ടം കഥാപാത്രമെന്ന നിലയിൽ**

- ആൾക്കൂട്ടത്തെ ചിത്രീകരിച്ചിരിക്കുന്ന സീനുകൾ ഏതൊക്കെയാണ്?
- വ്യത്യസ്ത സന്ദർഭങ്ങളിലെ ആൾക്കൂട്ടത്തിന്റെ സ്വഭാവം ഏതു തരത്തിലാണ്?

- റിച്ചിയോടുള്ള ആൾക്കൂട്ടത്തിന്റെ പ്രതികരണം വ്യത്യസ്ത സന്ദർഭങ്ങളിൽ എങ്ങനെയൊക്കെയാണ്?
- ആൾക്കൂട്ടത്തിന്റെ ആവർത്തിച്ചുള്ള ചിത്രീകരണത്തിലൂടെ സംവിധായകൻ വ്യക്തമാക്കാൻ ശ്രമിക്കുന്നതെന്താണ്?
- ആൾക്കൂട്ടത്തെ ഒരു കഥാപാത്രമായി പരിഗണിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്?

ക്രോഡീകരണത്തിൽ വരേണ്ടവ

- റിച്ചിയുടെ പ്രശ്നം ഒറ്റപ്പെട്ട ഒരു വ്യക്തിയുടെ പ്രശ്നം മാത്രമല്ല.
- സമൂഹത്തിൽനിന്നും വ്യക്തിയെ അടർത്തിമാറ്റുന്ന വാണിജ്യസിനിമയിൽനിന്നുള്ള പ്രകടമായ വ്യത്യാസം.
- ദരിദ്രരായ ജനസഞ്ചയത്തിന്റെ പ്രശ്നങ്ങളുടെ ഭാഗം തന്നെയാണ് റിച്ചിയുടെ പ്രശ്നങ്ങളും.
- സാമൂഹികമായ അവസ്ഥയുടെ യഥാതഥമായ ചിത്രീകരണമാണ് സംവിധായകന്റെ ലക്ഷ്യം.
- സിനിമയെ ചലനാത്മകവും സജീവവുമായി നിർത്തുന്നതിൽ ആൾക്കൂട്ടത്തിന് മുഖ്യസ്ഥാനമുണ്ട്.
- ആൾക്കൂട്ടത്തെ ആദ്യം മുതൽ അവസാനം വരെ ഒറ്റ ഭാവത്തിലല്ല കാട്ടിത്തരുന്നത്. റിച്ചിയോട് അനുതാപമുള്ള ഒരു ആൾക്കൂട്ടത്തെ തുടക്കത്തിൽ കാണാമെങ്കിലും മറ്റു ചിലേടത്ത് റിച്ചിയെ പരിഹസിക്കുകയും മർദിക്കുകയും ചെയ്യുന്നുണ്ട് ഈ ആൾക്കൂട്ടം. ഭിന്നഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഒരു കഥാപാത്രത്തിന്റെ സവിശേഷതകൾ ഈ ആൾക്കൂട്ടത്തിൽ കണ്ടെത്താം.

**2. സൈക്കിൾ നല്കുന്ന അർഥസൂചനകൾ**

- സിനിമയിൽ സൈക്കിൾ ഒരു പ്രതീകമായി വർത്തിക്കുന്നുണ്ടോ?
- സൈക്കിളുമായുള്ള റിച്ചിയുടെയും കുടുംബത്തിന്റെയും ബന്ധം എത്രമാത്രം തീവ്രമാണ്?
- സൈക്കിളിന്റെ ഭാഗങ്ങൾ വില്ക്കുന്ന തിരക്കേറിയ തെരുവ് നൽകുന്ന സൂചനകൾ എന്തെല്ലാമാണ്?
- സൈക്കിൾ എങ്ങനെ ജീവിതത്തിന്റെതന്നെ നിലനില്പിന്റെ ഭാഗമാകുന്നു?

ക്രോഡീകരണത്തിൽ വരേണ്ടവ:

- സൈക്കിൾ സ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും പ്രതീകമെന്നോണം പ്രത്യക്ഷപ്പെടുന്നു.
- അവരുടെ ജീവിതത്തിന്റെ നിലനില്പിന്റെതന്നെ അടിസ്ഥാനം അതാണ്?
- സാധാരണക്കാരന്റെ വാഹനം.
- അടിസ്ഥാന വർഗത്തിൽനിന്നുള്ള അപഹരിക്കലും അതിനുവേണ്ടിയുള്ള ഭ്രാന്തമായ അലച്ചിലും.

**3. സിനിമയിൽ പ്രത്യക്ഷമാകുന്ന സാമൂഹികപ്രശ്നങ്ങൾ**

- എന്തൊക്കെ സാമൂഹിക പ്രശ്നങ്ങളാണ് ചിത്രം ഉന്നയിക്കുന്നത്?
- അവ എങ്ങനെയൊക്കെ ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നു?

- അവ ചിത്രീകരിക്കാൻ ഉപയോഗിച്ച ശൈലി എപ്രകാരമാണ്?

ക്രോഡീകരണത്തിൽ വരേണ്ടവ:

- തൊഴിലില്ലായ്മ
- ദാരിദ്ര്യം
- നിസ്സഹായരായ മനുഷ്യരുടെ പ്രശ്ന ങ്ങൾ
- ദാരിദ്ര്യം മനുഷ്യരെ അന്ധവിശ്വാസ ങ്ങളിലേക്ക് നയിക്കുന്നു.
- ജീവിതം തന്നെ സമരമാകുന്ന അവ സ്ഥ.
- ദാരിദ്ര്യത്തെ ചൂഷണം ചെയ്യുന്ന മതംപോലുള്ള സ്ഥാപനങ്ങൾ
-

**4. കുടുംബ ബന്ധങ്ങൾക്ക് നൽകിയി രിക്കുന്ന പ്രാധാന്യം**

- റിച്ചിയുടെ കുടുംബജീവിതം സിനി മയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് എങ്ങനെ?
- കുടുബജീവിത പശ്ചാത്തലം റിച്ചി യുടെ തകർച്ചയെ വൈകാരികമായി ശക്തിപ്പെടുത്തുന്നുണ്ടോ?
- റിച്ചി - ഭാര്യ - മകൻ ഇവർ തമ്മി ലുള്ള പരസ്പരബന്ധം ചിത്രീകരി ച്ചിരിക്കുന്ന ദൃശ്യങ്ങൾ നല്കുന്ന സൂചനകൾ എന്തൊക്കെയാണ്?

ക്രോഡീകരണത്തിൽ വരേണ്ടവ.

- കടുത്ത ദാരിദ്ര്യത്തിലും കെട്ടുറപ്പുള്ള കുടുംബം.
- ജീവിക്കാനായി അവർക്ക് സൈക്കിൾപോലും പണയപ്പെടു ത്തേണ്ടിവരുന്നു.
- കുടുംബത്തിൽ അവശേഷിക്കുന്ന പുതപ്പുകൾപോലും റിച്ചിയുടെ ജോലിക്കുവേണ്ടി പണയം വയ്ക്കാൻ തയാറാകുന്ന ഭാര്യ.
- സൈക്കിൾ അന്വേഷണത്തിൽ റിച്ചിയെ പിന്തുടരുന്ന മകൻ.
- മകനെ പുഴയോരത്തുവച്ച് കാണാതാ കുമ്പോൾ റിച്ചിയുടെ ഉത്കണ്ഠ.
- മകന് അവൻ ആവശ്യപ്പെടുന്ന ഭക്ഷ ണമെങ്കിലും വാങ്ങി നൽകാൻ തയാ റാവുന്ന റിച്ചി.
- റിച്ചിയെ കാണാതാവുമ്പോൾ അയാളെ രാത്രിയിൽ അന്വേഷിച്ചെ ത്തുന്ന ഭാര്യ.
- ഭർത്താവിന് ജോലി കിട്ടിയപ്പോൾ അതിനായുള്ള പ്രാർഥന നിറവേ റ്റുന്ന ഭാര്യ.
- ചിത്രാന്ത്യത്തിൽ പരസ്പരം കൈകൊർത്തു നടക്കുന്ന റിച്ചിയും മകനും.

ഇത്തരം ദൃശ്യങ്ങൾ റിച്ചിയുടെ കുടുംബ ബന്ധത്തിന്റെ ആഴവും തീവ്രതയും വ്യക്തമാക്കുന്നു.

സൈക്കിൾ മോഷ്ടാക്കളിലെ ഇത്തരം സവിശേഷതകളിൽ ഊന്നി ചിത്രത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കട്ടെ.

## ലഘൂപന്യാസം

സൈക്കിൾ മോഷ്ടാക്കൾ എന്ന സിനി മയുടെ കേന്ദ്രപ്രമേയമായി ലേഖകൻ നിരീക്ഷിക്കുന്ന പ്രത്യാശ എന്ന ആശയം ചിത്രത്തിലെ വിവിധ ദൃശ്യങ്ങ ളിൽ/സന്ദർഭങ്ങളിൽ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നു എന്ന് പരിശോധി

ക്കുകയാണ് പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. ചലച്ചിത്രത്തിലെ പ്രാധാനപ്പെട്ട ചില രംഗങ്ങളുടെ വിശകലനത്തിലൂടെ മാത്രമേ ഈ ആശയം ലഭിക്കുകയുള്ളൂ.

സൈക്കിൾ മോഷ്ടാക്കളിൽ മറ്റെന്തിനേക്കാളുമധികം പ്രധാനമായിരിക്കുന്നത് ചിത്രം മുന്നോട്ടുവെയ്ക്കുന്ന പ്രത്യാശയാണ് എന്ന ലേഖകന്റെ നിരീക്ഷണം ചിത്രത്തിലെ സന്ദർഭങ്ങൾ മുൻനിർത്തി വിശകലനം ചെയ്യുകയാണ് വേണ്ടത്.

- പ്രത്യാശ എന്ന ആശയം ചിത്രത്തെ സംബന്ധിച്ച് എങ്ങനെയാണ് പ്രധാനമായിത്തീരുന്നത്?
- പ്രത്യാശയുടെ സൂചനകൾ പ്രകടമാവുന്ന ദൃശ്യങ്ങൾ എന്തൊക്കെയാണ്?

ചലച്ചിത്രം കണ്ട അനുഭവത്തിന്റെ വെളിച്ചത്തിൽ കുട്ടികൾ അവരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കട്ടെ.

വിറ്റോറിയ ഡിസീക്ക ബൈസിക്കിൾ തീവ്സ് എന്ന പ്രമേയം സ്വീകരിക്കുന്നതുതന്നെ അടിസ്ഥാനവർഗ്ഗത്തിന്റെ ജീവിതത്തെ യഥാതഥമായി ചത്രീകരിക്കുന്നതിനുംകൂടിയാണ്. അരക്ഷിതമായ ഒരു സമൂഹത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള, നല്ലൊരു നാളെയെക്കുറിച്ചുള്ള പ്രത്യാശയാണ് ആത്യന്തികമായി സിനിമയുടെ പ്രമേയം. ഈ അടിസ്ഥാന ആശയം കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്.

ക്രോഡീകരണത്തിൽ വരേണ്ടവ:

- ചിത്രം ആരംഭിക്കുന്നത് തൊഴിലിനുവേണ്ടി കൂടിനിൽക്കുന്ന ജനങ്ങളുടെ പ്രതീക്ഷ കാട്ടിക്കൊണ്ടാണ്. വ്യത്യസ്തതൊഴിലുകൾ ചെയ്യുന്നവർ തങ്ങളുടെ പേര് വിളിക്കുന്നതും കാത്ത് ക്ഷമയോടെ നിൽക്കുകയാണ്. സൈക്കിൾ ഉണ്ടെങ്കിലേ ജോലി ഉള്ളൂ എന്ന മേലുദ്യോഗസ്ഥന്റെ മുന്നറിയിപ്പിന് സൈക്കിൾ ഉണ്ട് എന്നു തന്നെ അയാൾ ഉത്തരം പറയുന്നു. തന്റെ പണയംവച്ച സൈക്കിൾ എങ്ങനെയായാലും വീണ്ടെടുക്കാൻ കഴിയും എന്ന പ്രത്യാശയാണ് അതിനുപിറകിൽ.
- പുതപ്പുകൾ പണയപ്പെടുത്തി സൈക്കിൾ പണയപ്പീടികയിൽ നിന്ന് തിരിച്ചെടുത്ത് പുറത്തേക്ക് വരുന്ന റിച്ചി തനിക്ക് ലഭിക്കാൻ പോകുന്ന ശമ്പളത്തെക്കുറിച്ചും ഓവർ ടൈമിനെക്കുറിച്ചും ഭാര്യയോട് സന്തോഷത്തോടെ പറയുന്നുണ്ട്. നഷ്ടപ്പെട്ടുപോയി എന്നു കരുതുന്ന ജീവിതം തിരിച്ചുപിടിക്കാൻ കഴിയുമെന്ന പ്രത്യാശയാണ് അപ്പോൾ അവരിൽ തെളിഞ്ഞു നിൽക്കുന്നത്.
- സൈക്കിൾ കണ്ടുപിടിക്കാൻ കഴിയും എന്ന പ്രത്യാശയാണ് അതന്വേഷിച്ച് തെരുവുകളിലൂടെ അലയാൻ റിച്ചിയെ പ്രേരിപ്പിക്കുന്നത്.

ദുരിതങ്ങളുടെ ലോകത്തുനിന്ന് പ്രതീക്ഷാനിർഭരമായ ഒരു ജീവിതത്തിലേക്കുള്ള യാത്രയുടെ പ്രതീകമാണ് സൈക്കിൾ. അത് അടിസ്ഥാന വർഗ്ഗത്തിന്റെ വിമോചനത്തിന്റെയും സൂചനയാണ്. സൈക്കിൾ അപഹരിക്കപ്പെടുന്നതിലൂടെ ആ വിമോചനത്തെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ഇല്ലാതാവുന്നത്. എന്നാൽ റിച്ചിയും കുടുംബവും അതിൽ വിലപിച്ച് ഇരിക്കുകയല്ല ചെയ്യുന്നത്. അയാൾ സാധ്യമായ എല്ലാ വഴികളിലൂടെയും തന്റെ സൈക്കിൾ തിരഞ്ഞുപോകുന്നു. അപഹരിക്കപ്പെട്ട സൈക്കിൾ ജീവിതത്തിന്റെ പ്രതീകമാണ്. നാളെ അത് കണ്ടെത്തുകതന്നെ ചെയ്യും എന്ന സ്ഥൈര്യം അയാളുടെ മുഖത്തുണ്ട്.

കൈകോർത്തു നടക്കുന്ന മകനിലേക്ക് ആ പ്രത്യാശ പകരുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

കണ്ടെത്തിയ ദൃശ്യസൂചനകൾ വ്യാഖ്യാനിച്ചുകൊണ്ട് ലഘൂപന്യാസം തയ്യാറാക്കട്ടെ.

### ഉപന്യാസം

രണ്ടു പാഠഭാഗങ്ങളെയും ചേർത്തുവച്ച് പരിശോധിക്കുന്നതിനും രണ്ടിൽനിന്നും നേടിയ ആശയങ്ങളെ പ്രായോഗികമായി പ്രയോജനപ്പെടുത്തുന്നതിനുംവേണ്ടിയുള്ള പ്രവർത്തനമാണിത്.

ചലച്ചിത്രത്തിന്റെ പ്രദർശനത്തിനുമുമ്പായി ചോദിച്ച ചോദ്യങ്ങൾ ആവർത്തിച്ചുകൊണ്ട് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

- സൈക്കിൾ മോഷ്ടാക്കളുടെ ഇതിവൃത്തം ടൈപ്പ് മാതൃകയിലുള്ളതാണോ?
- സമ്പന്നരുടെ / ഉപരിവർഗ്ഗത്തിന്റെ ജീവിതാനുഭവമാണോ പ്രമേയം?
- ലൈംഗികതയും സംഘട്ടനരംഗങ്ങളും അനാവശ്യമായ വൈകാരികതയും കുത്തിനിറച്ച പ്രമേയമാണോ?
- കഥ ശുഭപര്യവസായിയാണോ?

ക്രോഡീകരണത്തിൽ വരേണ്ടവ.

- ലോകസിനിമയിലെ തന്നെ വിസ്മയമായിരുന്നു അക്കാലത്ത് സൈക്കിൾ മോഷ്ടാക്കൾ. ആവർത്തന വിരസമായ പ്രമേയങ്ങൾ മാത്രം വാണിജ്യവിജയത്തിനായി മുഖ്യധാരാ സിനിമകൾ സ്വീകരിച്ചിരുന്ന കാലഘട്ടത്തിലാണ് യഥാർഥ ജീവിത പരിസരത്തുവച്ച് സാധാരണക്കാരായ മനുഷ്യരുടെ ജീവിതം ഡസീക്ക പ്രമേയമാക്കുന്നത്.
- ജീവിതത്തിന്റെ യഥാർത്ഥമായ ആവിഷ്ക്കരണം ലക്ഷ്യമിടുന്നതുകൊണ്ടു തന്നെ അതുവരെ ക്യാമറയ്ക്കുമുന്നിൽ വരാത്ത സാധാരണമനുഷ്യരെ അഭിനേതാക്കളായി പ്രയോജനപ്പെടുത്തിയും യഥാർത്ഥമായ തെരുവുകളിൽ തന്നെ ചിത്രീകരണം നടത്തിയും ആണ് സൈക്കിൾ മോഷ്ടാക്കൾ സംവിധായകൻ ഒരുക്കിയിട്ടുള്ളത്.
- കഥാപാത്രങ്ങൾ വാർപ്പ് മാതൃകയിൽ ഉള്ളവരാണോ?
- നായകൻ – പ്രതിനായകൻ – നായിക ഹാസ്യനടൻ ഇതര ടൈപ്പുകൾ ആണോ?
- ധീരനും എന്തും ചെയ്യാൻ കരുത്തുള്ളവനും എത്ര പേരോട് വേണമെങ്കിലും എതിരിട്ടു ജയിക്കാൻ കഴിയുന്നവനും ആണോ?
- യാതൊരു തെറ്റും ചെയ്യാത്ത നന്മയുടെ അവതാരപുരുഷൻ ആണോ?
- റിച്ചിയുടെ കഥാപാത്ര സവിശേഷതകൾ കുട്ടികൾ കണ്ടെത്തട്ടെ. അവരുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കണം. ക്രോഡീകരണത്തിൽ വരേണ്ടവ.

- ദരിദ്രൻ
- നിസ്സഹായൻ
- സാധാരണക്കാരൻ
- തൊഴിലില്ലാതെ അലയുന്നവരുടെ പ്രതിനിധി

- എല്ലായിടത്തും പരാജയപ്പെടുന്നവൻ

- ജനപ്രിയസിനിമയുടെ പ്രതിപാദന രീതി

- അതിവൈകാരികം
- കൃത്രിമം
- യഥാർത്ഥ്യത്തിനുനേരെ കണ്ണടയ്ക്കുന്നു.
- ചേർക്കേണ്ട ചേരുവകളെല്ലാം ചേർക്കുന്നു.
- പുറമേയുള്ള കാര്യങ്ങൾ മാത്രം പറഞ്ഞുപോകുന്നു.
- വിനോദിപ്പിക്കലാണ് മുഖ്യലക്ഷ്യം

സൈക്കിൾ മോഷ്ടാക്കളിലെ പ്രതിപാദനരീതിയിലുള്ള വ്യത്യാസങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

ക്രോഡീകരണത്തിൽ വരേണ്ടവ:

- യഥാതഥമായ ചിത്രീകരണരീതി
- നിറം പിടിപ്പിച്ച നുണകളില്ല
- തീക്ഷ്ണമായ സാമൂഹികയാഥാർത്ഥ്യങ്ങളെ അതേപടി പകർത്തുന്ന രീതി
- ഊന്നൽ സമൂഹത്തിന്
- മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

ജനപ്രിയ സിനിമകളുടെ രീതിയിൽ നിന്നും ബൈസൈക്കിൾ തീവ്സ് എങ്ങിനെയെല്ലാം വ്യത്യസ്തമാകുന്നു എന്ന് തിരിച്ചറിഞ്ഞ് ഒരു ഉപന്യാസം തയ്യാറാക്കട്ടെ.

## കൈപ്പാട്

**പാഠാപഗ്രഥനം**

'പുഴ, കടലിൽ ചേരുന്ന അഴിമുഖതീരത്തിന് പിറകിലായി ഓരുജലം കയറി നിൽക്കുന്ന കായലുകളോടു ചേർന്ന് ഏറ്ററക്കങ്ങളിൽ പുഷ്ടിപ്രാപിക്കുന്ന ചെളിപുതഞ്ഞ ചതുപ്പുകളാണ് കൈപ്പാടുനിലങ്ങൾ' - വടക്കേ മലബാറിലെ, 'കൈപ്പാട്' എന്ന് വിളിച്ചുവരുന്ന പ്രത്യേകതരം ഭൂവിഭാഗങ്ങളെ സംബന്ധിച്ചുള്ള ബാബു കാമ്പ്രത്തിന്റെ ഡോക്യുമെന്ററി ആരംഭിക്കുന്നത് ഈ വിശദീകരണത്തോടെയാണ്. എന്നാൽ വാക്കുകൾ കൊണ്ടല്ല ഈ ചിത്രം കൈപ്പാട് എന്താണ് എന്ന് നമ്മെ അനുഭവിപ്പിക്കുന്നത്. കൈപ്പാട് നിലങ്ങളുടെ ജൈവപ്രാധാന്യത്തോടൊപ്പം അത് മനുഷ്യന്റെയും മറ്റ് ജീവിവർഗ്ഗങ്ങളുടെയും നിലനിൽപ്പിനു തന്നെ എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും സൂക്ഷ്മമായി ഈ ചിത്രം നമ്മെ ബോധ്യപ്പെടുത്തും.

കൈപ്പാടുകളിലെ മണ്ണിന്റെ സവിശേഷതകളും ഓരോ ഋതുവിലും ആ മണ്ണിനു വന്നുചേരുന്ന മാറ്റങ്ങളും തിരിച്ചറിഞ്ഞുകൊണ്ടുള്ള കൃഷിരീതികളാണ് ഇവിടെ പ്രയോഗിക്കുന്നത്. ഈ കൃഷിരീതിയിൽ മനുഷ്യൻ മാത്രമല്ല ഭാഗഭാക്കാകുന്നത് എന്ന് നമുക്ക് അവിശ്വസനീയ രീതിയിലാണ് ഈ ചിത്രം കാട്ടിത്തരുന്നത്. കൈപ്പാടുകളിലെ ജലജീവിതവും അവിടത്തെ പ്രാണിലോകവും അങ്ങേയറ്റം സൂക്ഷ്മമായി ചിത്രം രേഖപ്പെടുത്തുന്നുണ്ട്. പ്രകൃതി ഒരുക്കുന്ന കീടനിയന്ത്രണ സംവിധാനത്തിൽ തൂക്കണാം കുരുവികളും മറ്റു ചെറുകിളികളും ഭാഗഭാക്കാവുന്നു. കൈപ്പാടു നിലങ്ങളിലെ ജൈവവൈവിധ്യവും അതിൽ ഓരോന്നിന്റെയും ജീവിത രീതികളും ഇവിടെ നമ്മെ അമ്പരിപ്പിക്കും. നെൽവിത്ത് പാകുന്നതിനായി

നിലം ഒരുക്കുന്നതുമുതൽ വിത്തിടൽ, ഞാറുകളുടെ പാലനം, കീടനിയന്ത്രണം തുടങ്ങി നെല്ല് കൊയ്യുന്നതുവരെയുള്ള കൈപ്പാടുകളിലെ കൃഷിരീതിയുടെ പ്രത്യേകത ആ മണ്ണിനോടു ചേർന്നുനിന്നാണ് ഈ ചിത്രം പകർത്തുന്നത്.

കൈപ്പാട് ജീവിതത്തെ രണ്ടു ഭാഗങ്ങളായി പകുത്തുകൊണ്ടാണ് ചിത്രം അവതരിപ്പിക്കുന്നത്. മഴക്കാലം നെൽകൃഷിക്കാലമാണ് കൈപ്പാടിന്. നെൽകൃഷി കഴിയുന്നതോടെ കൈപ്പാട് നിലങ്ങൾ മറ്റൊരു രീതിയിൽ മനുഷ്യനും മറ്റ് ജീവിവർഗ്ഗങ്ങൾക്കും ജീവിതോപാധിയാകുന്നു. കൈപ്പാടുകളിലെ സമൃദ്ധമായ മത്സ്യസമ്പത്തും അവ എങ്ങനെയാണ് പ്രകൃതിയോടിണങ്ങിയ മാർഗ്ഗങ്ങളിലൂടെ മനുഷ്യന്റെ ജീവിതത്തിന് സഹായകമാവുന്നതെന്നും ചിത്രം കാട്ടിത്തരുന്നുണ്ട്. മീൻപിടിത്തത്തിന്റെ ഗ്രാമീണമായ രീതികളുടെ, തനതായ ഉപകരണങ്ങളുടെ അനുഭവം ചിത്രം ഇവിടെ നൽകുന്നുണ്ട്.

കൈപ്പാട് നിലങ്ങളിലേക്ക് പറന്നെത്തുന്ന ഐബിസ്, കാടക്കൊക്ക്, മണൽക്കോഴി, എരണ്ടകൾ തുടങ്ങി നാല്പത്തഞ്ചോളം ദേശാടനക്കിളികളുടെ കൗതുകകരമായ ജീവിത രീതികളും ഇരതേടലിലെ വൈചിത്ര്യവും അടുത്തുനിന്ന് ചിത്രീകരിക്കുന്നുണ്ട് ഇവിടെ.

കൈപ്പാട് എന്ന ഡോക്യുമെന്ററി സിനിമ സമ്പ്രദായികമായ പരിസ്ഥിതി ഡോക്യുമെന്ററികളിൽ നിന്നും വ്യത്യസ്തമാകുന്ന ഒരു പ്രധാനതലം, ഉടനീളം അത് പുലർത്തുന്ന ശാസ്ത്രീയമായ സമീപനരീതിയാണ്. പരിസ്ഥിതിയെ നശിപ്പിക്കാൻ മനുഷ്യൻ ആയുധമാക്കുന്നത് ശാസ്ത്രത്തിന്റെ വികാസത്തെയും അതിന്റെ ഉപകരണങ്ങളെയും അത് മുന്നോട്ടുവയ്ക്കുന്ന വികസന രീതികളെയും ആണ്. പരിസ്ഥിതിയെ വൈകാരികമായി കെട്ടിപ്പുണർന്ന് മാത്രം ഈ കാഴ്ചപ്പാടുകളെ വിമർശിക്കാൻ കഴിയില്ല. വൈകാരിക വിക്ഷോഭങ്ങളും ആത്മീയതയോളമെത്തുന്ന പ്രകൃത്യാരാധനയും കൊണ്ട് ശാസ്ത്രപക്ഷവാദികളുടെ പരിഹാസങ്ങൾക്ക് മറുപടി നൽകാൻ കഴിയില്ല. പ്രകൃതിയിലെ ശാസ്ത്രത്തെ, അതിന്റെ നിലനില്പിന്റെ അടിസ്ഥാന പാഠങ്ങളെ യുക്തിയോടെയും സത്യസന്ധതയോടെയും എടുത്തുകാട്ടിക്കൊണ്ടുമാത്രമേ അത് സാധിക്കൂ. ജൈവിക ബന്ധങ്ങളുടെ തുടർച്ചയും പരസ്പരാശ്രിതത്വത്തിന്റെ തെളിവുകളും ശാസ്ത്രീയമായി തന്നെ കണ്ടെത്തി അവതരിപ്പിക്കാൻ കൈപ്പാട് എന്ന ഡോക്യമെന്ററി ചിത്രത്തിന് സാധിക്കുന്നുണ്ട്.

പാരിസ്ഥിതികമായ പ്രമേയങ്ങൾ മുന്നോട്ടുവക്കുന്ന ഡോക്യുമെന്ററി സിനിമകളുടെ ഊന്നൽ മിക്കപ്പോഴും മനുഷ്യൻ പ്രകൃതിക്കേല്പിക്കുന്ന ആഘാതങ്ങളെ ദൃശ്യവൽക്കരിക്കുന്നതിലായിരിക്കും.

മുറിഞ്ഞുവീഴുന്ന മരങ്ങളും നികത്തപ്പെടുന്ന വയലേലകളും ഇടിഞ്ഞുതീർന്നു പോകുന്ന കുന്നുകളും മലീമസമാകുന്ന നീർച്ചാലുകളും അവയിലെ പ്രധാന ദൃശ്യങ്ങളായിരിക്കും. ഭീമാകാരമായ ജെ. സി. ബിയുടെ കൈകളുടെ ഭയാനകമായ ദൃശ്യങ്ങളും കല്ലുവെട്ടുയന്ത്രങ്ങളുടെയും മണൽ കയറ്റിപ്പായുന്ന ലോറികളുടെയും കഠോരശബ്ദവും അവയുടെ ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകങ്ങളാവും. എന്നാൽ കൈപ്പാടിന്റെ സംവിധായകൻ അത്തരത്തിലുള്ള ദൃശ്യങ്ങളൊന്നും തന്റെ ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തു

ന്നില്ല. പ്രകൃതിനാശത്തിന്റെ ചിത്രങ്ങൾക്കു പകരം അദ്ദേഹം തേടുന്നത് പ്രകൃതിയുടെ സൗന്ദര്യത്തെയാണ്, അതിന്റെ ജൈവസമ്പത്തിനെയാണ്, പാരസ്പര്യത്തെയാണ്. അതിസൂക്ഷ്മമായ ആ സൗന്ദര്യാത്മക തലത്തെ തിരിച്ചറിയാൻ പ്രേക്ഷകർക്ക് കഴിയുമ്പോൾ അവരുടെ ഹൃദയത്തിലാണ് അതിനെയാകെ തകർത്തുകളയുന്ന കൂറ്റൻ യന്ത്രങ്ങളുടെ മുരൾച്ച മുഴങ്ങുക. ഇടനാടൻ കുന്നുകളുടെയും അവിടത്തെ നീർച്ചാലുകളുടെയും പാരിസ്ഥിതികമായ പ്രാധാന്യം എടുത്തുകാട്ടുന്ന 'കാനം', മൂന്നാറിന്റെ സൗന്ദര്യത്തെയും പരിസ്ഥിതിയെയും ചിത്രീകരിച്ച "ബിഹൈൻഡ് ദ മിസ്റ്റ്" എന്നീ ഡോക്യുമെന്ററികളുടെയും നിർവഹണം ഇതേ രീതിയിൽ തന്നെയാണ് ഈ സംവിധായകൻ നടത്തിയിട്ടുള്ളത്.

## കേൾക്കുന്നുണ്ടോ

### പാഠാപഗ്രഥനം

കറുത്ത പശ്ചാത്തലത്തിൽ വെളുത്ത പൊട്ടുകളായി തെളിയുന്ന ബ്രെയ്‌ലി അക്ഷരങ്ങളിൽ, ആനിമേറ്റഡ് ആയി കൈവിരലുകൾ ചലിക്കുമ്പോൾ അത് ചിത്രത്തിന്റെ ശീർഷകമാവുന്നു - കേൾക്കുന്നുണ്ടോ? കേൾവിയുടെയോ കാഴ്ചയുടെയോ പ്രശ്നങ്ങളിൽ ഒതുങ്ങുന്നില്ല പക്ഷേ ഈ ഹ്രസ്വചിത്രം. നാം കേൾക്കാതെ പോകുന്ന ശബ്ദങ്ങളും കാണാതെ പോകുന്ന കാഴ്ചകളും എത്ര മാത്രം പ്രധാനമാണ് എന്ന് ചലച്ചിത്ര ഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി നമ്മെ ബോധ്യപ്പെടുത്തുന്നു.

അസ്ന എന്ന അന്ധയായ പെൺകു

**ഹ്രസ്വസിനിമകൾ**

സിനിമയുടെ ജനനം തന്നെ ഹ്രസ്വസിനിമകളായാണ്. ലൂമിയർ സഹോദരന്മാർ പകർത്തിയ ആദ്യത്തെ ചലച്ചിത്രക്കാഴ്ചകൾ മിനുട്ടുകളുടെ ദൈർഘ്യം മാത്രമുള്ള ജീവിതങ്ങളായിരുന്നു. ലൂമിയർ ചിത്രങ്ങളിൽ തന്നെ ഫീച്ചർ സിനിമകളുടെയും ഡോക്യുമെന്ററി ചിത്രങ്ങളുടെയും ആദ്യ മാതൃകകൾ കാണാം. ഫാക്ടറി വിട്ടുവരുന്ന തൊഴിലാളികളും സ്റ്റേഷനിലെത്തുന്ന തീവണ്ടിയും കാഴ്ചകളുടെ യഥാതഥ രേഖപ്പെടുത്തലുകളാണെങ്കിൽ 'പൂന്തോട്ടക്കാരൻ' കഥ പറച്ചിലിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നു.

ഹ്രസ്വചിത്രങ്ങളിലൂടെയാണ് ലോകസിനിമയിലെ പ്രഖ്യാതപ്രതിഭകൾ പലരും രംഗത്തെത്തിയത്. അഭിനേതാക്കളായോ സംവിധായകരായോ സാങ്കേതിക പ്രവർത്തകരായോ. ഏറ്റവും വലിയ ഉദാഹരണം ചാർളിചാപ്ലിൻ തന്നെ. ചാപ്ലിൻ സിനിമാലോകത്തേക്ക് പ്രവേശിക്കുന്നത് 24-ാം വയസ്സിലാണ്. 'ദ കിഡ് ആട്ടോ റേസസ് അറ്റ് വെനിസ്' എന്ന ഹ്രസ്വചിത്രത്തിലൂടെ പിൽക്കാലത്ത് പ്രസിദ്ധമായ ഊരുതെണ്ടി (tramp) യുടെ വേഷം ചാപ്ലിൻ ആദ്യമണിയുന്നതും ഈ ചിത്രത്തിലാണ്.

ചാപ്ലിൻ, ലോറൽ ഹാർഡിമാർ എന്നിവരൊക്കെ ഹ്രസ്വസിനിമയുടെ വക്താക്കളായിരുന്ന കാലത്ത് ഹ്രസ്വസിനിമകൾക്ക് ദീർഘ ഫീച്ചർ ചിത്രങ്ങളെപ്പോലെ തന്നെ വാണിജ്യമൂല്യമുണ്ടായിരുന്നു. യൂറോപ്യൻ തീയേറ്ററുകളിൽ ഇവ ആഹ്ലാദപൂർവ്വം സ്വീകരിക്കപ്പെട്ടു. ചാപ്ലിനും ലോറൽ ഹാർഡിമാരും പിൽക്കാലത്ത് ദീർഘസിനിമകളുടെ വഴികൾ കണ്ടെത്തിയതോടെ ഹ്രസ്വസിനിമകളുടെ പ്രതാപം മങ്ങിത്തുടങ്ങി.

നിർമ്മാണക്കമ്പനികളും സ്റ്റുഡിയോകളും പുതിയ സാങ്കേതിക പരീ

ട്ടിയെ കേന്ദ്രമാക്കിക്കൊണ്ടാണ് സംവിധായിക കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രം ഒരുക്കിയിരിക്കുന്നത്. പുഴയോരത്തെ മൈതാനത്തിന് സമീപമുള്ള ഒരു ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ആണ് ചിത്രത്തിന്റെ പ്രധാന പശ്ചാത്തലം. അവിടെ ജോലി ചെയ്യവേ അസ്നയുടെ പിതാവ് മരണപ്പെട്ടിരുന്നു. ഉമ്മ വീട്ടുവേല ചെയ്താണ് അവർ ജീവിക്കുന്നത്. അവധിദിനങ്ങളിൽ അസ്നയെ വർക്ക്ഷോപ്പിൽ ഇരുത്തിയാണ് ഉമ്മ ജോലിക്ക് പോകാറ്. മൈതാനത്തിൽ കളിക്കുന്ന കൂട്ടുകാരുടെ ശബ്ദമാണ് അസ്നയുടെ പകലുകളെ സജീവമാക്കുന്നത്. കളിക്കുന്നില്ലെങ്കിലും, കളി കാണുന്നില്ലെങ്കിലും ശബ്ദം കൊണ്ട് അവൾക്കതിന്റെ മുന്നേറ്റങ്ങൾ തിരിച്ചറിയാൻ കഴിയും. ഇതിനെക്കുറിച്ചെല്ലാം പക്ഷേ, ചെറുസൂചനകൾ മാത്രമേ ഈ സിനിമയിലുള്ളൂ.

കാഴ്ചയെയും കേൾവിയെയും ആണ് കേൾക്കുന്നുണ്ടോ എന്ന ചിത്രത്തിലൂടെ സംവിധായികയായ ഗീതുമോഹൻദാസ് പ്രശ്നവത്കരിക്കുന്നത്. ഒന്നും കാണാതെയും കേൾക്കാതെയും ഇരിക്കുന്ന, കണ്ടിട്ടും കേട്ടിട്ടും അങ്ങനെ നടിക്കാതിരിക്കുന്ന സമൂഹത്തോട് നിശിതമായ ചില ചോദ്യങ്ങൾ സംവിധായിക ഉന്നയിക്കുന്നുണ്ട്. ചിത്രത്തിന്റെ തുടക്കത്തിൽ തന്നെ തന്റെ കൂട്ടുകാരോട് കളിയുടെ കാര്യങ്ങൾ വിളിച്ചു ചോദിക്കുന്ന അസ്നയോട് വർക്ക്ഷോപ്പിലെ പണിക്കാരനായ ചാക്കോ പറയുന്നുണ്ട് “നീ, പറയുന്നതൊന്നും അവർ കേൾക്കാൻ പോകുന്നില്ല'' എന്ന്. അസ്നയുടെ ഉത്തരം “എനിക്കെല്ലാം കേൾക്കാമല്ലോ” എന്നാണ്. പഴയ നിരത്തുകൾക്കുപകരം വീഥി

ക്ഷണങ്ങൾ നടത്തുന്നത് ചെറുചിത്രങ്ങളിലൂടെയാണ്. ആനിമേഷൻ, സൗണ്ട് ടെക്നോളജി തുടങ്ങിയ മേഖലകളിലെ വിപ്ലകരങ്ങളായ തുടക്കങ്ങൾ എങ്ങനെ സ്വീകരിക്കപ്പെടും എന്നറിയുന്നത് ഹ്രസ്വചിത്ര പരീക്ഷണങ്ങളിലൂടെയാണ്.

സാങ്കേതികരംഗത്തെ നിത്യേനയെന്നോണമുള്ള വളർച്ച ഹ്രസ്വചിത്രങ്ങൾക്ക് പുതിയ സാധ്യതകൾ തുറന്നിടുന്നു. ഒരു ചെറുസിനിമയെടുക്കുകയെന്നത് ഇന്നത്തെ കാലത്ത് വലിയ സംഭവമല്ലാതായിരിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ ഗ്രാമത്തിലിരുന്നുകൊണ്ട് ഒരു ഹ്രസ്വസിനിമ നിർമ്മിച്ചെടുക്കാവുന്നതേയുള്ളൂ. ആ ചിത്രം ലോകസമക്ഷം അവതരിപ്പിക്കാനുള്ള വിനിമയ ശൃംഖലയും കയ്യെത്താവുന്നത്ര അരികിലുണ്ട്. കാലം ഹ്രസ്വചിത്രങ്ങളുടെ വളർച്ചയ്ക്ക് അനുകൂലമാണ്. സിനിമ പഠിച്ചുവരുന്നവർ ഇപ്പോഴും അവരുടെ വരവറിയിക്കുന്നത് മിക്കപ്പോഴും ചെറിയ സിനിമകളിലൂടെയാണ്. ചെറിയ കാലം കൊണ്ട് ചെറിയ മുതൽമുടക്കുപയോഗിച്ച് തങ്ങളുടെ പ്രതിഭാമാനം വെളിപ്പെടുത്താൻ മിനുട്ടുകൾ ദൈർഘ്യമുള്ള ഒരു ചിത്രം കൊണ്ട് നവാഗതർക്ക് സാധിക്കുന്നു.

ലോകത്തിന് തിരക്കേറുകയാണ്. ഒരു മുഴുനീള ചിത്രം കാണാനുള്ള ക്ഷമ പുതുലോകത്തിന് കൈമോശപ്പെട്ടുകൊണ്ടിരിക്കുന്നു. അപ്പോഴും അർത്ഥവത്തായ കാഴ്ചകൾ അപ്രസക്തമാവുന്നുമില്ല. എകിൽ പുതിയ കാലത്തെ നേരിടാനുള്ള ക്ഷമത ചെറുസിനിമകൾക്ക് തന്നെയാണ്.

ഹ്രസ്വചിത്രങ്ങളെ ഒരു വിഭാഗമായി കാണുമ്പോൾ അവയ്ക്ക് പൊതുവായ ചില സ്വഭാവങ്ങളുണ്ടെന്ന് കരുതുക സ്വാഭാവികം. ചെറുസിനിമകളുടെ പൊതുസ്വഭാവങ്ങൾ നിർവചിക്കാനുള്ള ശ്രമങ്ങൾ പാളിപ്പോവുകയാണ് ചെയ്യുന്നത്. ദൈർഘ്യത്തെക്കുറിച്ച് പോലും ഒരു പൊതുധാരണ ഇതുവരെ രൂപപ്പെ

കൂടിയ റോഡുകൾ വരുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ സങ്കടങ്ങൾക്കും മൈതാനത്തിൽ പടുകൂറ്റൻ ഫ്ളാറ്റ് സമുച്ചയം വരുമ്പോൾ സ്വന്തം കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതിനെക്കുറിച്ചുള്ള ഉത്കണ്ഠകൾക്കും അവൾ സാക്ഷിയാണെന്നുകൂടി ഇതിനോട് ചേർത്തുവായിക്കുമ്പോഴേ കേൾക്കുന്നുണ്ടോ? എന്ന ചോദ്യത്തിന്റെ ധ്വനികൾ തിരിച്ചറിയാൻ കഴിയൂ. "ഈച്ചയും പൂച്ചയും കഞ്ഞിവെച്ചു. നല്ല സ്വാദുള്ള കഞ്ഞി" എന്ന് അസ്ന പറയുന്ന കഥയിലാണ് ചിത്രം ആരംഭിക്കുന്നത്. കഥയുടെ ഭാവനാലോകത്ത് അവൾ നിർമിക്കുന്ന ഈച്ചയ്ക്കും പൂച്ചയ്ക്കും പശുവിനും മരങ്ങൾക്കും കുട്ടിക്കും പക്ഷേ കറുപ്പ് നിറമാണ്. കഥയുടെ ലോകത്താണ് അസ്ന ജീവിക്കുന്നത്. അവൾ എല്ലായ്പ്പോഴും കഥകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ഉറക്കെ പറയുകയും ചെയ്യുന്നുണ്ട്. പക്ഷേ ഈ കഥകൾ കടുംവർണങ്ങളിലുള്ളവയല്ല. നിറങ്ങളിലൂടെയല്ല ശബ്ദങ്ങളിലൂടെയാണ് അവൾ ചുറ്റുമുള്ള ലോകത്തെ തിരിച്ചറിയുന്നത്. വർക്ക്ഷോപ്പ് മുടക്കമായ ദിവസം അമ്മ പണിയെടുക്കുന്ന വീട്ടിലേക്ക് അമ്മയോടൊപ്പം ചെല്ലുന്ന അവൾ ഒച്ചയില്ലാത്ത ഒരു ലോകത്താണ് എത്തുന്നത്. തത്തയുടെയും പൂച്ചയുടെയും കഥയുണ്ടാക്കിയാണ്. അവൾ ഈ അവസ്ഥയെ മറികടക്കുന്നത്. കഥയിലെ ഓടിപ്പോകുന്ന പൂച്ചയോട് തത്ത ചോദിക്കുന്നു:

"എങ്ങോട്ടാ പൂച്ചേ നീ കരഞ്ഞോണ്ട് ഓടുന്നത്?" "ഇവിടെ ഒച്ചയൊന്നുമില്ല. ഞാൻ ഒച്ചയുള്ള സ്ഥലത്തേക്ക് ഓടിപ്പോവുകയാ" എന്നാണ് പൂച്ചയുടെ ഉത്തരം. ഒച്ചയില്ലാത്ത ലോകത്ത് ഒറ്റയ്ക്കാക്കപ്പെടുന്ന അസ്നയുടെ മനസ്സുതന്നെയാണിത്. ക്രിസ്തുമസ്സിന്റെ ശബ്ദഘോഷങ്ങളിൽ അവൾ സന്തോഷിക്കുന്നുമുണ്ട്.

ശബ്ദം പോലെ തന്നെ നിറങ്ങളെയും സവിശേഷമായ അർഥവ്യാപ്തിയോടെയാണ് ചിത്രം പ്രയോജനപ്പെടുത്തിയിട്ടുള്ളത്. കടുംവർണങ്ങളുടെ വിഭ്രമിപ്പിക്കുന്ന ലോകത്ത് അവൾ തീർത്ത ഒറ്റനിറത്തിലുള്ള പ്രാണികൾ ജീവനും കൊണ്ടോടുന്നു. പിങ്ക് നിറത്തിലുള്ള ആകാശത്തെയും നീലനിറത്തിലുള്ള സൂര്യനെയും നോക്കാൻ കഴിയാതെ അവൾ നിലവിളിക്കുന്നു. പിന്നീട് കൂട്ടുകാർ കളിക്കുന്ന മൈതാനത്തിൽ ഫ്ളാറ്റിന്റെ നിർമാണമാരംഭിക്കുമ്പോൾ

ട്ടിട്ടില്ല. 'ഹ്രസ്വസിനിമകളെന്നാൽ ദൈർഘ്യം കുറഞ്ഞ സിനിമ' എന്ന അപര്യാപ്തമായ ഒരു നിർവചനം ഇപ്പോഴും നിലനിൽക്കുന്നു. അമേരിക്കയിലെ അക്കാദമി ഒഫ് മോഷൻ പിക്ചർ ആർട്സ് ആന്റ് സയൻസസ് ഹ്രസ്വചിത്രങ്ങളെ 40 മിനുട്ടിൽ താഴെ ദൈർഘ്യമുള്ള ചിത്രങ്ങളെന്ന് നിർവചിച്ചിരിക്കുന്നു. ബ്രിട്ടീഷ് അക്കാദമി ഓഫ് ഫിലിം 30 മിനുട്ടിൽ താഴെ മാത്രമാണ് ഹ്രസ്വചിത്രങ്ങൾക്ക് നിശ്ചയിച്ച ദൈർഘ്യം.

നിർവചനങ്ങളും പൊതുസ്വഭാവ നിർദേശങ്ങളും പരാജയപ്പെടുമ്പോഴും ഹ്രസ്വസിനിമകൾ അവയുടേതായ സവിശേഷമണ്ഡലം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. വൈവിധ്യമാണ് ഒരു സവിശേഷ വിഭാഗമെന്ന നിലയിൽ ഹ്രസ്വസിനിമയെ കൂടുതൽ പ്രസക്തമാക്കുന്നത്. സ്റ്റേഷനിലെത്തുന്ന തീവണ്ടിയുടെ നേർക്കാഴ്ചയിൽ തുടങ്ങി സാധ്യതകളുടെ നൂറായിരം വഴികൾ കണ്ടെത്താനുള്ള ശ്രമങ്ങൾ ചെറുചട്ടക്കൂട്ടിൽ നടന്നുകൊണ്ടിരിക്കുന്നു.

അവൾ ചാക്കോയോട് ചോദിക്കുന്നത്, ഫ്ളാറ്റിനൊപ്പം നിർമിക്കുന്ന പുതിയ മൈതാനത്തിന് എന്താ നിറം എന്നാണ്? ചാക്കോ നിസ്സംഗനായി പറയുന്നു: ചുവപ്പ്. അസ്നയുടെ ഭാവനാലോകത്തെ, കറുത്ത നിറത്തിലുള്ളതെങ്കിലും കുന്നുകളും അരുവികളും മരങ്ങളും നിറഞ്ഞ ഗ്രാമത്തിൽ ചുവപ്പ് പടരുകയാണ്. കുന്നുകളും മരങ്ങളും വീടുകളും ഭീകര ശബ്ദത്തോടെ പൊളിഞ്ഞു വീഴുന്നു. എല്ലാം ചുവപ്പിൽ മൂടുന്നു. ചുവപ്പിനെ നോക്കാൻ കഴിയാതെ ഈച്ചയും പൂച്ചയും രക്ഷപ്പെടാനായി ഓടിനോക്കുന്നുണ്ടെങ്കിലും ഒടുവിൽ കറുത്തപൊട്ടുകളായി അവ മറയുന്നു.

നഗരവത്കരണത്തിന്റെ ആസുരതയിൽ തകർന്നു വീഴുന്ന ഗ്രാമവും അതിന്റെ ഭാഗമായുള്ള കുടിയൊഴിപ്പിക്കലുകളുമാണ് ഈ ചിത്രത്തിന്റെ അന്തർധാര. പുതിയ കാലത്തിന്റെയും പഴയ കാലത്തിന്റെയും മൂല്യങ്ങളും താരതമ്യം ചെയ്യപ്പെടുന്നുണ്ട്. തന്റെ ജീവനക്കാരനായിരുന്ന ആളുടെ മകളെ വർക്ക്ഷോപ്പിൽ കൊണ്ടുവന്ന് സംരക്ഷിക്കുന്ന തൊഴിലാളികളെ ഉടമ ശകാരിക്കുന്നുണ്ട്. 'അപ്പൻ പണിക്കാരനാണെന്നുവച്ച് ഇതിനെ ഏറ്റെടുക്കാനുള്ള ബാധ്യതയൊന്നും തനിക്കില്ല' എന്നതിനോട് ചേർത്ത് അയാൾ പറയുന്നത് 'ഇതിനെയെന്നല്ല, ആരെയും' എന്നാണ്. അയാൾ വർക്ക്ഷോപ്പ് നിൽക്കുന്ന സ്ഥലം കൂടി ഫ്ളാറ്റ് സമുച്ചയത്തിന്റെ ഉടമകൾക്ക് വിൽക്കാനുള്ള തയ്യാറെടുപ്പിലാണ്. മണ്ണ് മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കുമുള്ള ആവാസസ്ഥലമെന്ന കാഴ്ചപ്പാട് മാറുകയും വിൽക്കാനും ലാഭം നേടാനുമുള്ള ഒരു വസ്തു ആയി മാറുകയും ചെയ്യുന്ന നമുക്കു ചുറ്റിലുമുള്ള സാമൂഹിക ജീവിതപരിസരം തന്നെയാണ് ചിത്രത്തിലുള്ളത്. പക്ഷേ, തന്റെ ലാഭനഷ്ടങ്ങളെ മാത്രം കാണുകയും കേൾക്കുകയും ചെയ്യുന്ന ഒരു ലോകക്രമത്തിൽ, നാം കാണാതെയും കേൾക്കാതെയും പോകുന്ന ചെറിയതെങ്കിലും പരമപ്രധാനമായ ഒച്ചകൾ കേൾക്കുകയും കാഴ്ചകൾ കാട്ടിത്തരികയുമാണ് ഈ കൊച്ചുചിത്രം ചെയ്യുന്നത്.

അസ്ന അസ്‌ലം എന്ന കാഴ്ചശേഷിയില്ലാത്ത കുട്ടി തന്നെയാണ് ചിത്രത്തിൽ അസ്നയായി അഭിനയിച്ചത്. അവളുടെ സ്വാഭാവികമായ പ്രതികരണങ്ങളെ ചലച്ചിത്ര സന്ദർഭത്തോട് ചേർത്തു വെച്ച് വലിയ അർഥമാനങ്ങൾ നൽകാൻ സംവിധായികയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കാഴ്ചയില്ലാത്തവരുടെ ലോകത്തെക്കുറിച്ച് അതിവൈകാരികത കലർത്തിപ്പറഞ്ഞ് സഹാനുഭൂതിയുണർത്താൻ ഈ ചിത്രം ശ്രമിക്കുന്നില്ല.

## പാഠഭാഗത്തിലേക്ക്

ഹ്രസ്വചിത്രങ്ങളുടെ പൊതുസ്വഭാവങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുക. അതിനുശേഷം കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നീ ഹ്രസ്വചിത്രങ്ങളിൽ അവ എത്രമാത്രം ഉണ്ട് എന്ന് കുട്ടികൾ കണ്ടെത്തട്ടെ.

ഒപ്പം പഠനപ്രവർത്തനമായി നിർദേശിച്ച ഒരാശയവും കുട്ടികൾക്ക് നൽകാവുന്നതാണ്.

കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നീ ചിത്രങ്ങളെ പ്രമേയതലത്തിൽ ബന്ധിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്?

അവ വ്യത്യസ്ത രീതിയിൽ ആവിഷ്ക രിച്ചിരിക്കുന്നത് എങ്ങനെയാണ്?

തുടർന്ന് ചലച്ചിത്രം ആവർത്തിച്ചു കാണാൻ അവസരം ഒരുക്കേണ്ടതാണ്.

## വിശകലനം

സൈക്കിൾ മോഷ്ടാക്കളിലും കേൾക്കുന്നുണ്ടോയിലും കുട്ടികൾക്ക് നിർണായക സ്ഥാനം നൽകിയതിന്റെ യുക്തിയെ വിശകലനം ചെയ്യാനുദ്ദേശിക്കുന്ന ഈ പ്രവർത്തനം രണ്ടു ചിത്രങ്ങളുടെയും ആസ്വാദനത്തിനുശേഷമേ ചെയ്യാനാവൂ. ഈ കാഴ്ചപ്പാടോടെ ചിത്രത്തെ വിശകലനം ചെയ്യട്ടെ.

- സൈക്കിൾ മോഷ്ടാക്കളിൽ കുട്ടിയായ ബ്രൂണോയ്ക്ക് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് കണ്ടെത്തട്ടെ.
- ബ്രൂണോയും സൈക്കിളുമായുള്ള ബന്ധം വ്യക്തമാക്കുന്ന സീനുകൾ തിരിച്ചറിയട്ടെ.
- സൈക്കിൾ തിരച്ചിലിൽ ബ്രൂണോയെക്കൂടി പങ്കാളിയാക്കുന്നത് എന്തുകൊണ്ടാവാം.

ക്രോഡീകരണത്തിൽ വരേണ്ടത്:

സൈക്കിൾ മുതിർന്നവർക്ക് ഒരു യാത്രാവാഹനം മാത്രമാണെങ്കിൽ കുട്ടികൾക്ക് ഒരു സ്വപ്നമാണ്. റിച്ചിക്ക് തന്റെ തൊഴിലിനുള്ള ഉപാധിയാണ് സൈക്കിൾ. ആ സൈക്കിളിന്റെ നഷ്ടം പ്രേക്ഷകന് ഒരു വൈകാരികാനുഭവമായി മാറുന്നത്, ബ്രൂണോയുടെ സൈക്കിളുമായുള്ള ബന്ധം കൂടിച്ചേരുമ്പോഴാണ്. ജനലുകൾ തുറന്ന് നല്ല വെളിച്ചത്തിൽ സൈക്കിൾ നന്നായി തുടച്ചു വൃത്തിയാക്കുന്നത് അവനാണ്. പണയക്കടയിൽവെച്ച് സൈക്കിളിന് ചെറിയ ഉടവുകൾ പറ്റിയിരുന്നു എന്ന് അവൻ കണ്ടെത്തുന്നുണ്ട്.

ബ്രൂണോ എന്ന കുട്ടിക്ക് സൈക്കിളുമായുള്ള ബന്ധം അത് അവന്റെ സ്വപ്നത്തിന്റെ അങ്ങേയറ്റത്തുള്ള ഒന്ന് എന്ന നിലയ്ക്കാണ്. സൈക്കിളിന്റെ നഷ്ടം ആ സ്വപ്നലോകത്തിൽനിന്നുള്ള വീഴ്ചയാണവന്.

- കേൾക്കുന്നുണ്ടോ എന്ന ചിത്രം എന്തുകൊണ്ടാണ് കാഴ്ചശേഷിയില്ലാത്ത ഒരു കുഞ്ഞിന്റെ അനുഭവമായി ചിത്രീകരിച്ചിരിക്കുന്നത്?
- അസ്നയുടെ അനുഭവലോകവുമായി ബന്ധപ്പെട്ട് ചിത്രത്തിൽ കടന്നുവരുന്നത് എന്തെല്ലാമാണ്?

കുട്ടികൾ പ്രതികരണങ്ങൾ നടത്തട്ടെ.

കേൾക്കുന്നുണ്ടോ എന്ന ചിത്രം ഒരു കുട്ടിയുടെ അനുഭവമായി ചിത്രീകരിച്ചതിന്റെ മേന്മകൾ ചർച്ചയിലൂടെ ഉയർത്തിക്കൊണ്ടുവരണം.

ക്രോഡീകരണത്തിൽ വരേണ്ടത്:

- ഒരു കുട്ടിയെന്ന നിലയിൽ അസ്ന ഉണ്ടാക്കുന്ന കഥകൾ.
- കഥകളുടെ അനിമേഷൻ പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതകൾ.
- മുതിർന്നവർ കേൾക്കാത്തതും കാണാത്തതും അവൾ തിരിച്ചറിയുന്നു.

ഇരു സിനിമകളിലെയും കുട്ടികളുടെ സാന്നിധ്യത്തിന്റെ പ്രാധാന്യം, അവ ചിത്രത്തിനു നൽകുന്ന വൈകാരികമായ ശക്തി, കുട്ടികളുടെ മാനസികാവസ്ഥയെ ചിത്രം അവതരിപ്പിച്ച രീതി എന്നിവയിൽ

ഊന്നി കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കട്ടെ.

### ശബ്ദങ്ങളുടെ സാധ്യതകൾ

കേൾക്കുന്നുണ്ടോ? എന്ന ചിത്രത്തിൽ ശബ്ദങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയതിന്റെ ഔചിത്യവും സവിശേഷതകളും തിരിച്ചറിയാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കണം.

- കഥാപാത്ര സംഭാഷണങ്ങൾക്കും പശ്ചാത്തലസംഗീതത്തിനും പുറമേ ചലച്ചിത്രത്തിൽ എന്തൊക്കെ ശബ്ദങ്ങളാണ് ഉപയോഗിച്ചത്?

- കുട്ടികൾ കളിക്കുന്നതിന്റെ ആരവങ്ങൾ.
- നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ശബ്ദം
- ഇത്തരം ശബ്ദങ്ങൾ ഈ ചലച്ചിത്രത്തിൽ എന്തുകൊണ്ട് പ്രധാനപ്പെട്ടതാകുന്നു. കുട്ടികൾ ചർച്ച ചെയ്യട്ടെ.

ക്രോഡീകരണത്തിൽ വരേണ്ടവ.

- മുഖ്യകഥാപാത്രം കാഴ്ചയില്ലാത്ത ഒരു കുട്ടിയാണ്.
- ചുറ്റുമുള്ള ലോകത്തിന്റെ സ്പന്ദനങ്ങൾ അവൾ പിടിച്ചെടുക്കുന്നത് ശബ്ദമില്ലാതെയാണ്.

**അനിമേഷൻ ദൃശ്യങ്ങളുടെ വിശകലനം**

കേൾക്കുന്നുണ്ടോ എന്ന ചിത്രത്തിലെ അനിമേഷൻ ദൃശ്യങ്ങളെ വിശകലനം ചെയ്യാനായി അത്തരം ദൃശ്യങ്ങളുടെ ആവർത്തിച്ചുള്ള കാഴ്ചയ്ക്കുള്ള അവസരം ഒരുക്കണം. തുടർന്ന് ദൃശ്യങ്ങളുടെ സൂക്ഷ്മവിശകലനം നടക്കണം.

- അനിമേഷൻ ദൃശ്യങ്ങൾ ഉപയോഗിച്ചത് ഏതൊക്കെ സന്ദർഭങ്ങളിലാണ്?
- എന്തുകൊണ്ട് അനിമേഷൻ ഈ ചിത്രത്തിന് അനുയോജ്യമാകുന്നു?
- അനിമേഷൻ ദൃശ്യങ്ങളുടെ പ്രത്യേകതകളായി എന്തൊക്കെ കാര്യങ്ങൾ കണ്ടെത്താം?

കുട്ടികൾ അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ. തുടർന്ന് സിനിമയുടെ ഭാവതലവുമായി ഈ ദൃശ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള അവരുടെ നിഗമനങ്ങൾ കുറിക്കാം.

ക്രോഡീകരണത്തിൽ വരേണ്ടവ.

- മുഖ്യകഥാപാത്രം ഒരു കൊച്ചുകുട്ടിയായതുകൊണ്ടുതന്നെ, കാർട്ടൂൺ കഥാപാത്രങ്ങളെപ്പോലെ അനിമേഷൻ രീതിയിൽ അസ്നയുടെ ഭാവനാലോകത്തെ അവതരിപ്പിച്ചിരിക്കുന്നത് ഉചിതമായിരിക്കുന്നു.
- കാഴ്ചശേഷിയില്ലാത്ത അസ്നയുടെ ആന്തരികലോകത്തെ മറ്റു രീതിയിൽ അവതരിപ്പിക്കുക പ്രയാസകരമാണ്.
- അസ്നയുടെ ഉള്ളിലെ ഗ്രാമീണമായ ലോകവും അവിടത്തെ ജീവജാലങ്ങളും കറുപ്പിലും വെളുപ്പിലുമുള്ള അനിമേഷൻ ദൃശ്യങ്ങളിലൂടെ അവതരിപ്പിച്ചതിലെ സൂക്ഷ്മത ശ്രദ്ധേയം.
- പുറംലോകത്തിന്റെ കടുംനിറങ്ങൾ ആ ലോകത്തെ തകർക്കുകയാണ്.

### താരതമ്യം

കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നീ ഹ്രസ്വചിത്രങ്ങളുടെ താരതമ്യമാണ് ഇവിടെ നടക്കേണ്ടുന്നത്. ചിത്രത്തിന്റെ കാഴ്ചയ്ക്കുശേഷം ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

- രണ്ടു ചിത്രങ്ങളുടെയും പ്രമേയങ്ങൾ തമ്മിൽ ഏതെങ്കിലും രീതിയിൽ ബന്ധിപ്പിക്കാൻ കഴിയുമോ? എപ്രകാരം?
- രണ്ടിലും ആവർത്തിക്കപ്പെടുന്ന സന്ദേശങ്ങൾ/ദൃശ്യങ്ങൾ എന്നിവയുണ്ടോ?
- എങ്ങനെയൊക്കെയാണ് രണ്ടു ചിത്രങ്ങളും വ്യത്യസ്തമായിരിക്കുന്നത്?
- രണ്ടു ചിത്രങ്ങളുടേയും ആവിഷ്കരണരീതി എപ്രകാരമാണ്?

രണ്ടു ചിത്രങ്ങളെയും താരതമ്യം ചെയ്തുകൊണ്ട് കുട്ടികൾ നിഗമനങ്ങൾ അവതരിപ്പിക്കട്ടെ. അവയുടെ സാമ്യ-വ്യത്യാസങ്ങൾ കണ്ടെത്തട്ടെ. നിരീക്ഷണങ്ങൾ പൊതുവായി അവതരിപ്പിക്കാം.

ക്രോഡീകരണത്തിൽ വരേണ്ടത്:

- കൈപ്പാട് ഡോക്യുമെന്ററി ചിത്രവും കേൾക്കുന്നുണ്ടോ കഥാചിത്രവും ആണ്.
- കൈപ്പാട് പരിസ്ഥിതി പ്രാധാന്യമുള്ള ചിത്രമാണ്. കൈപ്പാട് നിലങ്ങളിലെ മണ്ണിന്റെ പ്രത്യേകതകളെയും അവിടത്തെ കൃഷിരീതികളെയും ജൈവികലോകത്തിന്റെ പരസ്പരാശ്രിതത്വത്തെയും ഋജുവായും ലളിതമായും ചിത്രം ആവിഷ്കരിക്കുന്നു. കൈപ്പാട് നിലങ്ങളുടെ യാഥാർഥ്യത്തെ സംവിധായകൻ ഭാവനയുടെയോ വൈകാരികതയുടെയോ പട്ടിൽ പൊതിയാതെ അതുപോലെ പകർത്തുന്നു.
- കേൾക്കുന്നുണ്ടോ ഒരു കഥാചിത്രമാണ്. അസ്ന എന്ന കാഴ്ചയില്ലാത്ത പെൺകുട്ടിയുടെ അനുഭവലോകമാണ് സംവിധായിക അവതരിപ്പിക്കുന്നത്. എങ്കിലും ചിത്രത്തിന്റെ പ്രധാന പ്രമേയപരിസരം പാരിസ്ഥിതികമായ ആശങ്കകൾ തന്നെയാണ്. ഗ്രാമീണ പ്രകൃതിയെയും ജൈവഘടനയെയും തകർത്തെറിഞ്ഞ് നാഗരികതയുടെ യന്ത്രക്കൈകൾ മുന്നേറുന്നതിലുള്ള ഉത്കണ്ഠയാണ് സംവിധായിക പങ്കുവയ്ക്കുന്നത്.
- നാം പോലുമറിയാതെ നമ്മുടെ കാലിനടിയിലെ മണ്ണാണ് ഒലിച്ചുപോകുന്നത് എന്ന ആകുലത രണ്ടു ചിത്രങ്ങളിലും പ്രത്യക്ഷമായി മുഴങ്ങുന്നുണ്ട്.

## ശബ്ദവിവരണം തയാറാക്കൽ

ആധാരചിത്ര (ഡോക്യുമെന്ററി) നിർമാണത്തിന്റെ ഭാഗമായി വരുന്ന ഒന്നാണ് ശബ്ദവിവരണം (കമന്ററി) തയാറാക്കൽ. ഡോക്യുമെന്ററി സ്ക്രിപ്റ്റ് തയാറാക്കുന്നതിലേക്ക് വികസിപ്പിക്കാവുന്നതാണ് ഈ പ്രവർത്തനം. സമൂഹത്തിന്റെശ്രദ്ധയിൽവരണമെന്നു തോന്നുന്ന ഏതാനും വിഷയങ്ങൾ ആദ്യം തെരഞ്ഞെടുക്കണം.

ഉദാ:

- കുന്നിടിക്കൽ
- വയൽ നികത്തൽ
- പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയൽ

- പുഴമലിനീകരണം
- വർധിച്ചുവരുന്ന റോഡപകടങ്ങൾ
- പാറപ്പുറത്തെ ജൈവവൈവിധ്യം
- കണ്ടൽക്കാടുകൾ

തെരഞ്ഞെടുത്ത വിഷയത്തെക്കുറിച്ച് ആഴത്തിലുള്ള പഠനം നടത്തലാണ് രണ്ടാം ഘട്ടം. മൂന്നു തരത്തിലാണ് ഇതിനുള്ള ഗവേഷണം നടക്കുക.

1. അച്ചടിവസ്തുക്കൾ (പുസ്തകം, പത്രങ്ങൾ, വാരികകൾ തുടങ്ങിയവ) ഉപയോഗിച്ച്.
2. അഭിമുഖം വഴി - വിദഗ്ദ്ധരുമായി മുഖാമുഖം നടത്തി.
3. ഫീൽഡ് റിസർച്ച് : വിഷയവുമായി ബന്ധപ്പെട്ട സ്ഥലം സന്ദർശിച്ച് നേരിട്ട് വിവരങ്ങൾ മനസ്സിലാക്കൽ.

ലഭിച്ച പുതിയ അറിവുകളിൽനിന്ന് ആവശ്യമായത് ഉപയോഗിച്ചാണ് ശബ്ദവിവരണം തയാറാക്കേണ്ടത്. അതിനുമുമ്പ് ഏതൊക്കെ ദൃശ്യങ്ങളാണ് ചിത്രീകരിക്കേണ്ടതെന്നും അവയുടെ സമയദൈർഘ്യമെത്രയെന്നും തീരുമാനിക്കണം. ഉപന്യാസത്തിൽ ഖണ്ഡിക തിരിക്കുംപോലെ ആശയങ്ങളെ ക്രമീകരിച്ച് അതിനനുയോജ്യമായ ദൃശ്യങ്ങളെ വിന്യസിക്കാം. ഇവയെ സീക്വൻസുകളെന്നാണ് വിളിക്കാറ്.

ദൃശ്യങ്ങളുടെ ഏതാനും സീക്വൻസുകൾ എഴുതിയശേഷം ശബ്ദവിവരണം തയാറാക്കാം. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- ദൃശ്യങ്ങൾക്ക് പൂരകമായി വരണം ശബ്ദവിവരണം.
- ദൃശ്യങ്ങളുമായി അതിന് ബന്ധമുണ്ടാകണം.
- എന്നാൽ ദൃശ്യങ്ങളുടെ ആവർത്തനമായി മാറരുത്.
- ദൃശ്യങ്ങൾ സ്വയം സംസാരിക്കുന്നവയാണ്. അതിനു പുറത്തുള്ള കൂട്ടിച്ചേർക്കലുകളായാണ് ശബ്ദവിവരണം മാറേണ്ടത്.
- പരമാവധി ചെറിയ വാക്യങ്ങളും ലളിതമായ ഭാഷയും ഉപയോഗിക്കണം.
- പ്രേക്ഷകർക്ക് പുതിയ അറിവോ തിരിച്ചറിവോ നൽകാനുതകുന്ന ആശയങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.
- കൈപ്പാട് എന്ന ഡോക്യുമെന്ററിയിൽ ദൃശ്യങ്ങൾക്കനുസരിച്ച് ശബ്ദവിവരണം തയാറാക്കിയ രീതി ശ്രദ്ധിച്ചാൽ ഇക്കാര്യത്തിൽ തെളിച്ചം കിട്ടും.

തയാറാക്കിയ സ്ക്രിപ്റ്റ് (ദൃശ്യങ്ങൾ + ദൃശ്യവിവരണം) നെ ആധാരമാക്കി കുട്ടികൾ സ്വന്തമായി ഡോക്യുമെന്ററി നിർമിക്കുന്നതിലേക്കും ഈ പ്രവർത്തനത്തെ വളർത്തിയെടുക്കാവുന്നതാണ്. വീഡിയോ ക്യാമറയോ മൊബൈൽ ഫോൺ ക്യാമറയോ ഒക്കെ ഉപയോഗിച്ച് ഇതിന്റെ ഷൂട്ടിങ്ങ് നടത്താം. എഡിറ്റ് ചെയ്ത് ആവശ്യമായ പശ്ചാത്തലസംഗീതവും ചേർത്ത് ആകർഷകമായ ഡോക്യുമെന്ററികൾ ഉണ്ടാക്കിയെടുക്കാവുന്നതാണ്.

## പരസ്യങ്ങളെ വിശകലനം ചെയ്യൽ

സിനിമയെ മാത്രമല്ല ടെലിവിഷൻ പരിപാടികളെയും പരസ്യങ്ങളെയുമെല്ലാം

വിമർശനബുദ്ധ്യാ സമീപിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമാണ് ഈ പ്രവർത്തനം. പരസ്യങ്ങൾ നമ്മുടെ അഭിരുചികളെയും സംസ്കാരത്തെയും നിർമിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. പരസ്യം ഒരുതരം ആഖ്യാനം തന്നെയാണ്. ചുരുങ്ങിയ സമയംകൊണ്ട് അതൊരു കഥ പറയുന്നുണ്ട്. കഥാപാത്രങ്ങളെ തള്ളിമാറ്റി പൊടുന്നനെ ഉൽപ്പന്നങ്ങൾ ഫ്രെയിം കീഴടക്കുമെന്നുമാത്രം.

ടെലിവിഷനിൽ വരുന്ന പരസ്യങ്ങളിൽ ഏതെങ്കിലും ചിലവ തെരഞ്ഞെടുത്ത് വിശകലനം ചെയ്താൽ അത് പ്രക്ഷേപിക്കുന്ന ആശയങ്ങളെന്തെന്ന് തിരിച്ചറിയാം. പരസ്യം സൂക്ഷ്മമായി നിരീക്ഷിച്ച് അതിന്റെ വിവിധ ഘടകങ്ങളെ കുട്ടികൾ വിലയിരുത്തട്ടെ. ഒരു സോപ്പിന്റെ പരസ്യമാണെന്നിരിക്കട്ടെ.

- അതിലൂടെ പറയുന്ന കഥ.
- കഥാപാത്രങ്ങൾ, അവരുടെ പ്രവൃത്തികൾ
- വേഷവിധാനം
- സംഭാഷണം/പരസ്യവാചകം
- ഉപയോഗിക്കുന്ന ദൃശ്യവസ്തുക്കൾ (properties)
- പശ്ചാത്തലദൃശ്യങ്ങൾ
- ദൃശ്യവിന്യാസരീതി
- പശ്ചാത്തലസംഗീതം
- പ്രക്ഷേപിക്കുന്ന ആശയം ജനാധിപത്യപരമായ സാമൂഹ്യജീവിതത്തിന് അപകടകരമായിത്തീരുന്നുണ്ടോ?

തുടങ്ങിയവ മുൻനിർത്തി വിശകലനം ചെയ്ത് കുറിപ്പെഴുതട്ടെ. ഉദാ: പ്രത്യേക ബ്രാന്റ് സോപ്പ് തേച്ചുകുളിച്ചാൽ വെളുക്കും എന്ന് പറയുന്നതിന്റെ അർഥമില്ലായ്മ.

- വെളുപ്പാണ് സൗന്ദര്യമെന്നും മഹത്തായ നിറമെന്നും സ്ഥാപിക്കുമ്പോൾ മറ്റു നിറക്കാർക്കുണ്ടാകുന്ന അപകർഷബോധം.
- വർണവിവേചനത്തിലേക്ക് നയിക്കാവുന്ന ജീവിത വീക്ഷണം രൂപപ്പെടൽ.
- ജന്മനാ കിട്ടുന്ന നിറം തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി മനുഷ്യരുടെ മഹത്വം നിശ്ചയിക്കുന്നതിലെ ജനാധിപത്യവിരുദ്ധത.
- സ്ത്രീശരീരത്തെ വെറും ലൈംഗിക വസ്തുവാക്കി അവതരിപ്പിക്കുന്നതിന്റെ അപടകങ്ങൾ എന്നിങ്ങനെ പരസ്യവിശകലനത്തെ വികസിപ്പിക്കാം.

### ചലച്ചിത്രമേള

'കാഴ്ച' എന്ന യൂണിറ്റിലെ പ്രധാന പ്രവർത്തനമായി ഈ ചലച്ചിത്രമേളയെ കാണണം.

ചലച്ചിത്രമേളയുടെ സംഘാടനം കുട്ടികൾ തന്നെ ചെയ്യുന്നതാവും ഉചിതം. പ്രദർശിപ്പിക്കുന്ന ചിത്രങ്ങളെക്കുറിച്ച് കുട്ടികളുമായി നേരത്തെ ആശയവിനിമയം നടത്തണം. ചലച്ചിത്രമേളയ്ക്ക് ആവശ്യമായ പോസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവ അവർ തന്നെ തയാറാക്കട്ടെ.

പാഠപുസ്തകത്തിൽ നൽകിയ മാതൃകയിൽ പ്രദർശിപ്പിക്കുന്ന മറ്റ് സിനിമകളുടെയും സിനോപ്സിസ് തയാറാക്കട്ടെ. ചിത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിക്കിപീഡിയയിൽ നിന്ന് ശേഖരിക്കാം.

ഓരോ ചലച്ചിത്രത്തിന്റെയും പ്രദർശനത്തിന് മുമ്പായി ചിത്രത്തെ അവതരിപ്പി

ച്ചുകൊണ്ടും കഥാസൂചന നൽകിക്കൊണ്ടും കുട്ടികൾ ആമുഖ ഭാഷണം നടത്തട്ടെ. സിനിമയുടെ പ്രമേയം, ലഭിച്ച പുരസ്കാരങ്ങൾ, പ്രധാന സാങ്കേതിക പ്രവർത്തകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഇന്റർനെറ്റിൽനിന്നും ശേഖരിക്കട്ടെ.

മേളയിൽ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ചിത്രങ്ങൾ ഉൾപ്പെടുത്തണം. കഥാചിത്രങ്ങൾ, ഡോക്യുമെന്ററികൾ, അനിമേഷൻ സിനിമകൾ, ഹ്രസ്വചിത്രങ്ങൾ മുതലായവയുടെ പ്രാതിനിധ്യം ഉറപ്പാക്കണം. പ്രദർശിപ്പിക്കുന്ന എല്ലാ ചിത്രങ്ങളും അധ്യാപിക മുൻകൂട്ടി കാണുകയും ഉത്തരവാദിത്വപൂർണമായ ആസ്വാദനം ഉറപ്പിക്കുന്നതിനായി കുട്ടികൾക്ക് ചില പ്രവർത്തനങ്ങൾ നൽകുകയും വേണം. ചലച്ചിത്രത്തിന്റെ കേന്ദ്ര പ്രമേയം തിരിച്ചറിയുന്നതിനുള്ള ചോദ്യങ്ങളോ ചർച്ചാസൂചകങ്ങളോ നൽകാം. ചലച്ചിത്രപ്രദർശനത്തിനുശേഷം കുട്ടികൾ അവയെ അധികരിച്ചുള്ള ചർച്ചകളിൽ ഏർപ്പെടട്ടെ.

പ്രദർശിപ്പിക്കുന്ന ചിത്രങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എടുക്കുകയും വ്യക്തിഗതമായി, മികച്ച ചിത്രങ്ങളെക്കുറിച്ച് ആസ്വാദനങ്ങളും നിരൂപണങ്ങളും എഴുതി തയാറാക്കുകയും വേണം.

പ്രദർശിപ്പിക്കാവുന്ന ചലച്ചിത്രങ്ങൾ

**ഫീച്ചർ സിനിമകൾ**

ബൈസിക്ക്ൾ തീവ്സ് – വിക്ടോറിയാ ഡിസീക്ക

പഥേർ പാഞ്ചാലി – സത്യജിത് റായ്

മേഘാധക്കാതാരാ – ഋത്വിക് ഘട്ടക്ക്

ബറാൻ – മജീദ് മജീദി

**ഡോക്യുമെന്ററികൾ**

നൈറ്റ് & ഫോഗ് – അലൻ റെനെ

കൈപ്പാട് – ബാബു കാമ്പ്രത്ത്

**ഹ്രസ്വചിത്രങ്ങൾ**

ഇൻസിഡന്റ് അറ്റ് ഓൾ ക്രീക്ക് – റോബർട്ടോ എന്റിക്കോ

തട്ടുമ്പൊറത്തപ്പൻ – സുദേവൻ

കേൾക്കുന്നുണ്ടോ – ഗീതു മോഹൻദാസ്

ചെയറി ടേൽ – നോർമ്മാൻ മക്‌ലോറൻ

**അനിമേഷൻ ചിത്രങ്ങൾ**

ഫ്ളവേർസ് & ട്രീസ് – വാൾട്ട് ഡിസ്നി

ഹ്രസ്വചിത്രങ്ങളും അനിമേഷനുകളും യുട്യൂബ് പോലുള്ള വീഡിയോ സൈറ്റുകളുടെ സേവനം ഉപയോഗിച്ച് പ്രദർശിപ്പിക്കാവുന്നതാണ്.

## വ്യാകരണ പ്രവർത്തനം

രണ്ടു വാക്യങ്ങൾ കുട്ടികൾ വിശകലനം ചെയ്യട്ടെ.

- അവൻ വീട്ടിൽ പോയി.
- അവന്റെ കുട കളഞ്ഞുപോയി.

രണ്ടു വാക്യങ്ങളിലെയും ക്രിയാപദങ്ങൾ കണ്ടെത്തട്ടെ.

ആദ്യവാക്യത്തിൽ പോയി എന്നതാണ് ക്രിയാപദം. രണ്ടാം വാക്യത്തിൽ കളഞ്ഞു, പോയി എന്നിങ്ങനെ രണ്ടു ക്രിയാപദങ്ങളുണ്ടല്ലോ. പോയി എന്ന ക്രിയാരൂപത്തിന് രണ്ടു വാക്യങ്ങളിലും ഒരേ

അർഥമാണോ ഉള്ളത്?

രണ്ടാമത്തെ വാക്യത്തിൽ പോയി എന്ന പദത്തിന് ക്രിയാരൂപം തന്നെയാണെങ്കിലും ക്രിയാർഥം സൂചിപ്പിക്കുകയെന്ന ധർമമല്ല അവിടെയുള്ളത്. കളഞ്ഞു എന്ന ക്രിയയുടെ അർഥത്തിലേക്ക് ചില അധിക സൂചനകൾ കൂട്ടിച്ചേർക്കുകയാണ് 'പോയി' ചെയ്യുന്നത്. എന്താവാം ആ അധിക സൂചനകൾ? കുട നഷ്ടമായത് അവൻ അറിഞ്ഞുകൊണ്ടല്ലെന്ന അർഥം അതിൽ നിന്ന് കിട്ടുന്നുണ്ട്. അവന് അതുകൊണ്ട് മനോവിഷമമുണ്ടെന്ന സൂചനയും അതിലുണ്ട്. ഇങ്ങനെ ഒരു ക്രിയാപദത്തിന് അധികാർഥസൂചന നൽകുന്നതിനായി അതിനു പിന്നാലെ ചേർക്കുന്ന ക്രിയാപദത്തെ അനുപ്രയോഗമെന്നാണു പറയുന്നത്.

*"അനുപ്രയോഗേണ ധാത്വർഥോ*

*ബലാദന്യത്ര നീയതേ"*

എന്ന് പ്രമാണം. അനുപ്രയോഗം കൊണ്ട് ക്രിയാധാതുവിന്റെ അർഥം മറ്റൊരിടത്തേക്ക് നയിക്കപ്പെടുന്നു.

ഈ ധാരണയുടെ വെളിച്ചത്തിൽ പാഠപുസ്തകത്തിലെ നാലു വാക്യങ്ങൾ വിശകലനം ചെയ്യട്ടെ.

- ഒന്നാംവാക്യത്തിൽ ക്രിയാരൂപമായ നിർമിക്കുകയായി എന്നതിന്റെ അർഥത്തെ ഇരുന്നു എന്ന അനുപ്രയോഗം പോഷിപ്പിക്കുന്നു. ആ ചെയ്തത് നന്നായില്ല എന്ന അർഥമാണ് അനുപ്രയോഗം കൊണ്ട് വാക്യത്തിന് വന്നുചേർന്നത്.
- രണ്ടാം വാക്യത്തിൽ വരവും പോക്കും ഇടയ്ക്കിടെ ആവർത്തിച്ച് സംഭവിച്ചു എന്ന പ്രതീതി ലഭിക്കുന്നു.
- അവൾ ആഴ്ചതോറും വീട്ടിൽ പോകും. ഇവിടെ ഒരു വ്യത്യാസം ശ്രദ്ധിക്കേണ്ടതുണ്ട്. 'പോകും' ഇവിടെ അനുപ്രയോഗമല്ല. എന്തുകൊണ്ട്? അതിനുമുമ്പ് വേറൊരു ക്രിയാരൂപമില്ല. എങ്കിലും 'പോകും' വാക്യത്തിൽ ഭാവ്യർഥസൂചകമല്ല. 'തോറും' എന്ന വിശേഷ ശബ്ദം വന്നതിനാൽ വാക്യത്തിന് എല്ലാ ആഴ്ചയിലും വീട്ടിൽപോകുന്നത് അവളുടെ ശീലമാണെന്നർഥം വരുന്നു.
- നാലാം വാക്യത്തിൽ വരുന്നു എന്ന ക്രിയാപദം അനുപ്രയോഗം തന്നെയാണ്. ശനിയാഴ്ചകൾ എന്ന ബഹുവചനവും 'വരുന്നു' എന്ന പ്രയോഗവും ഒന്നിച്ചു വന്നപ്പോൾ മുടക്കമില്ലാതെ ഏറെക്കാലമായി നടക്കുന്നുണ്ട് എന്ന അർഥം കിട്ടുന്നു.

കാലസൂചനാസൂചകങ്ങളായ അംശങ്ങൾ ചിലയിടങ്ങളിൽ വാക്യത്തിന്റെ അർഥത്തിന് പുതിയ ദിശകൾ പകരുന്നു എന്ന ബോധം വിദ്യാർഥികൾക്കുണ്ടാകുന്നു.

ഇത്തരം ഭാഷാപ്രയോഗങ്ങൾ അവർ നിർമിക്കട്ടെ. അവയുടെ സവിശേഷതകൾ വിവരിക്കലും വേണം. വിദ്യാർഥികൾ തന്നെ ഈ പ്രവർത്തനം വിലയിരുത്തട്ടെ.

## യൂണിറ്റ് ഫ്രെയിം

## കാഴ്ച

യൂണിറ്റ് - 2

| ആശയധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • ചലച്ചിത്രഗാനങ്ങൾക്ക് നമ്മുടെ സംസ്കാരത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. | • ചലച്ചിത്രഗാനങ്ങളിലെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുകയും അവയിലെ സാംസ്കാരിക മുദ്രകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യുന്നു. | • ദൃശ്യങ്ങളിൽ തെളിയുന്ന സാംസ്കാരിക മുദ്രകൾ തിരിച്ചറിയുകയും അവയെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. |
| • ചലച്ചിത്രങ്ങളിൽ ഗാനങ്ങൾക്ക് പലവിധത്തിലുള്ള പ്രസക്തിയാണുള്ളത്. | • ചലച്ചിത്രഗാനങ്ങളുടെ പ്രസക്തിയെയും പ്രാധാന്യത്തെയും കുറിച്ച് സംവാദങ്ങളിൽ ഏർപ്പെടുന്നു. | • ആനുകാലിക വിഷയങ്ങളെക്കുറിച്ച് ധാരണകൾ നേടുകയും അവ ഔചിത്യപൂർവ്വം അവതരിപ്പിക്കുകയും ചെയ്യുന്നു. |
| • ജനപ്രിയ സിനിമകൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന സ്വാധീനം വളരെ ശക്തമാണ്. | • വ്യത്യസ്ത ജനപ്രിയ സിനിമകളെ അപഗ്രഥിച്ച് അവയുടെ പൊതു സ്വഭാവങ്ങളെക്കുറിച്ചു സംവാദനം നടത്തുന്നു. | • സിനിമയും സമൂഹവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്ക്കരിക്കുന്നു. |
| • ജനപ്രിയത സൃഷ്ടിക്കുന്നതിന് സിനിമയ്ക്ക് അതിന്റേതായ തന്ത്രങ്ങളും ഉപാധികളുമുണ്ട്. | • ജനപ്രിയ സിനിമകളുടെ പൊതുവായ സവിശേഷതകൾ സൂക്ഷ്മമായി വിശകലനം ചെയ്യാനും വിമർശനാധിഷ്ഠിതമായി അവയെ നോക്കിക്കാണാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • ദൃശ്യഭാഷയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് അവ വിശദീകരിക്കുന്നു. |

| ആശയധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
| --- | --- | --- |
| • ക്ലാസിക് സിനിമകൾ പരിചയപ്പെടുന്നതിലൂടെ മാത്രമേ ഉയർന്ന ദൃശ്യസംസ്കാരം രൂപപ്പെടുകയുള്ളൂ. | • ചലച്ചിത്രമേള സംഘടിപ്പിക്കുകയും ക്ലാസിക് ചലച്ചിത്രങ്ങൾ ആസ്വദിക്കുകയും ചെയ്യുന്നു. | • ക്ലാസിക് സിനിമകൾ ആസ്വദിച്ച് ആസ്വാദനക്കുറിപ്പുകൾ, നിരൂപണങ്ങൾ മുതലായവ തയാറാക്കുന്നു. |
| • എക്കാലത്തെയും മികച്ച സിനിമയായി പരിഗണിക്കുന്നതിനുള്ള ഒട്ടേറെ ഘടകങ്ങൾ സൈക്കിൾ മോഷ്ടാക്കളിലുണ്ട്. | • സൈക്കിൾ മോഷ്ടാക്കൾ എന്ന ചലച്ചിത്രം കാണുകയും നിരൂപണങ്ങൾ വായിക്കുകയും ചെയ്ത് ചിത്രത്തിന്റെ സവിശേഷതകളെക്കുറിച്ച് ധാരണ നേടുന്നു. | • ക്ലാസിക് ചലച്ചിത്രങ്ങളെ സൂക്ഷ്മമായി വിലയിരുത്തി സവിശേഷതകൾ പൊതുവായി അവതരിപ്പിക്കുന്നു. |
| • സാമൂഹികാവബോധം രൂപപ്പെടുത്തുന്നതിൽ ഹ്രസ്വ, ഡോക്യുമെന്ററി സിനിമകൾക്ക് ഇന്ന് വലിയ പ്രാധാന്യമുണ്ട്. | • ഹ്രസ്വസിനിമകളും ഡോക്യുമെന്ററികളും കണ്ട് അവയുടെ സാമൂഹിക പ്രസക്തിയെക്കുറിച്ചു ചർച്ച ചെയ്യുന്നു. അവ മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാടുകൾ സമകാലിക സമൂഹത്തിൽ എത്ര പ്രസക്തമാണെന്ന് തിരിച്ചറിയുന്നു. | • ഹ്രസ്വ, ഡോക്യുമെന്ററി സിനിമകളുടെ പ്രമേയം തിരിച്ചറിഞ്ഞ് വിവിധ രചനകൾ തയാറാക്കുന്നു. |
| • പരസ്യങ്ങൾക്ക് അവയുടേതായ ഭാഷയും അവ നിർവ്വഹിക്കുന്ന സവിശേഷമായ ധർമ്മങ്ങളുമുണ്ട്. | • ദൃശ്യമാധ്യമങ്ങളിലെ പരസ്യങ്ങൾ വിശകലനം അവ എന്തു സന്ദേശമാണ് നൽകുന്നത് എന്ന് ചർച്ച ചെയ്യുന്നു. | • ദൃശ്യങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്ത് ഒളിഞ്ഞിരിക്കുന്ന അർത്ഥതലങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു. |